# പ്രബുദ്ധകേരളം

നവംബർ 2021

107 – ാം പ്രസിദ്ധീകരണത്തിന്റെ വർഷം

ശ്രീരാമകൃഷ്ണസംഘത്തിന്റെ
മലയാള മുഖപത്രം

വാർഷിക വരിസംഖ്യ ₹150
ഒറ്റപ്രതി ₹15

ISSN 2582-8991







ശാസ്ത്രവും മതവും
വേദാന്തത്തിന്റെ മദ്ധ്യസ്ഥതയിൽ
– മിഥുൻ. പി



സ്വാമി വിവേകാനന്ദനും
നേതാജി സുഭാഷ് ചന്ദ്രബോസും
– പ്രൊഫ. എസ്. രാധാകൃഷ്ണൻ

prabuddhakeralampk

## ശ്രീരാമകൃഷ്ണമഠത്തിന്റേയും രാമകൃഷ്ണ മിഷന്റേയും ആഗോള തലസ്ഥാനമായ ബേലൂർമഠത്തിൽ നടന്ന 'ദുർഗ്ഗാപൂജാ' ആഘോഷങ്ങൾ(2021, ഒക്ടോബർ 12–14).









## വിവേകാനന്ദ യൂത്ത് ഗ്രൂപ്പിന്റെ വാർഷികാഘോഷവും കേരളത്തിലെ യുവാക്കൾക്കായി നടത്തിയ 'വിവേകായനം 2021' മത്സരത്തിന്റെ സമ്മാനവിതരണവും(2021, സെപ്തംബർ 11).



ശ്രീരാമകൃഷ്ണമഠത്തിനു കീഴിൽ പ്രവർത്തിച്ചു വരുന്ന വിവേകാനന്ദ യൂത്ത് ഗ്രൂപ്പ് കേരളത്തിലുടനീളമുള്ള വിദ്യാർത്ഥികൾക്കുവേണ്ടി സംഘടിപ്പിച്ച 'വിവേകായനം 2021' മത്സര പരിപാടിയുടെ സമ്മാനവിതരണവും വിവേകാനന്ദ യൂത്ത് ഗ്രൂപ്പിന്റെ ഒന്നാം വാർഷികവും പ്രൗഢമായി സമാചരിച്ചു.

ബഹുമാനപ്പെട്ട കേരള ചീഫ് സെക്രട്ടറി ഡോ.വി.പി ജോയ് ഐ.എ.എസ്, ഹോക്കി താരം ശ്രീ പി.ആർ ശ്രീജേഷ്, പൂജനീയ സ്വാമി വീരഭദ്രാനന്ദ, സ്വാമി സദ്ഭവാനന്ദ, സ്വാമി നന്ദാത്മജാനന്ദ, ഡോ. രാമകൃഷ്ണ വേണുഗോപാൽ തുടങ്ങിയ പ്രമുഖ വ്യക്തികളുടെ സാന്നിധ്യത്താലും ഗ്രൂപ്പിലെ അംഗങ്ങളായ ശ്രീ. ശ്രീകേഷ് എം.കെ, ശ്രീ. ഷിബിൻ ടി.കെ., ശ്രീ. ധർമ്മ തീർത്ഥൻ, ശ്രീ. ശ്രീരാഗ് ഭരതൻ, കൈലാസ്നാഥ് വി., കലാമണ്ഡലം ശ്രീ ജിഷ്ണു പ്രതാപ്, ശ്രീ. ആഷ്ബിൻ അനിൽ, ശ്രീ. മനോജ് ഉണ്ണികൃഷ്ണൻ എന്നിവരുടെ കലാപരിപാടികളാലും ആഘോഷങ്ങൾ ധന്യമായി. ഓൺലൈനായി അഞ്ഞൂറോളം പേർ പരിപാടിയിൽ പങ്കെടുത്തു.

## തൃശ്ശൂർ പുറനാട്ടുകര ശ്രീരാമകൃഷ്ണമഠത്തിന്റെ ശാഖയായ പൂങ്കുന്നം വിവേകാനന്ദ വിജ്ഞാനഭവനിൽ പുനർനിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിക്കപ്പെട്ട ബുക്ക് സ്റ്റാൾ. ബുക്ക് സ്റ്റാളിന്റെ ഉദ്ഘാടനം ശ്രീമദ് സ്വാമി സ്വപ്രഭാനന്ദജി മഹാരാജ് നിർവ്വഹിച്ചു(2021, ഒക്ടോബർ 6). ശ്രീരാമകൃഷ്ണമഠത്തിലെ മുതിർന്ന സ്വാമിമാരുൾപ്പടെ മുപ്പതോളം സന്ന്യാസിമാർ പരിപാടിയിൽ പങ്കെടുത്തു.





ആത്മനോ മോക്ഷാർത്ഥം ജഗദ്ധിതായ ച

# പ്രബുദ്ധകേരളം

PRABUDDHAKERALAM

Sri Ramakrishna Math, Puranattukara P.O., Thrissur - 680 551, Kerala.
Ph: 0487-2307719, E-mail: rkmtsr.pk@gmail.com, Website. www.rkmthrissur.org

വാല്യം-107 നമ്പർ-11 നവംബർ 2021 (1197 തുലാം - വൃശ്ചികം)


## ഉള്ളടക്കം

### പഠനം




709 *ശാസ്ത്രവും മതവും വേദാന്തദർശനത്തിന്റെ മദ്ധ്യസ്ഥതയിൽ*
*- മിഥുൻ. പി*




### പ്രചോദനം


717 സ്വാമി വിവേകാനന്ദനും നേതാജി സുഭാഷ് ചന്ദ്രബോസും
*- പ്രൊഫ. എസ്. രാധാകൃഷ്ണൻ*


### പുസ്തകപരിചയം


729 *ധരംപാൽ സമ്പൂർണ്ണ സാഹിത്യവും*
*18-ാം നൂറ്റാണ്ടിലെ ഭാരതീയ ശാസ്ത്രസാങ്കേതികരംഗവും*
*- പരിഭാഷ : എം. പി. സുരേഷ്, ആലുവ.*


### കവിത


714 *ദൈവദശകം*
- ശ്രീമദ് സ്വാമി വേദാർത്ഥാനന്ദ

726 *രാമായണക്കിളി*
*- പ്രൊഫ. അമ്പലപ്പുഴ ഗോപകുമാർ*


### സ്ഥിരം പംക്തികൾ


700 സുഭാഷിതം, മുഖചിത്രം

701 അമൃതവാണി

702 ശ്രീരാമകൃഷ്ണവചനാമൃതം

703 മുഖമൊഴി
*-സ്വാമി നന്ദാത്മജാനന്ദ*

706 ശ്രീ ശാരദാദേവിയുടെ മഹദ്വചനങ്ങൾ

707 വേദാന്തത്തിലെ ഭക്തിപാഠങ്ങൾ
*- ശ്രീമദ് തപസ്യാനന്ദസ്വാമികൾ*
വിവ: എം. ആർ. കാർത്തികേയൻ നായർ

716 കലാലയവീഥി
*- ദീപക് വേണുഗോപാൽ*

728 ഔഷധസസ്യപരിചയം
*- ഡോ. അക്ഷയ് എം. വിജയ്*

734 ബാലരംഗം
*- കുഞ്ഞുക്കുട്ടൻ നമ്പൂതിരി*

735 യോഗവാസിഷ്ഠരാമായണം
-ശ്രീമദ് സ്വപ്രഭാനന്ദസ്വാമികൾ

740 വാർത്തകൾ

740 വായനക്കാരുടെ കത്തുകൾ

743 മഹാഭാരതം ചിത്രകഥ
- സ്വാമി രാഘവേശാനന്ദ


*Cover design by : Swami Nandatmajananda*


**വരിക്കാരാകാനും പുതുക്കാനും**

**പ്രബുദ്ധകേരളം**

**ഒരു വർഷത്തേക്ക് 150 രൂപ/10 വർഷത്തേക്ക് 1500 രൂപ/ഒറ്റ കോപ്പി 15 രൂപ**

മണി ഓർഡർ/ഡി.ഡി. **Sri Ramakrishna Math, Puranattukara P.O., Thrissur-680551** എന്ന വിലാസത്തിൽ അയയ്ക്കുകയോ തുക മഠത്തിന്റെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേക്ക് **(Sri Ramakrishna Math, A/c No.0269104000233880, IFSC:IBKL0000269; IDBI Bank, Saving Account, Thrissur)** ട്രാൻസ്ഫർ ചെയ്യുകയോ ചെയ്യാം. മണി ട്രാൻസ്ഫർ ആണെങ്കിൽ ഇ.മെയിലിലൂടെ അല്ലെങ്കിൽ ഫോൺമുഖേന തുക ലഭിച്ചുവെന്നു ദയവായി ഉറപ്പുവരുത്തുമല്ലോ. **E-mail: rkmtsr.pk@gmail.com (ഫോൺ : 0487 2307719).**
പ്രബുദ്ധകേരളത്തിന്റെ ഓൺലൈൻ എഡിഷൻ - Website : www.rkmthrissur.org വെബ്സൈറ്റ് സന്ദർശിച്ച് ഓൺലൈനിലൂടെയും പ്രബുദ്ധകേരളം വരിക്കാരാകാവുന്നതാണ്.




## മുഖചിത്രം

ദീപങ്ങളുടെ ഉത്സവമായ ദീപാവലിയ്ക്ക് ആന്തരികമായ ഒരു തലംകൂടിയുണ്ട്. മനസ്സിന്റെ അന്ധകാരം മാറ്റിയെടുക്കുക എന്നതാണത്. പ്രകാശത്തെയും അറിവിനെയും ജീവിതത്തിന്റെ കേന്ദ്രമാക്കിത്തീർക്കാനാണു ദീപാവലി നമ്മെ ഉദ്ബോധിപ്പിക്കുന്നത്. ജീവൻ ഇരുട്ടിലാണു പൊയ്ക്കൊണ്ടിരിക്കുന്നത് എന്നു മനസ്സിലാക്കാനാവുന്നത് അല്പമെങ്കിലും പ്രകാശം ഉള്ളിലേയ്ക്കു കടന്നുവരുമ്പോഴാകുന്നു. ഈ ലോകജീവിതത്തെ കൃത്യമായി തിരിച്ചറിയാനുള്ള വിവേകവും പ്രകാശവും ഉള്ളിലേയ്ക്കു കടന്നുവരാൻ നാം ആഗ്രഹിക്കുകയെങ്കിലും ചെയ്യുമ്പോൾ ദീപാവലി എന്ന ആഘോഷത്തെ ആന്തരികമായി ഉപയോഗപ്പെടുത്തി എന്നു കരുതാം.



## സുഭാഷിതം

*"ആപത്സു മിത്രം ജാനീയാത്
യുദ്ധേ ശൂരമൃണേ ശുചിം
ഭാര്യാം ക്ഷീണേഷു വിത്തേഷു
വ്യസനേഷു ച ബാന്ധവാൻ"*

**അർത്ഥം:** ആപത്തുകാലത്തു മിത്രത്തേയും യുദ്ധകാലത്തു ശൂരനേയും കടംവന്ന സമയത്തു സ്വഭാവഗുണമുള്ളവനേയും ധനം നശിച്ച ഘട്ടത്തിൽ ഭാര്യയേയും വ്യസനം അനുഭവിക്കുമ്പോൾ ബന്ധുക്കളേയും മനസ്സിലാക്കുക(സുഭാഷിത ഭാണ്ഡാഗാരം).

മിത്രത്തേയും ശൂരനേയും സ്വഭാവഗുണമുള്ളവനേയും ഭാര്യയേയും ബന്ധുക്കളേയും പ്രകൃതി കാണിച്ചു തരുന്നു. സൂര്യൻ, ചന്ദ്രൻ, ശിവൻ, കാർത്തികേയൻ, ശുക്രൻ, അഗ്നി, ബ്രഹ്മജ്ഞാനി, ഗ്രീഷ്മകാലം, കൊടുവേലി മുതലായ നിരവധി അർത്ഥങ്ങൾ 'ശുചിഃ' എന്ന ശബ്ദത്തിനുണ്ടെങ്കിലും പവിത്രതയുള്ളവൻ എന്ന അർത്ഥമാണു കൂടുതൽ ചേരുക. സ്നേഹത്താൽ മനസ്സിനെ ബന്ധിക്കുന്ന ആളാണു ബന്ധു(സ്നേഹേന ബധ്നാതി മനഃ ഇതി ബന്ധുഃ). ഉത്തമ ബന്ധുവുണ്ടെങ്കിൽ ദോഷങ്ങളെപ്പോലും ഗുണമുള്ളതാക്കി മാറ്റാമല്ലോ.

*സമ്പാദനം: നാരായണൻ ഭട്ടതിരിപ്പാട്, 9447995474*



## വിശേഷ ദിവസങ്ങൾ

**ശ്രീരാമകൃഷ്ണദേവന്റെ അന്തരംഗശിഷ്യന്മാരുടെ ജന്മദിനം**



**സ്വാമി സുബോധാനന്ദ**
2021 നവംബർ 16, ചൊവ്വ



**സ്വാമി വിജ്ഞാനാനന്ദ**
2021 നവംബർ 18, വ്യാഴം



**ദീപാവലി**
2021 നവംബർ 4, വ്യാഴം



**ഏകാദശി**
2021 നവംബർ 1 തിങ്കൾ,
15 തിങ്കൾ, 30 ചൊവ്വ

ഏകാദശി ദിവസങ്ങളിൽ പുറനാട്ടുകര ശ്രീരാമകൃഷ്ണമഠത്തിൽ വൈകിട്ട് രാമനാമസങ്കീർത്തനം ഉണ്ടായിരിക്കും.



അമൃതവാണി

വാല്യം - 107 നവംബർ 2021 ലക്കം - 11

## നമ്മുടെ കർത്തവ്യം

ഭാരതത്തിലെ തിന്മകളുടെയെല്ലാം ചുവടു പാവപ്പെട്ടവരുടെ നില ഒന്നുമാത്രം. പടിഞ്ഞാറുള്ള പാവങ്ങൾ ചെകുത്താന്മാർതന്നെ, അവരോടു തട്ടിച്ചുനോക്കിയാൽ നമ്മുടെ പാവങ്ങൾ 'മാലാഖ'മാരാണ്, അതിനാൽ നമ്മുടെ പാവങ്ങളെ ഉയർത്തുക അത്രമാത്രം സുകരവുമാണ്. നമ്മുടെ താഴ്ന്ന കൂട്ടർക്കുവേണ്ടി ചെയ്യേണ്ട ഒരേ ഒരു സേവനം അവർക്കു വിദ്യാഭ്യാസം നല്കുകയാണ്. അവരുടെ നഷ്ടപ്പെട്ട വ്യക്തിത്വം വികസിപ്പിക്കുക. നമ്മുടെ ജനസഞ്ചയവും രാജാക്കന്മാരും ചേർന്നു ചെയ്യേണ്ട വമ്പിച്ച ജോലി ഇതാണ്. ഈ ഉന്നംവെച്ച് ഇതുവരെ ഒന്നും ചെയ്തിട്ടില്ല. ശതകങ്ങളായി പൗരോഹിത്യ ശക്തിയും വൈദേശികാക്രമണവും ചേർന്നു നമ്മുടെ പാവങ്ങളെ ചവുട്ടിമെതിക്കയായിരുന്നു. ഭാരതത്തിലെ പാവങ്ങൾ, അവർ മനുഷ്യരാണെന്ന കഥപോലും ഒടുവിൽ മറന്നുപോയിരിക്കയാണ്. അവർക്ക് ആശയങ്ങൾ നല്കണം. ചുറ്റുമുള്ള ലോകത്തിൽ നടക്കുന്ന സംഗതികൾ കാണാൻ അവരുടെ കണ്ണു തുറക്കണം. അപ്പോൾ അവർ സ്വന്തം രക്ഷ സ്വയം നേടിക്കൊള്ളും. ഓരോ ജനതയും ഓരോ പുരുഷനും ഓരോ സ്ത്രീയും തനതു രക്ഷ പ്രയത്നിച്ചുനേടണം. അവർക്ക് ആശയങ്ങൾ നല്കുക. അവർക്കു വേണ്ടുന്ന സഹായം അതുമാത്രം: ശേഷമെല്ലാം, ഫലരൂപേണ, ഉണ്ടായിക്കൊള്ളും. രാസക്രിയയ്ക്കു വേണ്ടുന്ന ഘടകങ്ങൾ ചേർത്തുവെയ്ക്കുക: മൂർത്തീകരണം പ്രകൃതിനിയമങ്ങൾക്കൊത്തു നടന്നുകൊള്ളും. അവരുടെ തലയിൽ ആശയങ്ങൾ നിറയ്ക്കുക: ശേഷം അവർതന്നെ ചെയ്തുകൊള്ളും. ഇതാണു ഭാരതത്തിൽ ചെയ്യേണ്ട കാര്യം. ഇതെനിക്കു ഭാരതത്തിൽ നിറവേറ്റാൻ കഴിഞ്ഞില്ല. അതുകൊണ്ടാണു ഞാൻ ഈ നാട്ടിലേക്കു വന്നത്. പാവങ്ങൾക്കു വിദ്യാഭ്യാസം നല്കുന്നതിലുള്ള വലിയ വൈഷമ്യം ഇതാണ്. ഓരോ ഗ്രാമത്തിലും സൗജന്യവിദ്യാഭ്യാസം നല്കുന്ന ഓരോ വിദ്യാലയം തിരുമനസ്സു തുറപ്പിക്കുന്നു എന്നു വന്നാലും, അതുകൊണ്ടു(വലിയ) നന്മയൊന്നും വരുകയില്ല. കാരണം, ഭാരതത്തിലെ കടുത്ത ദാരിദ്ര്യം. പാവപ്പെട്ട കുട്ടികൾ പിതാക്കന്മാരെ സഹായിക്കാൻ പാടത്തുപോകയോ മറ്റുതരത്തിൽ കാലക്ഷേപമാർഗ്ഗം തിരക്കയോ ആകും ചെയ്യുക: അല്ലാതെ പള്ളിക്കൂടങ്ങളിൽ പോകയാവില്ല. മല മുഹമ്മദിന്റെ അടുക്കൽ വരുന്നില്ലെങ്കിൽ, മുഹമ്മദു മലയിലേക്കു പോകണം. പാവപ്പെട്ട പയ്യനു വിദ്യാഭ്യാസം തേടി വരാൻ വയ്യെങ്കിൽ വിദ്യാഭ്യാസം അവനെ തിരക്കിച്ചെല്ലണം. നമ്മുടെ നാട്ടിൽ ഏകാഗ്രനിഷ്ഠയും ആത്മത്യാഗവുമുള്ള ആയിരമായിരം സന്ന്യാസിമാരുണ്ടു മതം പഠിപ്പിച്ചുകൊണ്ടു ഗ്രാമം തോറും നടക്കുന്നു: അവരിൽച്ചിലരെ മതേതരമായ അറിവു കൊടുക്കുന്നവർകൂടിയായി സംഘടിപ്പിച്ചാൽ, ഓരോ ദിക്കിലും ചെന്നു, വീടുതോറും നടന്ന്, മതം പ്രചരിപ്പിക്കമാത്രമല്ല, പഠിപ്പിക്കയും ചെയ്യും. ഇവരിൽ രണ്ടുപേർ വൈകുന്നേരം ഒരു ഗ്രാമത്തിലേക്കു 'ക്യാമറ'യും ഭൂഗോളവും ഭൂപടങ്ങളും മറ്റും കൊണ്ടുചെന്നെന്നു വിചാരിക്കുക: ധാരാളം ജ്യോതിഃശാസ്ത്രവും ഭൂമിശാസ്ത്രവും അറിവില്ലാത്തവർക്കു പറഞ്ഞുകൊടുക്കാം. പല ജനതകളെപ്പറ്റിയുള്ള കഥകൾ പറഞ്ഞ് ഒരായുഷ്കാലം മുഴുവൻകൊണ്ടു പുസ്തകങ്ങളിലൂടെ കിട്ടാവുന്നതിന്റെ നൂറുമടങ്ങ് അറിവ്, പാവങ്ങൾക്കു ചെവിയിലൂടെ നല്കാൻ കഴിയും. ഇതിനായി ഒരു സംഘടനവേണം. എന്നുവെച്ചാൽ പണം വേണമെന്നർത്ഥം. ഈ പദ്ധതിയനുസരിച്ചു പ്രവർത്തിക്കാൻ ഭാരതത്തിൽ വേണ്ടത്ര ആളുകളുണ്ട്: പക്ഷേ, കഷ്ടം, അവർക്കു പണമില്ല. ഒരു ചക്രം കറക്കിവിടുക വളരെ വിഷമമുള്ള കാര്യമാണ്: പക്ഷേ, ഒരിക്കൽ കറക്കിവിട്ടാൽ, കൂടുതൽ കൂടുതൽ വേഗത്തിൽ അതു ചലിച്ചുകൊണ്ടിരിക്കും. എന്റെ നാട്ടിൽ സഹായം തേടുകയും ധനികരുടെ സഹാനുഭൂതി നേടുന്നതിൽ പരാജയപ്പെടുകയും ചെയ്തതിനുശേഷം, ഞാൻ തിരുമനസ്സിലെ തുണയോടുകൂടി ഈ നാട്ടിലെത്തി. ഭാരതത്തിലെ പാവങ്ങൾ മരിക്കട്ടെ, ജീവിക്കട്ടെ, അമേരിക്കർക്ക് അതിൽ ഒട്ടും വകവെയ്പില്ല. എന്തിനവർ വകവെയ്ക്കണം? നമ്മുടെ സ്വന്തം ആളുകൾതന്നെ തനതു സ്വാർത്ഥമല്ലാതെ മറ്റൊന്നും വകവെയ്ക്കുന്നവരല്ലല്ലോ.

ഉദാരനായ രാജൻ, ഈ ജീവിതം ഹ്രസ്വമാണ്. ലോകത്തിലെ പൊള്ളത്തരങ്ങൾ പെട്ടെന്നു മങ്ങിമറയും: മറ്റുള്ളവർക്കുവേണ്ടി ജീവിക്കുന്നവർ മാത്രമേ ജീവിക്കുന്നവരായുള്ളു. ശേഷമുള്ളവർ ജീവിച്ചിരിക്കയല്ല, മരിച്ചിരിക്കയാണ്. അങ്ങയെപ്പോലെ, ഉത്കൃഷ്ടനും ഉദാരചിത്തനും രാജവംശ്യനുമായ ഒരു ഭാരതീയന്നു ഭാരതത്തെ വീണ്ടും തൻകാലിൽ നിർത്തുന്നതിൽ വളരെയൊക്കെ ചെയ്യാൻ കഴിയും: അങ്ങനെ, വരാനിരിക്കുന്ന തലമുറകൾക്ക് ആരാധ്യമാവുന്ന ഒരു പേര് അവശേഷിപ്പിക്കുവാനും സാധിക്കും. ഭഗവാൻ അങ്ങയുടെ ഉദാരഹൃദയത്തിൽ ഭാരതത്തിലെ കഷ്ടപ്പെടുന്നവരും അജ്ഞരുമായ ദശലക്ഷങ്ങളുടെ നേരെ അനുകമ്പയുളവാക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

(വിവേകാനന്ദസാഹിത്യസർവ്വസ്വം, ഭാഗം 3, പേജ് 393 - 395)

# ശ്രീരാമകൃഷ്ണവചനാമൃതം



## വേദാന്തവാഗീശന് ഉപദേശം – സാധുസംഗം ചെയ്യുക

ശ്രീരാമ: 'അഹം, മമ' ഇതാണ് അജ്ഞാനം. ശരിയായ ജ്ഞാനമുണ്ടായാലത്തെ ഭാവമിതായിരിക്കും: 'അല്ലയോ ഭഗവാനേ, അവിടുന്നാണു സകലതും ചെയ്യുന്നത്; അവിടുന്നു മാത്രമാണ് എനിക്കു സ്വജനമായിട്ടുള്ളതും. ഇക്കാണായതൊക്കെ അവിടുത്തെ വക; വീട്. കെട്ടിടം, ഭാര്യ, ബന്ധുക്കൾ, സ്നേഹിതന്മാർ, സമസ്തജഗത്തും സർവ്വവും അവിടുത്തെ വകയാകുന്നു!' നേരേ മറിച്ച്, 'ഒക്കെ ഞാൻ ചെയ്യുന്നു, ഞാനാണു കർത്താവ്; വീടും കെട്ടിടവും ഭാര്യയും മക്കളും സ്നേഹിതന്മാരും വസ്തുക്കളുമെല്ലാം എന്റെ വക,' എന്നു തോന്നുന്നത് അജ്ഞാനമാകുന്നു.

ഒരു ഗുരു ഈവക തത്ത്വങ്ങൾ ശിഷ്യനു പറഞ്ഞുകൊടുക്കുകയായിരുന്നു. ഗുരു പറഞ്ഞു: 'ഈശ്വരൻ നിന്റെ സ്വന്തം; വേറാരും സ്വന്തമല്ല.' ശിഷ്യനപ്പോൾ പറഞ്ഞു: 'ഗുരോ, എന്റെ അമ്മയും ഭാര്യയും മറ്റാളുകളുമൊക്കെ എന്നെ നല്ലവണ്ണം നോക്കുന്നുണ്ട്. എന്നെ കണ്ടില്ലെങ്കിൽ അവർക്കാകപ്പാടെ ഇരുളടഞ്ഞതുപോലെയാണ്. അവർക്കെന്നോടെത്ര സ്നേഹമാണെന്നോ!' ഗുരുവരുളി: 'അതൊക്കെ നിനക്കു വെറുതെ തോന്നുന്നതാണ്. അവരാരും നിന്റെ സ്വന്തമല്ലെന്നു നിനക്കു ഞാൻ കാണിച്ചു തരാം. ഈ ഗുളിക കൈയിൽ വെച്ചോളൂ. വീട്ടിൽചെന്ന് അതും കഴിച്ചു കിടക്കുക. നീ മരിച്ചുപോയി എന്നാളുകൾ വിചാരിക്കും! എന്നാൽ നിനക്കു പുറമെ നടക്കുന്നതൊക്കെ അറിയാൻ കഴിയും; കാണുകയും കേൾക്കുകയുമൊക്കെ ചെയ്യാം. തത്സമയം ഞാൻ അവിടെ വന്നു ചേർന്നുകൊള്ളാം.'

ശിഷ്യനങ്ങനെ ചെയ്തു. വീട്ടിൽ ചെന്നു ഗുളികയും കഴിച്ചു കിടന്നു; കഴിച്ചിട്ട് അനങ്ങാതെ കിടന്നു. അമ്മയും ഭാര്യയും വീട്ടിലുള്ള സകലരും മുറവിളിയായി. ആ സമയത്തു ഗുരു ഒരു വൈദ്യന്റെ വേഷത്തിൽ അവിടെ വന്നു ചേർന്നു. ഒക്കെ കേട്ടുകഴിഞ്ഞു പറഞ്ഞു: 'ഇതിനു മരുന്നുണ്ട്. വീണ്ടും ജീവിച്ചെഴുന്നേല്ക്കും! എന്നാൽ ഒരു കാര്യമുണ്ട്: ഈ മരുന്ന് ആദ്യം ഇയാളുടെ സ്വജനങ്ങളിൽ ആരെങ്കിലും കഴിക്കണം; എന്നിട്ടു വേണം ഇയാൾക്കു കൊടുക്കാൻ. പക്ഷേ ഈ ഗുളിക ആദ്യം കഴിക്കുന്നയാൾ മരിച്ചുപോകും. ഇവിടെ ഇയാളുടെ അമ്മ, ഭാര്യ, ഇക്കാണുന്നവരൊക്കെയുണ്ടല്ലൊ. ആരെങ്കിലും ഒരാൾ ഇതു കഴിക്കാൻ തയ്യാറാകും, തീർച്ച. അതു ചെയ്താൽ പയ്യൻ വീണ്ടും ജീവിക്കും.'

ശിഷ്യനിതൊക്കെ കേൾക്കുന്നുണ്ട്. വൈദ്യൻ ആദ്യം അമ്മയെ വിളിച്ചു. അമ്മ സങ്കടം സഹിക്കാനാവാതെ നിലത്തു പൊടിയിൽ കിടന്നുരുണ്ടു കരയുകയായിരുന്നു. വൈദ്യൻ പറഞ്ഞു: 'അമ്മേ, ഇനി കരയേണ്ട കാര്യമില്ല. ഈ മരുന്നു കഴിക്കൂ, മകൻ എഴുന്നേറ്റു വരും. പക്ഷേ അമ്മ മരിക്കും.' അമ്മ മരുന്നു കൈയിലെടുത്തു പിടിച്ചുകൊണ്ട് ആലോചിച്ചു. വളരെ ആലോചിച്ചശേഷം തേങ്ങിത്തേങ്ങിപ്പറഞ്ഞു 'കുഞ്ഞേ, എനിക്കു വേറെയും കുറെ കുട്ടികളുണ്ട്. ഞാൻ പോയാൽ അവരുടെ ഗതിയെന്താവും എന്നാണു ഞാനാലോചിക്കുന്നത്. ആരവർക്ക് ആഹാരം കൊടുക്കും, ആരവരെ നോക്കും? അവരെ ഓർത്താണു ഞാൻ വിഷമിക്കുന്നത്.' പിന്നെ ഭാര്യയെ വിളിച്ചു മരുന്നു കൈയിൽ കൊടുത്തു. അവരും വല്ലാതെ കരയുകയായിരുന്നു. മരുന്നും കൈയിൽവെച്ചുകൊണ്ട് അവളും ആലോചനയായി. മരുന്നു സേവിച്ചാൽ മരിക്കുമെന്ന് അവൾ കേട്ടിരുന്നു. ഒടുവിൽ അവൾ കരഞ്ഞുകൊണ്ടു പറഞ്ഞു: 'അതേ, അദ്ദേഹത്തിനു വരാനിരിക്കുന്നത് എങ്ങനെയും വന്നു. ഞാൻ മരിച്ചാൽ എന്റെ ഈ പിഞ്ചുകുട്ടികളുടെ അവസ്ഥയെന്താകും? ആരവരുടെ ജീവൻ നിലനിർത്തും? എങ്ങനെ ഞാനീ മരുന്നു കഴിക്കും?' 'അപ്പോഴേയ്ക്കും ശിഷ്യൻ മരുന്നിന്റെ ലഹരിയിൽനിന്നും മുക്തനായി. ആർക്കും ആരും സ്വന്തമായിട്ടില്ല എന്നയാൾക്കു ബോദ്ധ്യമായി. അയാൾ പിടഞ്ഞെഴുന്നേറ്റു ഗുരുവിന്റെ ഒപ്പം സ്ഥലം വിട്ടു. ഗുരു അരുളി; 'നിനക്കു സ്വന്തം ഒരാൾ മാത്രം – ഈശ്വരൻ'

അതുകൊണ്ട് ഈശ്വരന്റെ പാദപദ്മത്തിൽ ഭക്തിയുണ്ടാകുമാറ്, അദ്ദേഹത്തെ നമ്മുടെ സ്വന്തമായി സ്നേഹിക്കാൻ കഴിയുമാറ്, ജീവിക്കുകയാണു വേണ്ടത്. ചുറ്റും ഈ ലോകം കാണുന്നു; അതു രണ്ടു നാളേയ്ക്കു മാത്രം. പിന്നെ ഇതിലൊന്നുമില്ല.

(ശ്രീരാമകൃഷ്ണവചനാമൃതം, രണ്ടാം ഭാഗം, പേജ് 402-404)

# ജീവിതവും പുഷ്പങ്ങളും




സ്വാമി നന്ദാത്മജാനന്ദ - 8281316032

പൂക്കളെപ്പറ്റി പറയുകയാണെങ്കിൽ അവ പ്രകൃതിയൊരുക്കുന്ന വിരുന്നുകളാണ് എന്നു കരുതേണ്ടിയിരിക്കുന്നു. ഒരു വൃക്ഷത്തിനോ ചെടിയ്ക്കോ നൽകാവുന്ന ഏറ്റവും വലിയ ദാനമാകുന്നു അതിന്റെ പൂക്കൾ. വൃക്ഷങ്ങളും ചെടികളും അവയ്ക്കുള്ളതെല്ലാം ലോകത്തിനു നൽകിക്കൊണ്ടേയിരിക്കുന്നു. ഈ ദാനത്തെ പൂക്കളിലാണ് ഏറ്റവും കൂടുതൽ കാണാനാവുന്നത്. പൂക്കൾ അവയുടെ സൗന്ദര്യവും ആകർഷണീയതയുമെല്ലാം ചുറ്റുമുള്ളവർക്കായി പകുത്തു നൽകിക്കൊണ്ടേയിരിക്കുന്നു. ഇപ്രകാരം സ്വന്തമായതെല്ലാം നിസ്വാർത്ഥതയോടെ നൽകിക്കൊണ്ടിരിക്കുന്ന പ്രകൃതിയുടെ പ്രതീകമാകുന്നു പൂക്കൾ. ഇവയ്ക്കു മനുഷ്യജീവിതവുമായും അതിന്റെ സങ്കീർണ്ണ യാഥാർത്ഥ്യങ്ങളുമായും സവിശേഷമായ സാമ്യതകളുണ്ട്. ഈ സാമ്യതകളിലെ ആകർഷണങ്ങളും വ്യത്യസ്തതലങ്ങളുമാണു നാമിവിടെ ചർച്ച ചെയ്യാൻ പോകുന്നത്.

**പൂക്കൾ പ്രകൃതിയുടെതന്നെ പ്രതീകം**

പൂക്കളുടെ ആകർഷണീയതയെപ്പറ്റിയും സൗന്ദര്യത്തെപ്പറ്റിയും വർണ്ണിക്കാത്ത കവികളോ ആസ്വാദകരോ ഒരുപക്ഷേ ലോകത്തുണ്ടാവില്ല. പൂക്കൾ അതിന്റെ ആകർഷണീയതയുൾപ്പടെ എല്ലാംതന്നെ സംഭാവന ചെയ്തുകൊണ്ടിരിക്കുന്നതിനാൽ അവ ത്യാഗത്തിന്റേയും സേവനത്തിന്റേയും ഉത്തമമായ ഉദാഹരണമാകുന്നു. ഒടുവിൽ അവ കൊഴിഞ്ഞുവീണു മണ്ണിൽ വീഴുമ്പോഴും മണ്ണിന്റെ ഗുണനിലവാരം കൂടുന്നു. മനുഷ്യജീവിതത്തിനു നൈർമല്ല്യവും ആനന്ദവും കൈവരുന്നതു ത്യാഗത്തേയും സേവനത്തേയും ചേർത്തുവെക്കുമ്പോഴാണല്ലോ. ചുരുക്കത്തിൽ പൂക്കൾ ജീവിതരഹസ്യങ്ങളിലേക്കുള്ള വാതായനം കൂടിയാകുന്നു. പല മഹാത്മാക്കളും പനിനീർപ്പൂക്കളെ വസ്ത്രത്തോടൊപ്പം ധരിക്കുന്നതും ഇക്കാര്യത്തോടു കൂടി കൂട്ടിവായിക്കാവുന്നതാണ്. സിദ്ധപുരുഷന്മാരെയും അവതാരപുരുഷന്മാരെയും മറ്റും പുഷ്പഹാരങ്ങൾ അണിയിയ്ക്കുന്നതും പൊതുവെ സാധാരണമായ കാര്യമാണല്ലോ. പൂക്കാലമെന്നതും വസന്തകാലമെന്നതുമൊക്കെ പ്രകൃതിയുടെ നിറവിനെക്കുറിക്കുന്ന ഒന്നാകുന്നു. പൂക്കാലത്തിന്റെ സമയത്തുതന്നെയാകുന്നു ഓണമുൾപ്പടെയുള്ള ഊഷ്മളതയെക്കുറിക്കുന്ന പല ആഘോഷങ്ങളും കൊണ്ടാടപ്പെടുന്നതും. ഓണസമയത്തെ പൂക്കളമിടലും ഈ നിറവിനെ സൂചിപ്പിക്കുന്ന ആഘോഷമാകുന്നു. അത്തംമുതൽ തിരുവോണംവരെ ഇടാറുള്ള പൂക്കളത്തിന്റെ വ്യാപ്തി കൂടുന്നതു കാണിക്കുന്നതു നിറയുന്ന മനസ്സിന്റെ വിടർച്ചയും വികാസവുംതന്നെയാകുന്നു.

അതുപോലെതന്നെയാണു പൂക്കളുടെ മൃദുലതയും അതിന്റെ സുഗന്ധവും. ഒരു ചെടിയുടെ ഏറ്റവും മൃദുലമാർന്ന ഭാഗമാകുന്നു പൂക്കൾ. മാത്രമല്ല സുഗന്ധമെന്നതിന്റെ പര്യായമെന്നതുപോലെയാണു പൂക്കളെ കാണാനാവുക. വജ്രം

പോലെ ആദർശത്തിന്റെ കാഠിന്യവും പൂക്കളെപ്പോലെയുള്ള മൃദുലതയുമത്രെ പരിപൂർണ്ണതയെ തേടുന്ന മനുഷ്യനുണ്ടാകേണ്ട സവിശേഷതകളെന്നു പറയപ്പെട്ടിരിക്കുന്നു(വജ്രാദപി കഠോരാണി മൃദൂനി കുസുമാദപി). പൂവിന്റെ സുഗന്ധത്തെ വായു എപ്പോഴുംതന്നെ പകുത്തെടുത്തുകൊണ്ടിരിക്കുകയാണ്. ഇപ്രകാരമത്രെ ജീവനെ മരണം കവർന്നുകൊണ്ടുപോകുന്നതെന്നു ഗീതയിലും പറഞ്ഞിരിക്കുന്നു (വായുർഗ്ഗന്ധാനിവാശയാത്, ഗീത-15.8). പൂക്കളും പൂച്ചെണ്ടുകളും ഉപയോഗിച്ചുകൊണ്ടാണു നാം സ്നേഹിക്കുന്നവർക്കും അനുമോദിക്കാനാഗ്രഹിക്കുന്നവർക്കുമൊക്കെ സ്വീകരണമൊരുക്കാറുള്ളത്.

പോരാ, ആർക്കെങ്കിലും അന്തിമോപചാരമർപ്പിക്കാനും പൂക്കളെയും പുഷ്പചക്രങ്ങളെയുമാണുപയോഗിക്കുന്നത്. ആരെയും ആകർഷിക്കുന്ന മനോഹരമായ പൂക്കളെയുൽപാദിപ്പിക്കുന്ന ചെടി നില്ക്കുന്നതു തികച്ചും അനാകർഷകമായ ചളിയിലും മറ്റുമാണ് എന്നുള്ളതാണു വേറൊരു കാര്യം. നാമെത്ര മോശമിടത്താണു നില്ക്കുന്നതെങ്കിലും നമുക്കു നമ്മുടെ ജീവിതത്തെ നന്നായിത്തന്നെ കരുപ്പിടിപ്പിക്കാമെന്നും ആകർഷണീയമാക്കാമെന്നുമത്രെ ഇതു പഠിപ്പിക്കുന്നത്. മുമ്പു സൂചിപ്പിച്ചതുപോലെ പൂക്കളിലെ സുഗന്ധവും തേനുമൊക്കെ അജ്ഞാതമായ ആരൊക്കെയോ ആണു പ്രയോജനപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. യാതൊരു പരാതിയുംകൂടാതെ സ്വന്തമായതെല്ലാം എല്ലാവർക്കുമായി പകുത്തു നൽകുന്ന അർത്ഥപൂർണ്ണവും ത്യാഗനിർഭരവുമായ ജീവിതത്തെയാണു പൂക്കൾ നമ്മുടെ മുമ്പിൽ വരച്ചു കാണിക്കുന്നത്.

### ജീവിതയാഥാർത്ഥ്യങ്ങളും പൂക്കളുടെ സൗന്ദര്യവും

ആകർഷകമായ പൂക്കളെ അതു വാടിക്കൊഴിയുന്നതിനു മുമ്പു നാം ഉപയോഗപ്പെടുത്തണമെന്നതുപോലെ ശ്രീ ശാരദാദേവി പറയുന്ന തു ചെറുപ്പത്തിൽത്തന്നെ ജീവിതത്തെ ഈശ്വരപാദങ്ങളിൽ അർപ്പിക്കണമെന്നാകുന്നു. എത്രയും പെട്ടെന്ന് അതു ചെയ്യുന്നുവോ അത്രയും നേരത്തെതന്നെ അതു ജീവിതത്തെ സമ്പന്നമാക്കും. ഊർജ്ജംമുഴുവൻ നശിച്ചു വാർദ്ധക്യത്തിന്റെ പടിവാതിൽക്കൽ എത്തിനില്ക്കുമ്പോൾമാത്രം ഭൗതികജീവിതത്തിന്റെ നശ്വരത മനസ്സിലാക്കുകയും ആദ്ധ്യാത്മികജീവിതത്തെ സ്വായത്തമാക്കാൻ ശ്രമിക്കുന്നവരുമാണു നമ്മിൽ പലരും. ജീവിതം എത്രയും നേരത്തെ ഈശ്വരപാദങ്ങളിൽ സമർപ്പിക്കാൻ കഴിയാത്തതിലുള്ള കുറ്റബോധവും മറ്റും നാം സാധാരണ പ്രായമാകുമ്പോൾ കാണാറുള്ള കാര്യമാണല്ലോ. അതുപോലെ സത്സംഗത്തിന്റെ മഹിമയും നമുക്കു പൂക്കൾ കാണിച്ചു തരുന്നു. മുകളിൽനിന്നും വർഷിക്കപ്പെടുന്ന മഴത്തുള്ളികൾ പൂക്കളിൽ വീണാൽ അതു പനിനീർജലമായിത്തീരുന്നു. അതേജലംതന്നെ ഓടയിൽ വീണാൽ മലിനജലമായിത്തീരുന്നു എന്നതാണത്. നമ്മോട് അടുക്കുന്നവരെ മുഴുവൻ സമ്പന്നമാക്കിത്തീർക്കാൻ പര്യാപ്തമായ ഔന്നത്യത്തെ നാമോരോരുത്തരും നേടിയെടുക്കണമെന്ന കാര്യവും ഇതിലൂടെ വെളിപ്പെടുന്ന ഒരു കാര്യമാകുന്നു.

പൂക്കൾക്കു പിന്നിൽ വേറിട്ടതായ ഒരു തലം കൂടിയുണ്ട്. സൗന്ദര്യമില്ലാത്തതും അനാകർഷകവും ദുർഗന്ധം വമിക്കുന്നതുമായ പൂക്കളും അപൂർവ്വമായി കാണാനാവുന്നു എന്നതാണ് അക്കാര്യം. ചെളിയിൽ വളരുന്ന താമരക്കിഴങ്ങുകളിൽ നിന്നുപോലും ഏറ്റവും മനോഹരമായ താമരപ്പൂക്കൾ ലഭിക്കുന്ന സാഹചര്യം കൂടി നിലനിൽക്കേയാണ് ഇത്തരത്തിലുള്ള ഒരു നിഷേധാത്മക കാര്യം കണ്ടുവരുന്നത് എന്നതിനാൽ ഇക്കാര്യത്ത ജീവിതത്തോടു ചേർത്തുവെയ്ക്കേണ്ട ഒന്നാകുന്നു. ഏതൊരാൾക്കും ജീവിതത്തെ സ്വയം അനാകർഷകമാക്കാനും സ്വന്തം കർമ്മങ്ങൾകൊണ്ട് ഇകഴ്ത്താനും സാധിക്കും എന്നത് ഇതിനോടുപമിക്കാവുന്നതാണ്. നാംതന്നെയാണു നമ്മുടെ

വിധിയെ നിർണ്ണയിക്കുന്നതെന്നു മനസ്സിലാക്കുമ്പോൾ(ഗീത-6.5) ഇതിനു വളരെയധികം പ്രാധാന്യമുണ്ടുതാനും. മറ്റൊന്ന് ഉദാത്തമായ പൂജകൾക്കും സമർപ്പണത്തിനുമുപയോഗിക്കുന്ന പൂക്കളെത്തന്നെയാണു പ്രണയത്തിന്റേയും മറ്റും പ്രതീകമായുപയോഗിക്കുന്നത് എന്നതാണ്. പ്രണയത്തിന്റെ നൈർമല്യത്തെയും സഹജഭാവങ്ങളെയും സൂചിപ്പിക്കാൻ പൂക്കൾകൊണ്ടു കഴിയുന്നു എന്നും ഇതിൽനിന്നും മനസ്സിലാക്കാം.

**പൂക്കൾ പകർന്നുതരുന്ന**
**ആഴമേറിയ തലങ്ങൾ**

ദക്ഷിണേശ്വരം ക്ഷേത്രത്തിന്റെ സൂക്ഷിപ്പുകാരനായ മഥുരനാഥ് ബിശ്വാസ് ഒരിക്കൽ ഭഗവാൻ ശ്രീരാമകൃഷ്ണനോടു ചുവന്ന പൂക്കളുണ്ടാകുന്ന ചെടികളിൽനിന്നും മറ്റു നിറമുള്ള പൂക്കളുണ്ടാവില്ലെന്നു പറയുകയും അതേച്ചൊല്ലി തർക്കിക്കുകയും ചെയ്തു. പക്ഷേ അപ്രകാരമുള്ള അത്ഭുതങ്ങൾ സംഭവിക്കുമെന്ന കാര്യത്തെ ശ്രീരാമകൃഷ്ണൻ മഥുരനാഥിനെ പിറ്റേന്നുതന്നെ കാണിച്ചുകൊടുത്ത ഒരു സംഭവം ശ്രീരാമകൃഷ്ണജീവിതത്തിലുണ്ട്. ഇന്ദ്രിയാതീതമായ ഒരു തലം നമ്മുടെ ജീവിതത്തിലും പ്രവചനാതീതമായി നില്ക്കുന്നുവെന്ന കാര്യമാണിതു സൂചിപ്പിക്കുന്നത്. എന്തിനും ഏതിലും സാധ്യതകളുള്ള ഒരു തലം ജീവിതത്തിലുണ്ടെന്നുള്ളതിനെ കാണണമെന്നു ചുരുക്കം.

വേറൊരു കാര്യം പൂക്കളിലെ തേനിന്റേയും പൂമ്പൊടിയുടേയും സാന്നിദ്ധ്യം മൂലമത്രെ തേനീച്ചകളും പൂമ്പാറ്റകളും ചെടിയിലേക്ക് ആകർഷിക്കപ്പെടുന്നത് എന്നതാണ്. അതുവഴി പരാഗണം നടക്കുകയും തദ്വാരാ ചെടിയുടെതന്നെ അസ്തിത്വത്തിനു തുടർച്ചയുണ്ടാകുകയും ചെയ്യുന്നു. ഈ ലോകജീവിതത്തിന്റെ ക്ഷണികതയെ ഇത്രമാത്രം വെളിപ്പെടുത്താൻ പൂക്കൾപോലെ മറ്റൊരു പ്രതീകത്തെയും കാണിച്ചുകൊടുക്കാനാവില്ല എന്ന കാര്യമത്രെ മറ്റൊന്ന്. രാജ്ഞി കണക്കെ ശോഭിച്ചിരുന്ന പൂക്കൾ പിറ്റേന്നു വാടിക്കൊഴിയുന്നതും ചീഞ്ഞു മണ്ണായിത്തീർന്നു വളമാകുന്നതും മഹാകവി കുമാരനാശാൻ 'വീണപൂവ്' എന്ന കവിതയിൽ സൂചിപ്പിച്ചിരിക്കുന്നു.

ഭൗതികജീവിതത്തിന്റെ നിരർത്ഥകതയെ തിരിച്ചറിഞ്ഞു ജീവിതത്തിന്റെ ആഴമേറിയ തലത്തിലേയ്ക്കു മുന്നേറാനുള്ള ഒരു വിവേകത്തെ പൂക്കൾ പകർന്നു നല്കുന്നു എന്ന കാര്യമാണിത്. തിരിച്ചുവരാത്തതായ ഭൂതകാലത്തെക്കൂടി പൂക്കളുടെ ജീവിതചക്രം നമുക്കു മുമ്പിൽ വരച്ചു കാണിക്കുന്നുണ്ട്. സജീവമായി നില്ക്കുന്ന ഏതാനും സമയം മാത്രമാണു പൂക്കൾ ആകർഷണീയമായിരിക്കുന്നത്. കാലാതീതമായ ഒരു തലത്തെ ജീവിതത്തിലാർജ്ജിച്ചെടുക്കാനുള്ള ആവശ്യകത അതു നമുക്കേകുന്നുവെന്നു ചുരുക്കം. അതിനാവശ്യമായ ഏറ്റവും പ്രധാന കാര്യം സമർപ്പണവും അഹന്താനിരാസവുമാണ്. ഇതിനായും, അതായത് ജീവനെ പരമസത്യത്തിനു മുമ്പിൽ സമർപ്പിക്കാനായും പൂക്കളെ നാമുപയോഗിക്കുന്നു എന്നതും യാദൃച്ഛികമായ കാര്യമാകാനിടയില്ല. ഇപ്രകാരം സമർപ്പണഭാവത്തോടുകൂടി സമർപ്പിക്കുന്ന പൂക്കൾ, ഇല എന്നിങ്ങനെ എല്ലാത്തിനേയും സ്വീകരിക്കുന്നുവെന്നു ഭഗവാൻ ശ്രീകൃഷ്ണൻ ഗീതയിൽ പറയുന്നു(ഗീത-9.26).

അഹന്ത പരമസത്യത്തിലേക്കു ലയിച്ചുചേരുമ്പോൾ ജീവൻ അതിന്റെ അസ്തിത്വമായ സത്യം മാത്രമായിത്തീരുന്ന ഒരു തലത്തിലേക്കുയരും. ഈ തലത്തെയാണു 'ജീവിതത്തിന്റെ പുഷ്പിക്കൽ' എന്നതുകൊണ്ടുദ്ദേശിക്കുന്നത്. 'പച്ചയായ അഹ'ത്തിൽനിന്നും 'പക്വമായ അഹ'ത്തിലേക്കു നമുക്കു വികസിക്കാൻ കഴിയണമെന്ന രീതിയിൽ ഭഗവാൻ ശ്രീരാമകൃഷ്ണൻ ഇതിനെ ഉദ്ബോധിപ്പിച്ചിരിക്കുന്നു. ഈ ജീവിതവിടർച്ചയെ അടയാളപ്പെടുത്തുകയാണു മൊട്ടായി മെല്ലെ വിടർന്നു വരുന്ന പൂവ്. ജീവിതത്തിൽ നിറവിനെയാണു പൂക്കൾകൊണ്ടും പൂക്കളമിടൽകൊണ്ടും വിവേകികൾ ആഘോഷമാക്കുന്നതെന്നു ചുരുക്കം ●



# ശ്രീ ശാരദാദേവിയുടെ മഹദ്വചനങ്ങൾ

"

### പൊതുവായ ഉപദേശങ്ങൾ

*ആഗ്രഹങ്ങൾ നിശ്ശേഷം നശിക്കുന്നതുവരെ മനുഷ്യന്റെ ജനനമരണങ്ങളും തുടർന്നുകൊണ്ടിരിക്കും. ആഗ്രഹങ്ങളാണ് ഓരോ ശരീരങ്ങൾ സ്വീകരിക്കുവാൻ കാരണമാകുന്നത്. ഒരു കഷണം കല്ക്കണ്ടം തിന്നണമെന്നുള്ള ഏറ്റവും നിസ്സാരമായ ആഗ്രഹം ഉണ്ടായിരുന്നാൽ അതും മനുഷ്യന്റെ പുനർജന്മത്തിനു കാരണമായിത്തീരുന്നു.*

*ധനികനായ ഒരാൾ ഭഗവാനെയും ഭഗവദ്ഭക്തന്മാരെയും ധനം കൊണ്ടു സേവിക്കണം. ദരിദ്രൻ ഈശ്വരനാമം ഉച്ചരിച്ച് ഭഗവാനെ സേവിക്കണം. ഈശ്വരനോടുള്ള പ്രേമം ആന്തരമായ വികാരങ്ങളെ ആശ്രയിച്ചാണിരിക്കുക. പ്രേമം ഉണ്ടായിരിക്കണം എന്നുള്ളതാണ് ഏറ്റവുമാവശ്യം.*

വൃന്ദാവനത്തിലെ ഗോപബാലന്മാർക്കു ജപവും ധ്യാനവും കൊണ്ടാണോ ശ്രീകൃഷ്ണനെ അവരവരുടെ സ്വന്തമാക്കുവാൻ കഴിഞ്ഞത്? അത്യധികമായ പ്രേമംകൊണ്ടാണ് അവിടുത്തെ അറിയുവാൻ അവർക്കു കഴിഞ്ഞത്.

* *

സുപ്രധാന സംഗതി, പ്രേമം ഉണ്ടായിരിക്കണം എന്നുള്ളതാണ്. ശ്രീരാമകൃഷ്ണന്റെ ആദ്ധ്യാത്മികകുടുംബം ഈ പ്രേമം ഒന്നുകൊണ്ടുമാത്രമാണു പ്രവൃദ്ധമായിട്ടുള്ളത്.

തന്റെ ഗുരുവിനോടു ഭക്തി എപ്പോഴും ഉണ്ടായിരിക്കണം. ഗുരുവിന്റെ സ്വഭാവം എങ്ങനെയുള്ളതായിരുന്നാലും അചഞ്ചലമായ ഗുരുഭക്തിയുണ്ടെങ്കിൽ ശിഷ്യൻ മോക്ഷത്തെ പ്രാപിക്കുന്നു.

* *

ഈശ്വരൻതന്നെ എല്ലാത്തിന്റെയും കർത്താവ്; പക്ഷെ, അതു വളരെ കുറച്ചുപേർക്കുമാത്രമേ തോന്നുന്നുള്ളു. അഹങ്കാരംകൊണ്ടു മത്തുപിടിച്ചവരായിട്ടു തങ്ങൾതന്നെയാണ് എല്ലാം ചെയ്യുന്നതെന്ന് സാധാരണജനങ്ങൾ വിശ്വസിക്കുന്നു. എന്നിട്ടു ഭഗവാനെ ആശ്രയിക്കുന്നില്ല. തന്നെ ആശ്രയിക്കുന്നവനെ എല്ലാ വിപത്തുകളിൽനിന്നും ഭഗവാൻ മോചിപ്പിക്കുന്നു.

* *

പ്രാണായാമം കുറച്ചൊക്കെ ശീലിക്കുന്നതുകൊണ്ടു തരക്കേടില്ല. പക്ഷെ കൂടുതലായാൽ മസ്തിഷ്കം ചൂടുപിടിക്കുന്നു. മനസ്സ് തനിയേതന്നെ ശാന്തമാവുകയാണെങ്കിൽ പ്രാണായാമത്തിന്റെ ആവശ്യകതയെന്താണ്? പ്രാണായാമവും ആസനക്രമങ്ങളും അഭ്യസിക്കുന്നതുകൊണ്ടു ചില സിദ്ധികൾ ലഭിക്കുന്നു. ഈ സിദ്ധികൾ അവരെ വഴിതെറ്റിക്കുന്നു.

* *

ഗുരുദേവനെ സംബന്ധിച്ച് ഒരാൾ കാണുന്ന സ്വപ്നങ്ങളെല്ലാം യഥാർത്ഥമാണ്. പക്ഷേ, അവയെപ്പറ്റി ഒന്നുംതന്നെ അവിടത്തോടുപോലും പറഞ്ഞുപോകരുതെന്ന് അവിടുന്നു ശിഷ്യന്മാരോടു നിർദ്ദേശിച്ചിരുന്നു.

ഈശ്വരൻതന്നെയാണ് എല്ലാ ജീവികളിലും കുടികൊള്ളുന്നത്. പക്ഷെ, ഓരോന്നും അതതിന്റെ മുജ്ജന്മസംസ്കാരവും കർമ്മവും അനുസരിച്ചുള്ള ഫലം അനുഭവിക്കുന്നു. സൂര്യൻ ഒന്നേയുള്ളു, പക്ഷേ ഓരോ സ്ഥലത്തും ഓരോ വസ്തുവിലും വ്യത്യസ്തരീതിയിലാണു പ്രതിഫലിക്കുന്നത്.

* *

ഒരു ഭക്തൻ ചോദിക്കുകയാണ്: 'മനുഷ്യനെ എല്ലാ പ്രവൃത്തിക്കും പ്രേരിപ്പിക്കുന്നത് ഈശ്വരൻ തന്നെയല്ലേ?'

ദേവി: അതെ, അതു സത്യമാണ്. പക്ഷെ, മനുഷ്യൻ അതു അറിയുന്നുണ്ടോ? മദംകൊണ്ട് അന്ധനായ മനുഷ്യൻ താൻതന്നെയാണു കർത്താവ് എന്നു വിചാരിക്കുന്നു, ഈശ്വരനെ ആശ്രയിക്കുന്നില്ല. ഈശ്വരനെ ശരണം പ്രാപിക്കുന്ന ആൾ രക്ഷിക്കപ്പെടുന്നു.●





# വേദാന്തത്തിലെ ഭക്തിപാഠങ്ങൾ

## ശ്രീമദ് തപസ്യാനന്ദസ്വാമികൾ

*വിവർത്തനം:* എം. ആർ. കാർത്തികേയൻ നായർ

(*Bhakti Schools of Vedanta* *എന്ന പ്രശസ്തമായ കൃതിയുടെ വിവർത്തനം*)

### ശ്രീമദ് മധ്വാചാര്യർ - ജനനവും ജീവിതവും

അദ്വൈതവേദാന്തത്തിൽ നിഷ്ണാതനായിരുന്ന ഗുരു അച്യുതപ്രേക്ഷനിൽനിന്നും പൂർണ്ണപ്രജ്ഞൻ ആദേശങ്ങൾ സ്വീകരിച്ചു തുടങ്ങി. എന്നാൽ അചിരേണ അടിസ്ഥാനപരമായ പാഠങ്ങളിൽത്തന്നെ ഗുരുവും ശിഷ്യനും തമ്മിൽ അഭിപ്രായഭേദങ്ങൾ ഉടലെടുക്കാൻ തുടങ്ങി, പ്രത്യേകിച്ചും ഇഷ്ടസിദ്ധിയെ സംബന്ധിച്ച വ്യാഖ്യാനങ്ങളിൽ. പിന്നീടു ഭാഗവതത്തിൽനിന്നുള്ള പരാമർശങ്ങൾ ഉണ്ടാകുമ്പോൾ പൂർണ്ണപ്രജ്ഞൻ ആ ഭാഗങ്ങളെ തിരുത്തിവായിക്കാനും തുടങ്ങി പല മൂലഗ്രന്ഥങ്ങളും പരിശോധിച്ചതിൽനിന്നും പൂർണ്ണപ്രജ്ഞന്റെ വ്യാഖ്യാനങ്ങളായിരുന്നു ശരി എന്നു കണ്ടെത്തി. അത്ഭുതസ്തബ്ദനായ അച്ചുതപ്രേക്ഷൻ എങ്ങനെയാണു ഭാഗവതത്തെ സമ്പൂർണ്ണമായും ഇത്തരത്തിൽ കൂലംകഷമായി മനസ്സിലാക്കാൻ കഴിയുന്നത് എന്നു ശിഷ്യനോടു ചോദിച്ചു. തന്റെ പൂർവ്വജന്മത്തിൽ താനിതെല്ലാം അറിഞ്ഞിരുന്നു എന്നാണു ശിഷ്യൻ ഉത്തരം നൽകിയത്. ശിഷ്യനായ പൂർണ്ണപ്രജ്ഞന്റെ അറിവും ആദ്ധ്യാത്മിക പ്രചോദനവും കണക്കിലെടുത്ത് അതിനുള്ള അംഗീകാരമായി അദ്ദേഹത്തിന് 'ആനന്ദതീർത്ഥ' എന്ന പുതിയ പേരു നൽകപ്പെട്ടു. പരക്കെ അറിയപ്പെടുന്ന മധ്വൻ എന്ന പേര് അദ്ദേഹത്തിന്റെ യഥാർത്ഥ നാമത്തിന്റെ ഒരു പര്യായംമാത്രമാണ്. അച്യുത പ്രേക്ഷൻ ആരാലും പഠിപ്പിക്കപ്പെടാതെതന്നെയുള്ള ശിഷ്യന്റെ അറിവിലും വ്യാഖ്യാനക്ഷമതയിലും ആകൃഷ്ടനായി അദ്ദേഹത്തെ മഠത്തിന്റെ അധിപതിയായി വാഴിച്ചെന്നും പറയപ്പെടുന്നു.



ഏതാനും വർഷങ്ങൾ തന്റെ ദർശനങ്ങളിൽ ക്ഷുഭിതരായി തന്നെ വെല്ലുവിളിക്കാനെത്തിയ പണ്ഡിതന്മാരുമായുള്ള ഏറ്റുമുട്ടലുകളിൽ വ്യാപൃതനായി ആനന്ദതീർത്ഥൻ കഴിച്ചുകൂട്ടി. അവരിൽ പലരും ബൗദ്ധ, ജൈന, അദ്വൈതദർശനങ്ങളിൽ ആകൃഷ്ടരായിരുന്നവരാവാം. ബുദ്ധസാഗരനും വാദസിംഹനും ഇവരിൽ ആദ്യമെത്തിയവരായിരുന്നു. ഇവർ വാദപ്രതിവാദത്തിൽ പരാജയപ്പെട്ട് രായ്ക്കു രാമാനം എവിടേക്കെന്ന് ആർക്കുമറിയാത്ത എങ്ങോട്ടോ പാലായനം ചെയ്യുകയായിരുന്നു. വേദാന്തത്തിന്റെ അടിസ്ഥാനഗ്രന്ഥമായ ബദരായണന്റെ വേദാന്തസൂത്രങ്ങൾക്കു ശങ്കാരാചാര്യസ്വാമികൾ നൽകിയിരുന്ന പരക്കെഅറിയപ്പെട്ടിരുന്ന വ്യാഖ്യാനങ്ങളെയാണ് തന്നോട് ഏറ്റുമുട്ടിയ എല്ലാ പണ്ഡിതരോടുമുള്ള വാഗ്വാദങ്ങളിൽ ആനന്ദതീർത്ഥൻ എതിർക്കുകയും തള്ളികളയുകയും ചെയ്തിരുന്നത്. അതുകൊണ്ടു പല പണ്ഡിതന്മാരും ഗുരുവായ അച്ച്യുതപ്രേക്ഷൻ തന്നെയും ശ്രീശങ്കരന്റേതിനു തുല്യമായതോ അതിനേക്കാൾ മികച്ചതോ ആയ മറ്റൊരു വ്യാഖ്യാനം ചമയ്ക്കുന്നതിന് അദ്ദേഹത്തോട് ആവശ്യപ്പെട്ടു. സമയമാവുമ്പോൾ അങ്ങനെ ചെയ്യാമെന്ന് അദ്ദേഹം സമ്മതിക്കുകയും ചെയ്തു.

**പ്രഥമ ദക്ഷിണഭാരത പര്യടനം**

ഉഡുപ്പിയിലും പരിസരപ്രദേശങ്ങളിലും തനിയ്ക്കു കിട്ടിയ അംഗീകാരം കുറേകൂടി വിപുലമായൊരു ലോകത്തേയ്ക്കിറങ്ങാൻ അദ്ദേഹത്തെ ധൈര്യപ്പെടുത്തി. അച്യുതപ്രേക്ഷനൊപ്പം കന്യാകുമാരിയിലേയ്ക്ക് ഒരു തീർത്ഥയാത്ര അദ്ദേഹം ഏറ്റെടുത്തു. ആദ്യത്തെ ഇടത്താവളമായിരുന്ന വിഷ്ണുമംഗളയിൽ വെച്ച് എതിരാളികളായ ബ്രാഹ്മണന്മാർ അദ്ദേഹത്തെ പരീക്ഷിക്കാനൊരുങ്ങി. അവർ അദ്ദേഹത്തിനു ഭിക്ഷയായി നൽകിയത് ഒരു കുന്നു വാഴപ്പഴമായിരുന്നു. എന്നാൽ എല്ലാവരേയും അതിശയിപ്പിച്ചുകൊണ്ട് അതിൽ അവിശ്വസനീയമായത്രയെണ്ണം പഴങ്ങളും അനായാസേന അദ്ദേഹം മാന്ത്രികവിദ്യയാലെന്നപോലെ തിന്നുതീർത്തു. പലേ നദീതീർത്ഥങ്ങളും രാജ്യങ്ങളും കടന്ന് അദ്ദേഹം പയസ്വിനി നദീതടത്തിലും അവിടുന്ന് ഏതാനും തെക്കു മാറി അനന്തപുരത്തിലും എത്തിച്ചേർന്നു. ഇവിടെ ശങ്കരാചാര്യസ്വാമികളുടെ ചിന്താസരണിയെ പിൻതുണച്ചിരുന്ന ഒരു പറ്റം മഹാപണ്ഡിതന്മാർ അദ്ദേഹത്തെ വെല്ലുവിളിച്ചുകൊണ്ടെത്തി. അക്കാലത്ത് അവിടെ ശൃംഗേരി ശങ്കരമഠത്തിലെ ആചാര്യനായിരുന്ന വിദ്യാതീർത്ഥസ്വാമികൾ ചാതുർമാസ്യം ആചരിച്ചുകൊണ്ട് അവിടെ കഴിഞ്ഞിരുന്നുവെന്നു പറയപ്പെടുന്നു. അവർ തമ്മിൽ ഒന്നിലധികംതവണ രൂക്ഷമായ വാദപ്രതിവാദങ്ങൾ നടന്നിരുന്നു എന്നു തോന്നുന്നു.

കോപിഷ്ടനായ ആചാര്യൻ ആനന്ദതീർത്ഥന്റെ സന്ന്യാസദണ്ഡ് ഒടിച്ചുകളയുമെന്നു ഭീഷണിപ്പെടുത്തി. അദ്ദേഹം കന്യാകുമാരിയിൽ സ്നാനം ചെയ്യുകയും രാമേശ്വരത്തു നാലുമാസം താമസിക്കുകയും ചെയ്തു. ശ്രീരംഗം ഉൾപ്പെടെ തമിഴ്നാട്ടിലെ അനേകം ക്ഷേത്രങ്ങൾ അദ്ദേഹം സന്ദർശിക്കുകയുണ്ടായി. പ്രൗഢമായ തന്റെ ആകാരസൗഷ്ഠവംകൊണ്ടു സാധാരണജനങ്ങളുടെ വലിയ കൂട്ടങ്ങളെയും ജ്ഞാനംകൊണ്ടു പണ്ഡിതന്മാരേയും ആകർഷിക്കുന്നതിനു സന്ദർശനം നടത്തിയ എല്ലായിടങ്ങളിലും അദ്ദേത്തിനായി. ഒരിടത്തു സമ്മേളനത്തിന്റെ ഗ്രന്ഥവ്യാഖ്യാനത്തിനു പണ്ഡിതന്മാർ അദ്ദേഹത്തെ വെല്ലുവിളിച്ചപ്പോൾ വൈദികസൂക്തങ്ങൾക്ക് ഓരോന്നിനും മൂന്നുതരം വ്യാഖ്യാനങ്ങളുണ്ടെന്നും മഹാഭാരതത്തിനു പത്തുതരവും വിഷ്ണുസഹസ്രനാമത്തിലെ ഓരോ വാക്കിനും നൂറുവീതവും അർത്ഥങ്ങൾ ഉണ്ടെന്നും വെളിവാക്കി. ദക്ഷിണഭാഗത്തെ പണ്ഡിതന്മാർക്കിടയിൽ തന്റെ കീർത്തിയുറപ്പിച്ച് അദ്ദേഹം ഉഡുപ്പിയിലേയ്ക്കു മടങ്ങി. ശങ്കരാചാര്യസ്വാമികളുടേയും രാമാനുജന്റെയും മറ്റു സമ്പ്രദായങ്ങളിലെ അനേകം പണ്ഡിതരുമായും ആശയപരമായ ഏറ്റുമുട്ടലുകളിൽനിന്നും തന്റേതായ തനതായൊരു സമ്പ്രദായം സ്ഥാപിച്ചെടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അദ്ദേഹത്തിനു ബോധ്യമായി.

**ബദരിയിലേയ്ക്കുള്ള തീർത്ഥയാത്ര**

അല്പകാലം ഉഡുപ്പിയിൽ തങ്ങിയശേഷം ഗുരുവായ അച്ച്യുതപ്രേക്ഷന്റെ അനുവാദത്തോടെ തന്റെ ഏതാനും ശിഷ്യന്മാരോടൊപ്പം അദ്ദേഹം തന്റെ ആദ്യത്തെ ഉത്തരഭാരത പര്യടനം തുടങ്ങി. അനേകം പുണ്യസ്ഥലങ്ങളും നദീതടങ്ങളും കടന്ന് അദ്ദേഹം ശ്രീമൻ നാരായണന് ഏറ്റവും പവിത്രമായ ബദരികാശ്രമത്തിലെത്തി. അവിടെവെച്ചു ശ്രീമദ് ഭഗവദ്ഗീതയെക്കുറിച്ചുള്ള തന്റെ വ്യാഖ്യാനം ഭഗവാനു സമർപ്പിയ്ക്കുകയും ഭക്തസംഘങ്ങൾക്ക് അതു വിവരിച്ചു കൊടുക്കുന്നതിന് ആരംഭംകുറിക്കുകയും ചെയ്തു. അവിടെ അദ്ദേഹം അനേകദിവസം വ്രതാനുഷ്ഠാനങ്ങളോടെ തണുത്തുറച്ച ജലത്തിൽ സ്നാനം ചെയ്തും ഉപവാസമനുഷ്ഠിച്ചും ധ്യാനനിരതനായിരുന്നും കഴിച്ചുകൂട്ടി ●

*(തുടരും)*

*ശ്രീരാമകൃഷ്ണസംഘത്തിന്റെ ആഗോള ഉപാദ്ധ്യക്ഷനായിരുന്ന ശ്രീമദ് തപസ്യാനന്ദസ്വാമികൾ ആഗോളതലത്തിൽത്തന്നെ ശ്രദ്ധേയനായ ചിന്തകനും എഴുത്തുകാരനുമായിരുന്നു.*

# ശാസ്ത്രവും മതവും: വേദാന്തദർശനത്തിന്റെ മദ്ധ്യസ്ഥതയിൽ



മിഥുൻ. പി



**ആമുഖം**

ആദ്ധ്യാത്മികമായും ഭൗതികമായും മനുഷ്യൻ നടത്തിയ സത്യാന്വേഷണപരീക്ഷണങ്ങളാണു യഥാക്രമം മതവും ശാസ്ത്രവും. അവ രണ്ടും സ്വന്തം സത്യങ്ങളെ കണ്ടെത്താൻ ശ്രമിക്കുന്നതു സമാന്തരമായ മാർഗ്ഗങ്ങളിൽക്കൂടി സഞ്ചരിച്ചാണ്. മനുഷ്യന്റെ ബഹുമുഖമായ വികാസംതന്നെയാണു രണ്ടിന്റേയും ആത്യന്തികമായ ലക്ഷ്യം. ശാസ്ത്രം വിശേഷിച്ചും ആധുനികശാസ്ത്രം ഭൗതികതലത്തിൽ ഒതുങ്ങിനിന്നുകൊണ്ടു മനുഷ്യനു ഭൗതികസുഖങ്ങൾ കൈവരുത്തുവാൻ പ്രയത്നിക്കുമ്പോൾ, മതം മനുഷ്യന്റെ അന്തർദാഹത്തെ ശമിപ്പിക്കുവാനാണു ശ്രമിക്കുന്നത്.

എന്നാൽ, ശാസ്ത്രവും മതവും തമ്മിലുള്ള പുരാതനകാലം മുതൽക്കെയുള്ള യുദ്ധം എതാണ്ട് അതേ രൂക്ഷതയോടെ പലപ്പോഴും നിലനിൽക്കുന്നു. ശാസ്ത്രത്തിന്റെ വമ്പിച്ച ജൈത്രയാത്രയിൽ, ദോഷദർശനങ്ങളും തെളിവുകൾ ആവശ്യപ്പെടലും ഒരു പ്രബുദ്ധമായ ചിന്തയായി മാറിയിരിക്കുന്നു എന്നു പറയു

മ്പോൾത്തന്നെ, നമ്മുടെയെല്ലാം സാമാന്യധാരണക്കുമപ്പുറത്ത് എന്തോ ഒന്നു പരിലസിക്കുന്നുണ്ട് എന്നു സമ്മതിക്കുന്നതിൽ എന്താണ് തെറ്റ് എന്ന ചോദ്യവും ഉയർന്നുവരുന്നു. ശാസ്ത്രം ദൈവത്തെ ഒരു പരീക്ഷണശാലയിൽ സമർത്ഥിക്കുന്ന ദിവസം, ജനങ്ങൾക്കു വിശ്വാസം ആവശ്യമായിവരുന്ന അവസാനദിവസമായിരിക്കും എന്നു ചില ചിന്തകർ അഭിപ്രായപ്പെടുന്നിടത്തേയ്ക്കാണു വേദാന്തദർശനം അതിന്റെ എല്ലാ പ്രസക്തിയോടുംകൂടി കടന്നുവരുന്നത്. മതവും ശാസ്ത്രവും തമ്മിലുള്ള ഈ അഭിപ്രായസംഘട്ടനത്തിനു മധ്യസ്ഥത വഹിക്കുക എന്ന കടമ വേദാന്തം എങ്ങനെ നിറവേറ്റുന്നു എന്നാണ് ഇവിടെ വിചാരിക്കപ്പെടുന്നത്.

**ഭാരതീയ തത്ത്വചിന്തയും വേദാന്തദർശനവും**

ഒരു രാജ്യത്തിന്റെ സാംസ്കാരികനിലവാരം എന്നത് അവിടെയുള്ള തത്ത്വശാസ്ത്രങ്ങളുടെ അഭിവൃദ്ധിയിൽനിന്നു മനസ്സിലാക്കാം. ഒരു രാജ്യത്തിന്റെ ശ്രേയസ്സിനു നിദാനമായി പറയപ്പെടുന്നതു ബാഹ്യജീവിതത്തെ സുഖപൂർണ്ണമാക്കുന്ന ഭൗതികശാസ്ത്രങ്ങളും ആന്തരികജീവിതത്തെ തൃപ്തിപ്പെടുത്തുന്ന തത്ത്വശാസ്ത്രങ്ങളുമാണ്. രാഷ്ട്രീയവും വർഗ്ഗീയവും ഭാഷാപരവുമായ ഭിന്നതകൾ ഒട്ടനവധിയുണ്ടായിരുന്നിട്ടുകൂടി ഭാരതത്തെ മറ്റു രാജ്യങ്ങളിൽനിന്നു വേർതിരിച്ചു കാണിക്കുന്നത് ഇവിടെ നിലനിന്നു പോരുന്ന(എന്നു പറയുവാൻ ഒരു ചർച്ച ആവശ്യമാണെന്നു വരുന്നു) നമ്മെയെല്ലാവരെയും ഒരുമിപ്പിക്കുന്ന ഒരു സംസ്കാരമാണ്.

ഭൗതികമേഖലയിൽനിന്നും മാറി, പ്രപഞ്ചരഹസ്യങ്ങളെക്കുറിച്ച് ആരാഞ്ഞതിന്റെ ഫലമാണു നമുക്കു ലഭിച്ച തത്ത്വശാസ്ത്രങ്ങൾ. വെറും യുക്തി മാത്രമല്ല, അനുഭവങ്ങളും അടിസ്ഥാനമായി നിൽക്കുന്നതിനാൽ തത്ത്വശാസ്ത്രങ്ങളെ കുറിക്കുവാൻ സംസ്കൃതഭാഷയിൽ 'പ്രകർഷേണ കാണുക' എന്നർത്ഥം വരുന്ന ദൃശ്ധാതുവിൽനിന്നു വ്യുത്പ്പന്നമായ ദർശനം എന്ന ശബ്ദമാണുപയോഗിക്കുന്നത്. ദർശനങ്ങൾ എല്ലാംതന്നെ ഓരോ പ്രകാരത്തിൽ വേദാന്തജ്ഞാനത്തെ കൈകാര്യം ചെയ്യുന്നവയും വ്യാഖ്യാനിക്കുന്നവയുമാകയാൽ ഒടുവിലത്തെ സമ്പ്രദായമായ വേദാന്തദർശനത്തിനുള്ളതു പ്രഥമ പരിഗണനതന്നെ എന്നതിൽ സംശയമില്ല.

## മനോനിയന്ത്രണവും സാധനയും

സാധാരണയായി ജപവും ധ്യാനവും ശീലിക്കാൻ തുടങ്ങുന്നവർക്ക് ആദ്യഘട്ടത്തിൽ മനസ്സിനെ ഇഷ്ടമൂർത്തിയിൽ ഏകാഗ്രമാക്കാൻ എത്രകണ്ട് അവർ ശ്രമിക്കുന്നുവോ അത്രകണ്ട് മനസ്സു കുതറി മറ്റു പല വിഷയങ്ങളുടെയും പിന്നാലെ പായുന്നതായി അനുഭവപ്പെടും. 'മുമ്പ് എനിക്കിങ്ങനെ ബുദ്ധിമുട്ടുണ്ടായിട്ടില്ലല്ലോ. എന്റെ ജോലി ഒക്കെ ഒരുവിധം സ്ഥിരചിത്തതയോടെ ചെയ്യാറുണ്ടായിരുന്നു. ഇപ്പോൾ അങ്ങനെ സാധിക്കാത്തതെന്താണ്?' എന്ന് അത്ഭുതപ്പെടുന്നു. കാരണമിതാണ്. മുമ്പു ബാഹ്യവിഷയങ്ങളിലാണ് മനസ്സു പ്രവർത്തിച്ചിരുന്നത്. മനസ്സ് സ്വതേ ബഹിർമുഖമാകയാൽ അപ്പോൾ വൈരുദ്ധ്യം ഒന്നും തോന്നിയില്ല. എന്നാൽ മനസ്സിനെ അടക്കി, നിത്യാനിത്യവിവേചനംചെയ്ത്, ക്ഷണികമായ ബാഹ്യവിഷയങ്ങളിൽനിന്ന് അതിനെ അന്തർമുഖമാക്കാനുള്ള ശ്രമം തുടങ്ങിയതും അത് എതിർപ്പ് ആരംഭിക്കുന്നു. അണകെട്ടാൻ തുനിഞ്ഞാൽ നദിയുടെ ഊക്കു നൂറിരട്ടി വർദ്ധിക്കുന്നു. എന്നാൽ വർദ്ധമാനമായ ആ ശക്തി പ്രയോജനപ്രദമായ എന്തിലേയ്ക്കെങ്കിലും തിരിച്ചു വിട്ടാൽ അതുകൊണ്ട് ആയിരം ഇരട്ടി ഫലം സിദ്ധിക്കുന്നു.

**ശ്രീമദ് വിരജാനന്ദസ്വാമികൾ(പരമാർത്ഥപ്രസംഗം, പേജ്- 95)**

**മതങ്ങളും വേദാന്തവും**

ജീവിതലക്ഷ്യത്തെ വിശദീകരിച്ചു ഭൗതികവും ആദ്ധ്യാത്മികവുമായ ഉന്നമനത്തിനു മനുഷ്യനെ സഹായിക്കുന്ന ഒന്നാണു ധർമ്മം അഥവാ മതം എന്നത്. ദുഃഖനിവൃത്തിക്കും സുഖപ്രാപ്തിക്കുമുള്ള മാർഗ്ഗം നിർദ്ദേശിക്കുന്ന മതത്തിനു ജീവിതത്തോട് അഭേദ്യമായ ബന്ധമാണുള്ളത്. സംസ്കാരഭേദം നിമിത്തം മനുഷ്യർ വ്യത്യസ്തരാകയാൽ വിഭിന്നങ്ങളായ മതങ്ങളും ഉണ്ടായി. ഉടുപ്പുകൾ വ്യത്യസ്തമായാലും മനുഷ്യന്റെ ശരീരഘടന ഒന്നുതന്നെ എന്നപോലെ ദേശകാലാനുസൃതമായി ആചാരാനുഷ്ഠാനങ്ങൾ വ്യത്യസ്തങ്ങളാണെങ്കിലും ആന്തരികമായ മതസത്യങ്ങൾക്കു തമ്മിൽ വളരെ സാമ്യങ്ങളുണ്ട്. അഥവാ, സാമ്യമില്ലെങ്കിൽ, ആ പരമമായ സത്യം അവിടെയില്ല എന്നാണു മനസ്സിലാക്കേണ്ടത്. മനുഷ്യരുടെ ബുദ്ധിബലവും സംസ്കാരവും അനുസരിച്ചു വിധിച്ചിട്ടുള്ള എല്ലാ ഉപദേശങ്ങളുടെയും ലക്ഷ്യം ആത്യന്തികമായി ഒന്നുതന്നെയാണ്. ഓരോരുത്തർക്കും അവരവർക്കു യോജിച്ച ഉപദേശങ്ങൾ സ്വീകരിച്ചു പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിട്ടുമുണ്ട്.



വ്യാവഹാരികരീതിയിൽ നോക്കിയാൽ, വേദാന്തത്തിന്റെതന്നെ തത്ത്വസമ്പ്രദായങ്ങളാണു ദ്വൈതം, വിശിഷ്ടാദ്വൈതം, അദ്വൈതം എന്നിവ. സഗുണസാകാരം, സഗുണനിരാകാരം, നിർഗുണനിരാകാരം എന്നിങ്ങനെ ഈശ്വരസങ്കൽപ്പത്തിലുള്ള മൂന്നു ഭാവനകളാണു ദ്വൈതവും വിശിഷ്ടാദ്വൈതവും അദ്വൈതവും. ഉദാഹരണങ്ങൾ നോക്കിയാൽ, ക്രിസ്തുമതം സഗുണസാകാരവും ഇസ്‌ലാംമതം സഗുണനിരാകാരവുമാണു കൈക്കൊണ്ടിട്ടുള്ളത്. ഹിന്ദുത്വമാകട്ടെ, ഈ മൂന്നു ഭാവങ്ങളെയും സ്വീകരിച്ചിരിക്കുന്നു.

ക്ഷേത്രസങ്കേതങ്ങളും വിഗ്രഹാരാധനയും ഗുണങ്ങളും രൂപങ്ങളുമുള്ള ഭാവനയാണു സഗുണസാകാരം(ദ്വൈതം). കണ്ടിട്ടും കേട്ടിട്ടും അറിഞ്ഞിട്ടുമില്ലാത്ത ഒന്നിനെ ധ്യാനിക്കാൻ പ്രയാസമായതിനാലാണു സഗുണസാകാരോപാസന അഥവാ വിഗ്രഹാരാധന നടത്തുന്നത്. വെള്ളം ഭൂമിയുടെ അടിയിൽ നിറഞ്ഞിരിക്കുന്നുവെങ്കിലും അതു പ്രയോജനപ്രദമാകാൻ കിണർ കുഴിക്കണം എന്നപോലെ, പശുവിന്റെ ദേഹം മുഴുവൻ വ്യാപിച്ചിട്ടുള്ള പാൽ മുലക്കാമ്പു വലിച്ചാലേ കിട്ടുകയുള്ളൂ എന്നപോലെ എല്ലായിടവും വ്യാപിച്ചിരിക്കുന്ന ഈശ്വരനും ക്ഷേത്രങ്ങളിൽ കൂടുതൽ ചൈതന്യത്തോടെ പരിലസിക്കുന്നു.


സ്നേഹം, ദയ തുടങ്ങിയ ഗുണങ്ങളോടു കൂടിയതും എന്നാൽ അരൂപവുമായ സങ്കൽപ്പമാണു സഗുണനിരാകാരം(വിശിഷ്ടാദ്വൈതം). ദേശകാലാതീതമാകയാൽ പരിണാമവിധേയമല്ലാത്തതും നിത്യവുമാണു സഗുണനിരാകാരസങ്കല്പം.


കുട്ടിക്കാലത്ത് എല്ലാ കാര്യങ്ങൾക്കും അച്ഛനമ്മമാരെ ആശ്രയിക്കുന്ന കുട്ടി, പ്രായം ചെല്ലുന്തോറും മറ്റാരേയും ആശ്രയിക്കാതെ കഴിയാൻ പ്രാപ്തനാകുന്നതുപോലെ, ശരീരഭാവനയുള്ളിടത്തോളം ദ്വൈതിയായി ചിന്തിക്കുകയും ദ്വൈതഭാവനയിൽക്കൂടി ആരംഭിച്ച് ആധ്യാത്മികമായി ഉയരുമ്പോൾ വിശിഷ്ടാദ്വൈതത്തിലേക്കു തിരിയുകയും വീണ്ടും അനുഭൂതിമണ്ഡലം വ്യാപ്തമാകുമ്പോൾ അദ്വൈതവും അനുഭൂതമായിത്തീരുമെന്നു പറയുന്നു അനുഭവസ്ഥർ. ഞാൻ ദേഹമാണെന്നും ഈശ്വരദാസനാണെന്നും വിചാരിക്കുമ്പോൾ,

ദ്വൈതി. ജീവനാണെന്നും ഈശ്വരാംശമാണെന്നും വിചാരിക്കുമ്പോൾ, വിശിഷ്ടാദ്വൈതി. ഞാൻ അതുതന്നെ എന്നു ചിന്തിക്കുമ്പോൾ, അദ്വൈതിയും. ഉപാധിഭേദത്താൽ ഘടാകാശം മഹാകാശത്തിൽനിന്നു ഭിന്നമായി തോന്നിയാലും ശരിക്കും ആകാശം ഒന്നേയുള്ളൂ എന്ന പോലെ.

'ദേഹഭാവേ തു ദാസോഹം
ജീവഭാവേ ത്വദംശകഃ
ആത്മഭാവേ ത്വമേവാഹം
ഇതി മേ നിശ്ചിതാ മതിഃ'

എന്ന ഹനുമദ്വചനം ഇതേ ആശയത്തെത്തന്നെയാണു ദ്യോതിപ്പിക്കുന്നത്. 'നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവ്' എന്നു യേശുക്രിസ്തു ഉപദേശിച്ചതു ദ്വൈതിയായിട്ടാണ്. 'എന്റെ പിതാവ് എന്നേക്കാൾ വലിയവനും ഞാൻ അതിന്റെ അംശവുമാണ്' എന്നുപദേശിച്ചതു വിശിഷ്ടാദ്വൈതിയായിട്ടാണ്. 'ഞാനും എന്റെ പിതാവും ഒന്നാണ്' എന്നു പറയുമ്പോൾ അദ്ദേഹം അദ്വൈതിയുമാകുന്നു. പ്രകരണഭേദമനുസരിച്ച് ഈ മൂന്നു നിലകളെയും ക്രിസ്തുദേവൻ അംഗീകരിച്ചിരുന്നായി കാണാം. ഇപ്രകാരം ഈശ്വരന്റെ സഗുണവും നിർഗുണവുമായ ഭാവങ്ങളെ വേദാന്തി സ്വീകരിക്കുന്നുണ്ട്. തുറന്നു സമ്മതിക്കപ്പെട്ടാലും ഇല്ലെങ്കിലും പല മതങ്ങളിലും മതപദ്ധതികളിലും ഈ വേദാന്തസിദ്ധാന്തങ്ങൾ വ്യക്തമായ സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നു കാണാം.


ആൽബർട്ട് ഐൻസ്റ്റീൻ


ഇ. സി. ജി. സുദർശൻ

**സയൻസും വേദാന്തവും**

ശാസ്ത്രത്തിന്റെ ഈ വമ്പിച്ച ജൈത്രയാത്രയിൽ മതത്തിന്റെ അടിത്തറ ഇളകുന്നുണ്ടോ എന്നു ചോദിച്ചാൽ, ഇല്ല എന്നുതന്നെ വേണം പറയാൻ. ഇതിനൊരു കാരണമായി വേദാന്തശാസ്ത്രം വർത്തിക്കുന്നതെങ്ങനെ എന്നു ചോദിച്ചാൽ, ശാസ്ത്രവുമായി അത്രയും അടുത്തു നിൽക്കുന്നു വേദാന്തദർശനം എന്നു പറയാം. ശാസ്ത്രത്തിനും യുക്തിയ്ക്കും നിരക്കാത്തതൊന്നും വേദാന്തത്തിൽ ഇല്ലതന്നെ.

പ്രണവം അഥവാ ഓംകാരത്തിൽനിന്നാണ് ഇന്ദ്രിയവേദ്യമായ ഈ പ്രപഞ്ചം ഉദ്ഭൂതമായതെന്നു വേദാന്തം ഉദ്ഘോഷിക്കുന്നു. അതിന്റെ ഒരു വിപുലീകരണമാണു യഥാർത്ഥത്തിൽ, ഉണ്ടായതും ഉണ്ടായിക്കൊണ്ടിരിക്കുന്നതും ഇനി ഉണ്ടാകാനിരിക്കുന്നതുമെല്ലാം. ഉയർന്നുപൊങ്ങിയ ഓംകാരധ്വനി അതിന്റെ ശീഘ്രഗതിയിൽ ചിന്നിച്ചിതറി. പല കണങ്ങളായിത്തീർന്നു ശിഥിലീകരിച്ച ആ കണലേശങ്ങൾ കണക്കൊത്തുചേർന്നു പഞ്ചഭൂതങ്ങളായി(ആദിയിൽ വചനമുണ്ടായി എന്ന ബൈബിൾവചനവും സ്മരണീയം). വായുകണരഹസ്യം സയൻസ് കണ്ടെത്തുന്നതിനു മുമ്പുതന്നെ രേഖപ്പെടുത്തപ്പെട്ടിരിക്കുന്നു!

'കഥമസതഃ സജ്ജായതേ' എന്ന ഛാന്ദോഗ്യമന്ത്രപ്രകാരം ഇല്ലായ്മയിൽനിന്ന് ഒന്നും ഉണ്ടാവുകയില്ല. ഭഗവദ്ഗീത രണ്ടാമധ്യായം പതിനാറാം ശ്ലോകത്തിൽ സത്തിന് ഇല്ലായ്മയും അസത്തിന് ഉണ്മയും സംഭവിക്കുന്നതല്ലെന്നു ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

'നാസതോ വിദ്യതേ ഭാവോ
നാഭാവോ വിദ്യതേ സതഃ

ഉഭയോരപി ദൃഷ്ടോഽന്ത
സ്ത്വനയോസ്തത്ത്വദർശിഭിഃ'(ഗീത-2.16)

ഇതുതന്നെയാണു വാസ്തവത്തിൽ, 'Law of Conservation of Matter'. മാറ്ററിനും ആന്റി മാറ്ററിനും മധ്യേയുള്ള സ്ഥിതിയാണു ജഡാജഡങ്ങൾ. രണ്ടും ഊർജ്ജമാണ്. സ്വർണ്ണവും മണ്ണും വ്യത്യസ്തങ്ങളായി തോന്നുമെങ്കിലും സ്വർണ്ണവും ഊർജ്ജം മണ്ണും ഊർജ്ജം. രണ്ടും ഊർജ്ജത്തിന്റെ വിഭിന്നരൂപങ്ങൾ ആണെന്നാണു സയൻസ് സിദ്ധാന്തിക്കുന്നത്. ആൽബർട്ട് ഐൻസ്റ്റീന്റെ ആപേക്ഷികതാസിദ്ധാന്തം തന്നെ. മനുഷ്യരും മൃഗങ്ങളും മരവും മണ്ണുമെല്ലാം ഊർജ്ജത്തിൽനിന്നു വിസ്താരമായിത്തീർന്നിരിക്കുന്നു എന്ന്.

ഊർജ്ജത്തിനു രൂപഭേദം വരുത്തുവാൻ കഴിയുമെന്നല്ലാതെ അതിനെ നശിപ്പിക്കാൻ സാധ്യമല്ല. രൂപഭേദം വരുമ്പോൾ, മാറ്റത്തിനു മുമ്പും പിമ്പുമുള്ള ഊർജ്ജത്തിന്റെ ആകെത്തുക തുല്യമായിരിക്കും. ഇതാണ് ഊർജ്ജസംരക്ഷണനിയമം എന്നു വ്യവഹരിക്കപ്പെടുന്നത്. ഇതാണു പ്രകൃതിയിലെ എല്ലാ നിയമങ്ങളുടേയും സത്ത. ബ്രഹ്മവിവർത്തമാണു പ്രപഞ്ചം എന്നു പറയുന്ന വേദാന്തതത്ത്വവും ഇതുതന്നെ(വിവർത്തമെന്നാൽ, ഒരു വസ്തുവിന്റെ സ്വരൂപത്തിനു ഹാനിയില്ലാതെ മറ്റൊന്നായിത്തീരുക). ഇ. സി. ജി. സുദർശൻ തുടങ്ങിയ ആധുനിക ശാസ്ത്രജ്ഞർ ഈ കാര്യത്തെ വ്യക്തമായി വെളിപ്പെടുത്തിയിട്ടുണ്ട്.

എല്ലാവർക്കും എവിടെയിരുന്നു നോക്കിയാലും ഒരേ അനുഭവമുണ്ടാകുന്ന കാര്യങ്ങൾ മാത്രമേ കേവലം സത്യമായി ശാസ്ത്രം അംഗീകരിക്കുകയുള്ളൂ. ഈ ശ്രദ്ധേയമായ തത്ത്വമാണ് ആപേക്ഷികതാസിദ്ധാന്തം മുതലായവയ്ക്കു പ്രേരണ നൽകിയത്. നമ്മുടെ ചിന്തയിൽ നാമറിയാതെതന്നെ അന്തർലീനമായിരിക്കുന്ന സ്വഭാവമാണ് ആപേക്ഷികത എന്നത്. പ്രപഞ്ചത്തിൽ ഒന്നുംതന്നെ ഈ നിയമത്തിൽനിന്നു വിട്ടുനിൽക്കുന്നില്ല. ചെറുതെന്നും വലുതെന്നും സുന്ദരമെന്നും വിരൂപമെന്നുമുള്ള എല്ലാത്തരം ബോധങ്ങളും ആപേക്ഷികങ്ങളാണ്.

**ഉപസംഹാരം**

മേൽപ്പറഞ്ഞ പ്രകാരങ്ങളിൽ, ജീവിതത്തിന്റെ മൗലികതത്ത്വങ്ങളെക്കുറിച്ച് ആരാഞ്ഞറിഞ്ഞ സിദ്ധന്മാരുടെ വ്യാഖ്യാനങ്ങളിൽ പലതും സയൻസുമായി പൊരുത്തപ്പെട്ടു പോകുന്നുണ്ട്. തലച്ചോറിനു മനസ്സിലാക്കാൻ കഴിയുന്ന ഒന്നല്ല മതം. ഹൃദയംകൊണ്ടാണ് അതിനെ ഗ്രഹിക്കേണ്ടത്.

നമ്മൾ ഓരോരുത്തരും ഓരോ ദൈവമാണെന്നു ശ്രീബുദ്ധൻ പറയുകയുണ്ടായിട്ടുണ്ട്. നമ്മിൽ ഓരോരുത്തർക്കും എല്ലാം അറിയാം. നമ്മുടെ സ്വന്തം ജ്ഞാനത്തെ കേൾക്കുവാൻ നമ്മൾ നമ്മുടെ മനസ്സുകളെ തുറന്നിടുകയേ വേണ്ടൂ. പ്രകൃതിപരമായ എല്ലാ പ്രക്രിയകളിലും ചില അടുക്കും ചിട്ടയും ഉണ്ടെന്നും പ്രപഞ്ചം യാന്ത്രികമായി പ്രവർത്തിക്കുന്നതല്ലെന്നും ചില നിശ്ചിത നിയമങ്ങൾക്കു വിധേയമായിട്ടാണു പ്രവർത്തിക്കുന്നതെന്നും ശാസ്ത്രജ്ഞന്മാരിൽ പലരും സമ്മതിച്ചിട്ടുള്ള കാര്യമാണ്. ഇതിൽനിന്നെല്ലാം, മതവും ശാസ്ത്രവും വിരുദ്ധസ്വഭാവങ്ങളോടു കൂടിയതല്ലെന്നും പരസ്പരപൂരകങ്ങൾ തന്നെയാണെന്നും വെളിവാകുന്നു. അവ അന്യോന്യം സഹകരിച്ചു പ്രവർത്തിച്ചാൽ ശ്രേയസ്സും സന്തോഷവും ശാന്തിയുംകൊണ്ടു ലോകത്തിനു വലിയ നന്മകൾ ഉണ്ടാകുമെന്നും സിദ്ധിക്കുന്നു ●

**References:**

1. Dr. Singh T.D Vedanta & Science, Bhakti Vedanta Institute, Kolkata, 2006.
2. Ranganathananda Swami, Science & Religion, Advaita Ashrama, Kolkata, 1978.
3. Rangaswami, Sudhakshina, The Roots of Vedanta, Penguin Books Ltd., 2012.
4. Tawakley N.K Understanding Sanatan Dharma, Notion Press Inc, 2009.
5. Vivekananda Swami, The Practical Vedanta, Advaita Ashrama, Kolkata, 2010.

*വിവേകാനന്ദാശയങ്ങളിൽ പ്രചോദിതനായ ലേഖകൻ കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ സംസ്കൃത വ്യാകരണത്തിലെ ഗവേഷക വിദ്യാർത്ഥിയാണ് - 7907120172*


# ദൈവദശകം[1]

*ശ്രീനാരായണഗുരുവിനാൽ വിരചിതമായ ദൈവദശകത്തിന്റെ സംസ്കൃത വിവർത്തനം*

ശ്രീനാരായണഗുരുസ്വാമിപൂജ്യപാദപ്രണീതം
മലയാളഭാഷാമൂലം ഇഹ സംസ്കൃതേനാനൂദിതം



സ്വാമി വേദാർത്ഥാനന്ദ



ദേവ നഃ പരിപാഹീഹ ദത്ത്വാ ഹസ്താവലംബനം
നാവികസ്ത്വം ഭവാംഭോധൗ നൗരുദാരാ[2] ഭവത്പദം.

പ്രസംഖ്യാതപരിക്ഷീണേ പ്രത്യേകം പ്രമിതേ യഥാ
പ്രമാതാഽവസ്ഥിതോഽസ്പന്ദം ആന്തരം സ്യാത്തഥാ ത്വയി[3]

അന്നവസ്ത്രാദി നിർബാധം ദത്ത്വാഽസ്മാൻ പരിപാലയൻ
ധന്യാൻ യോ വിദധാസി ത്വമേക ഏവാസ്മദീശിതാ.[4]

യഥാ സാഗരഗംഭീരവാരിതാരംഗമാരുതാഃ
വയം തേ മഹിമാ മായാ ത്വഞ്ചേയാഃ മയ്യനന്യതാം.[5]

ത്വമേവ സൃഷ്ടിഃ സ്രഷ്ടാഽപി സൃഷ്ടാനി സകലാന്യപി
സൃഷ്ട്യൈ സമഗ്രസാമഗ്രീ ചാവിരാസീരിഹ[6] പ്രഭോ.

ത്വമേവ മായാ മായാവീ മായയാ ച വിനോദനഃ
ത്വം മായാമപനോദ്യാര്യഃ സായുജ്യസ്യ പ്രദായകഃ.[7]

ത്വം സത്യം ജ്ഞാനമാനന്ദം ത്വം ഭവദ് ഭൂതഭാവിനീ
ത്വമേവാഭ്യുദ്യമാനേയം വാക് ച നാന്യാ വിചാരിതേ.[8]

അന്തർബഹിരഭിവ്യാപ്തം മഹിതം തേ പരം പദം
കീർത്തയാമോ വയം ഭക്ത്യാ ഭഗവൻ ഭവതാജ്ജയീ.

ജയതാത് ത്വം മഹാദേവ ദീനാവനപരായണ
ജയതാത് ത്വം ചിദാനന്ദ ദയാസിന്ധോ ജയീ ഭവ.

നിതരാമതിഗംഭീരേ സാഗരേ ത്വന്മഹോമയേ
നിമജ്ജേമ വയം നിത്യം നിവസേമ ചിരം സുഖം.



**കുറുപ്പടികൾ :**

1. ദേവസംബന്ധമായ പത്തുശ്ലോകങ്ങൾ എന്നർത്ഥം. മലയാളമൂലത്തിലെന്നപോലെ ഈ പരിഭാഷയിലും അനുഷ്ടുപ്പു തന്നെയാണു വൃത്തം.

2. ഉദാരാ - വിസ്തീർണ്ണാ, ഗുർവ്വീ, പ്രശസ്താ.

3. 'പ്രത്യേകം പ്രമിതേ പ്രസംഖ്യാതപരിക്ഷീണേ(സതി) പ്രമാതാ യഥാ അവസ്ഥിതഃ തഥാ ആന്തരം ത്വയി അസ്പന്ദം സ്യാത്' എന്നാണ് അന്വയം. 'പ്രസംഖ്യാതപരിക്ഷീണഃ' എന്നതിനു 'സ്നാതാനുലിപ്തഃ' എന്നതുപോലെ വേണം അർത്ഥം ഉന്നയിക്കാൻ. പ്രസംഖ്യാനത്തിന് എണ്ണുക, അറിയുക, ഏകാഗ്രമായി ധ്യാനിക്കുക എന്നീ അർത്ഥങ്ങൾ ക്രമേണ ആശ്രയിച്ചുകൊണ്ടു മൂലശ്ലോകത്തിന്റെ വേദാന്താനുസൃതമായ താത്പര്യം ബഹുവിധം വ്യാഖ്യാനിക്കാവുന്നതാണെന്നു ഗ്രഹിച്ചുകൊള്ളണം.

4. ഈ ശ്ലോകത്തിലെ തമ്പുരാനെന്ന പദത്തിനു പണ്ടത്തെ സാമൂഹിക സന്ദർഭമനുസരിച്ചും പലവിധം താത്പര്യം പറയാറുണ്ടല്ലോ. ഈശിതാ എന്ന വാക്കിനും ദൈവം, ശാസനകർമ്മം നിർവഹിക്കുന്ന രാജാവ്, മേൽക്കോയ്മയുള്ള പ്രഭു, മുകളിലുള്ളയാൾ എന്നൊക്കെയുള്ള നാനാർത്ഥം ഗ്രഹിച്ചുകൊണ്ടു സമാനമായ വ്യാഖ്യാനം നിർവഹിക്കാം.

5. 'യഥാ സാഗരഗംഭീരവാരിതാരംഗമാരുതാഃ(തഥാ) വയം, തേ മഹിമാ, (തേ) മായാ, ത്വം ച മയി അനന്യതാം ഈയാഃ'എന്ന് അന്വയം. ഈയാഃ ഗമ്യാഃ(ആശീർലിങ്). ത്വം എന്ന പദത്തിനോടുള്ള സാമീപ്യവും ബോധാനുസൃതമായ അവിപ്രകൃഷ്ടതയും പ്രമാണിച്ചോ, അഥവാ അതിനോടു ചേർത്തൊരു പൃഥഗ്വാക്യമായിട്ടോ ആണ് 'ഈയാഃ' എന്നു മദ്ധ്യമപുരുഷനിൽ പ്രയോഗിച്ചതു "വയം","മായാ" തുടങ്ങിയ പദങ്ങളോടൊപ്പം "ഈയാസ്മ" 'ഈയാത്' എന്നിങ്ങനെ ഉചിതമായ ക്രിയാരൂപം ഗ്രഹിച്ചുകൊള്ളണം. പ്രസ്ഥാനഭാഷ്യങ്ങളിൽ പലയിടത്തും ശ്രീശങ്കരഭഗവത്പൂജ്യപാദങ്ങൾ സമുദ്രത്തിൽനിന്ന് ഉദ്ഭവിക്കുന്ന തരംഗബുദ്ബുദാദികളുടെ(തിരകൾ, കുമിളകൾ തുടങ്ങിയവയുടെ) അനന്യത അഥവാ അഭേദത്തെക്കുറിച്ചു വർണ്ണിച്ചിരിക്കുന്നത് ഇവിടെ ഉദ്ധരിക്കാവുന്നതാണ്. മൂലഗ്രന്ഥത്തിൽ ഗുരുദേവൻ കാറ്റെന്നു പറഞ്ഞിരിക്കുന്നതു ജലാർദ്രമായ തരംഗശീകരണത്തെയാണ്. ആ അർത്ഥത്തിൽ കാറ്റും തത്ത്വതഃ സമുദ്രമാണെന്നു മനസ്സിലാക്കാമല്ലോ.

6. ആവിരാസീഃ - നീ ആവിർഭവിച്ചു അഥവാ ആയിത്തീർന്നു.

7. മായാവിനോദൻ എന്നതിനു മായകൊണ്ടു(മായയാ) വിനോദിക്കുന്നവൻ(വിനോദനഃ) എന്നാണ് അർത്ഥം. അപനോദ്യ - നീക്കിയിട്ട്, മാറ്റിയിട്ട്.

8. അഭ്യുദ്യമാനാ വാക്ക് - ഉച്ചരിക്കുന്ന വാക്ക് അഥവാ ഭാഷ. ഈ ശ്ലോകസന്ദർഭത്തോട് 'ഓമിത്യേതദക്ഷരമിദം സർവ്വം തസ്യോപവ്യാഖ്യാനം ഭൂതം ഭവദ് ഭവിഷ്യദിതി സർവ്വമോങ്കാര ഏവ'(മാണ്ഡൂക്യോപനിഷത്ത്-1) എന്ന മന്ത്രവും അതിനു ഭഗവത്പാദഭാഷ്യത്തിലെ 'കഥം പുനരോങ്കാരനിർണ്ണയേ...... ഇത്യവഗമ്യത ഇത്യോങ്കാര ഏവ' എന്ന ഭാഗവും നന്നായി യോജിക്കും●

*ശ്രീരാമകൃഷ്ണസംഘത്തിലെ സന്ന്യാസിയായ ലേഖകൻ രാമകൃഷ്ണമിഷൻ-വിവേകാനന്ദ യൂണിവേഴ്സിറ്റിയിലെ*
*അദ്വൈതവേദാന്തവിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസ്സറാണ്-* 8337025534



# എന്നെ നയിക്കുന്ന ത്രിമൂർത്തികൾ

ദീപക് വേണുഗോപാൽ

ഭാരതഭൂവിൽ അവതരിച്ച രണ്ടു മഹാപുരുഷന്മാരായ ശ്രീരാമകൃഷ്ണദേവനും സ്വാമിജിയും - അവരെപ്പറ്റി പറയുവാനോ വിവരിക്കുവാനോ വാക്കുകളാൽ സാധ്യമല്ല, 'Unknown is always Unknown'. സ്വജീവിതം ലോകനന്മക്കായി മാറ്റിവച്ച ആ മഹാപുരുഷന്മാർ എന്നും പ്രചോദനം തന്നെയാണ്. ആ ജീവിതംതന്നെയാണ് ഏറ്റവും വലിയ സന്ദേശം. ഒരു തലമുറയെ അടിമത്വത്തിൽനിന്നും അന്ധകാരത്തിൽനിന്നും ഉണർത്താൻ മനുഷ്യജന്മമെടുത്ത അവതാരമാണു ശ്രീരാമകൃഷ്ണദേവൻ. അതുകൊണ്ടുതന്നെയാണു സ്വാമി വിവേകാനന്ദൻ അദ്ദേഹത്തെ അവതാരവരിഷ്ഠൻ എന്നു വിശേഷിപ്പിച്ചതും.

അതുപോലെ സ്വാമിജി തന്റെ അവസാനകാലംവരെ ഒരു കർമ്മയോഗിയായി കർമ്മത്തിൽനിന്ന് ഒളിച്ചോടാതെ 'കർമ്മം ലാഭേച്ഛ ഇല്ലാതെ ചെയ്യുക' എന്ന ഒരു സന്ദേശമാണു ജീവിതത്തിനുടനീളം നമുക്കു കാണിച്ചുതന്നത്. ജീവിതപ്രാരാബ്ധത്തിന്റെ പിടിയിൽപ്പെട്ടു വലഞ്ഞപ്പോഴും ഒട്ടേറെ ദുർഘടങ്ങൾ സംഭവിച്ചപ്പോൾക്കൂടിയും വിരക്തിക്കായി അമ്മയോടു പ്രാർത്ഥിച്ച ആ മഹായോഗിയുടെ ത്യാഗം, അത് അനിർവചനീയമാണ്. 'താൻതന്നെയാണു സർവചരാചരങ്ങളിലും' എന്ന തത്ത്വത്തെ സാക്ഷാത്ക്കരിച്ചതുകൊണ്ടാണ് 'Sisters and brothers of America'എന്നു തന്റെ വിശ്വപ്രസിദ്ധമായ ചിക്കാഗോ പ്രസംഗം ആരംഭിച്ചപ്പോൾ അഭിസംബോധന ചെയ്യാനായത്. ആ പ്രസംഗം പിന്നീടൊരു ചരിത്രസംഭവമായിത്തീർന്നു. ആ വാക്കുകൾ സാധാരണജനങ്ങളിൽപ്പോലും വളരെ സ്വാധീനമുളവാക്കി.

സംസാരമാകുന്ന ഈ കാലചക്രത്തിൽപ്പെട്ടു തിരിയുമ്പോൾ സ്വാമിജിയും ഗുരുദേവനും എന്നും ഒരു ബലം തന്നെയാണ്. ഗുരുദേവനോടുള്ള ഒരു ഇഷ്ടം ഉണ്ടല്ലോ, അതാണ് അദ്ദേഹത്തിന്റെ അനുഗ്രഹത്തിന്റെ ഏറ്റവും വലിയ തെളിവ്. ആ താല്പര്യം, ഇഷ്ടം വരാൻ എളുപ്പമാണ് എന്നു തോന്നുന്നില്ല. ഈശ്വരാനുഗ്രഹമില്ലാതെ അതു സാധ്യമല്ല. പിന്നെ അമ്മ, കാരുണ്യത്തിന്റെ മൂർത്തിഭാവമായ ശക്തിസ്വരൂപിണിയായ ശ്രീ ശാരദാദേവി. അമ്മയെപ്പറ്റി പറയുവാനസാധ്യം. എങ്കിലും പറയട്ടെ, അമ്മയോടുള്ള ഭക്തിയും അമ്മ കൂടെയുണ്ട് എന്ന ദൃഢവിശ്വാസവും നമുക്കുണ്ടെങ്കിൽ ഈ ലോകജീവിതത്തെ ആസ്വാദ്യകരമാക്കാനാവും, ആഹ്ലാദകരമാക്കാനാവും. അമ്മതന്നെ മഹാമായ, അമ്മതന്നെ പരബ്രഹ്മവും. ത്യാഗത്തിന്റെ പര്യായമാണു ദേവി. എന്റെ ജീവിതയാത്രയിൽ എന്റെ ബലം ഇവരൊക്കെയാണ്.

വീട്ടിൽനിന്നുംമാറി പ്രവാസജീവിതം തുടങ്ങിയ സമയത്ത് എനിക്കു ധൈര്യമായത് ഗുരുവിന്റെ അനുഗ്രഹവും പിന്നെ സ്വാമി വിവേകാനന്ദന്റെ വാക്കുകളുമാണ്. 'ചെന്നെത്തുന്നത് എവിടെയെങ്കിലുമാവട്ടെ സത്യത്തെ പിന്തുടരുക. ഭീരുത്വവും കാപട്യവും ദൂരെ കളയുക'. ഇത്രയുമെങ്കിലും എനിക്ക് ആ മഹാപുരുഷന്മാരെപ്പറ്റി പറയാൻ സാധിച്ചതു ഗുരുവിന്റെ അനുഗ്രഹംമൂലമാണ്. അദ്ദേഹത്തിന്റെ കൂടെയുള്ള ഒരു കാലഘട്ടം ഞാൻ കൂടുതലും ശ്രവിച്ചത് ഉപനിഷത്തുകളും ശ്രീരാമകൃഷ്ണദേവന്റെ കഥകളും സ്വാമിജിയെപ്പറ്റിയുള്ള കാര്യങ്ങളുമൊക്കെയാണ്. അതു കേട്ടിട്ടാണ് എനിക്കു ശ്രീരാമകൃഷ്ണദേവനോടും സ്വാമിജിയോടും അമ്മയോടും സ്നേഹവും ഭക്തിയും തോന്നിയത്. ആ ഒരു പ്രചോദനമാണ് എന്നെ ബേലൂർമഠത്തിൽ എത്തിച്ചതും. അദ്ദേഹം ഞാനറിയാതെത്തന്നെ എന്നെ ശ്രീരാമകൃഷ്ണനിൽ ഒരു വല്ലാത്ത സ്നേഹവും ഭക്തിയുമുള്ള ഒരാളാക്കി മാറ്റി. ഇപ്പോൾ ശ്രീരാമകൃഷ്ണൻ എനിക്ക് എല്ലാമാണ്. ആ സാന്നിദ്ധ്യമാണ് ഓരോ നിമിഷവും എന്നിൽ ഊർജ്ജം നിറയ്ക്കുന്നത് ●

*ശ്രീരാമകൃഷ്ണ – വിവേകാനന്ദാശയങ്ങളിൽ പ്രചോദിതനായ ലേഖകൻ അബുദാബിയിലെ* Exceed Information Technology *– യിൽ ജീവനക്കാരനായി പ്രവർത്തിക്കുന്നു. – 9745296562*

# സ്വാമി വിവേകാനന്ദനും
## നേതാജി സുഭാഷ് ചന്ദ്രബോസും



പ്രൊഫ. എസ്. രാധാകൃഷ്ണൻ



ആധുനിക ഭാരതത്തിന്റെ നവോത്ഥാനത്തിൽ ശ്രീരാമകൃഷ്ണ-വിവേകാനന്ദന്മാർ വഹിച്ച പങ്കു നിസ്തുലമാണെന്നു പൊതുവെ അംഗീകരിച്ച ഒരു വസ്തുതയാണല്ലോ. മഹർഷി അരബിന്ദോ പ്രസ്താവിച്ചതുപോലെ അവരുടെ സൃഷ്ടിപരമായ ശക്തിയും ഊർജ്ജവും നാം മനസ്സിലാക്കിയതിനേക്കാൾ എത്രയോ അധികമാണ്. ആ അതിബൃഹത്തും അതിമഹത്വമാർന്നതും ആയ സ്വാധീനം, ഭാരതാംബയുടെ ആത്മാവിൽനിന്നുതന്നെയുള്ള ആ ഉയർത്തെഴുന്നേൽപ്പ്, സമസ്ത മേഖലകളിലും നവജീവൻ പ്രദാനം ചെയ്തുകൊണ്ടും ആവേശം കൊള്ളിച്ചുകൊണ്ടും ഇന്നും നിലനിൽക്കുന്നു. സർവ്വതലസ്പർശിയായ ആ സ്വാധീനത്തിന്റെ അടിസ്ഥാനശില ദേശീയതയാണെന്നു വിലയിരുത്താം. ഇന്ത്യൻ ദേശീയതയുടെ യഥാർത്ഥ പിതാവു സ്വാമി വിവേകാനന്ദൻ ആണെന്നു തിലകനെപ്പോലെയുള്ള സ്വാതന്ത്ര്യസമര നേതാക്കളും ആർ. ജി. പ്രധാനെപ്പോലെയുള്ള ചരിത്രകാരന്മാരും അഭിപ്രായപ്പെട്ടിരിക്കുന്നതും അതിനാലാണല്ലോ.




വ്യത്യസ്തങ്ങളും വൈവിധ്യങ്ങളും ഉൾക്കൊണ്ട ഒരു വലിയ ജനസമൂഹത്തെ ദേശീയതയുടെ അടിസ്ഥാനത്തിൽ കൂട്ടിയിണക്കി, പരസ്പര ഐക്യവും ആത്മവിശ്വാസവും പൊതുവായ ലക്ഷ്യബോധവും അവരിലുളവാക്കി, അവരെ കർമ്മോത്സുകരാക്കാൻ വളരെ ചുരുങ്ങിയ സമയംകൊണ്ടു സ്വാമി വിവേകാനന്ദനു സാധിച്ചു എന്നതു വിസ്മയകരമായ കാര്യം തന്നെയാണ്. ഈ ദേശീയബോധത്തിനു പ്രചോദനമായതു യഥാർത്ഥ ഹിന്ദുമതത്തിന്റെ പുനർജ്ജീവനമാണെന്നുള്ളതു പ്രത്യേകം പ്രാധാന്യമർഹിക്കുന്നു. സനാതനധർമ്മത്തിൽ അടിയുറച്ച ആ ദേശീയത, അതുകൊണ്ടുതന്നെയാണു സങ്കുചിതമോ വിഭാഗീയമോ ആയിത്തീരാതെ, 'ഉദാത്തമായ അന്തർദേശീയത'യായിത്തീർന്നതും. ശ്രീശങ്കരാചാ

ര്യർക്കുശേഷം ഹിന്ദുമുന്നേറ്റത്തിന് ഒരു ദേശീയ ബോധവും അഖിലേന്ത്യാ കാഴ്ചപ്പാടും കൈവരിച്ചതു സ്വാമിജിയിലൂടെയാണെന്നു പ്രസിദ്ധ ചരിത്രകാരനായ സർദാർ പണിക്കർ അഭിപ്രായപ്പെടുന്നുണ്ട്.

അന്നത്തെ'ഹിന്ദു' പത്രം(1893 ആദ്യം) ഹിന്ദുമതത്തിന്റെ അവസ്ഥയെക്കുറിച്ച് ഇങ്ങനെ വിലയിരുത്തുകയുണ്ടായി: 'ഹിന്ദുമതം മരിച്ചിരിക്കുന്നു. അതിന്റെ കാലം അവസാനിച്ചു.' എന്നാൽ അതേ പത്രം ഉൾപ്പെടെ മറ്റു പല പത്രങ്ങളും ഏതാണ്ട് ഒരു വർഷത്തിനുശേഷം എഴുതിയത്, 'ഹിന്ദുക്കളുടെ ചരിത്രത്തിൽ ഒരു നവോത്ഥാനകാലം ആസന്നമായിരിക്കുന്നു' എന്നും 'ദേശീയ പുനരുത്ഥാനം സാധ്യമായിത്തീർന്നിരിക്കുന്നു' എന്നുമാണ്. എന്തായിരിക്കാം ഈ സമൂല മാറ്റത്തിനു കാരണം? ലോകത്തെ വേറിട്ടു ചിന്തിപ്പിക്കാൻ പ്രേരിപ്പിച്ച സ്വാമിജിയുടെ ചിക്കാഗോ പ്രഭാഷണങ്ങളും തുടർന്ന് അദ്ദേഹം അമേരിക്കയിലും യൂറോപ്പിലും നടത്തിയ പ്രഭാഷണങ്ങളും അവ ഭാരതീയരിൽ ഉളവാക്കിയ അതിശക്തമായ പ്രതികരണങ്ങളും പിന്നീടുള്ള അദ്ദേഹത്തിന്റെ ഭാരതത്തിലെ 'തീ പാറുന്ന' പ്രസംഗങ്ങളും പ്രവർത്തനങ്ങളും ആ 'ആദ്ധ്യാത്മിക ദേശീയതയ്ക്കു' വളർന്നു വികസിച്ചു ഫലവത്താകാനുള്ള കളമൊരുക്കി. അതുകൊണ്ടാണല്ലോ സുപ്രസിദ്ധ രാഷ്ട്രതന്ത്രജ്ഞനും സ്വതന്ത്രഭാരതത്തിന്റെ പ്രഥമ ഗവർണ്ണർ ജനറലുമായിരുന്ന സി. രാജഗോപാലാചാരി "സ്വാമി വിവേകാനന്ദൻ ഹിന്ദുമതത്തെ രക്ഷിച്ചു, അതിലൂടെ ഭാരതത്തെയും. അദ്ദേഹം ഇല്ലാതിരുന്നെങ്കിൽ നമുക്കു നമ്മുടെ മതം നഷ്ടമായേനെ, സ്വാതന്ത്ര്യവും കിട്ടുമായിരുന്നില്ല. അതുകൊണ്ടു നാം എല്ലാത്തിനും സ്വാമിജിയോടു കടപ്പെട്ടിരിക്കുന്നു" എന്ന് അഭിപ്രായപ്പെട്ടതും.

'സർവ്വമതങ്ങളുടേയും മാതാവായ' സനാതന ധർമ്മത്തിലൂന്നിയ ഈ ദേശീയതതന്നെയാണു ഭാരതത്തെ 'ജീവിക്കുന്ന ദേവി'യായും ശക്തിയായും കണ്ട് ആരാധിക്കുവാനും സേവിക്കുവാനും നമ്മുടെ അന്നത്തെ നേതാക്കൾക്കു കരുത്തും ഊർജ്ജവും നൽകിയത്. ഭാരതം വൈദേശിക ആധിപത്യത്തിൽനിന്നു മോചിതയാകേണ്ടതു ഭാരതത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും മാത്രമല്ല, അവളുടെ ആത്മമഹിമ ലോകത്തിനു വെളിവാക്കുവാനും അങ്ങനെ അവളുടെ ആഗോളദൗത്യം നിർവ്വഹിക്കുവാനും കൂടിയാണ്. 'ഭാരതത്തിനു രാഷ്ട്രീയമായ സ്വാതന്ത്ര്യം പരമപ്രധാനംതന്നെയാണ്. കാരണം ലോകരാഷ്ട്രങ്ങളിൽ ഒന്നുപോലും ഒരു അധിനിവേശ രാജ്യത്തെ ബഹുമാനിക്കുകയോ, എന്തിനു ശ്രദ്ധിക്കുകപോലുമോ ചെയ്യുകയില്ല', സ്വാമിജി ഉദ്ബോധിപ്പിച്ചു. തങ്ങൾ ഉൽകൃഷ്ടവർഗ്ഗമാണെന്നും 'പ്രാകൃതരായ'ജനസമൂഹങ്ങളെ ഉദ്ധരിക്കേണ്ട ഭാരിച്ച ദൈവീകദൗത്യമാണു തങ്ങൾ ചെയ്യുന്നതെന്നുമുള്ള പാശ്ചാത്യരുടെ വാദങ്ങളുടെ പൊള്ളത്തരം ലോകചരിത്രം നന്നായി കണ്ടറിഞ്ഞ സ്വാമിജി തുറന്നുകാട്ടി. സ്വാമിജിയുടെ ആഹ്വാനം- 'അടുത്ത അമ്പതുവർഷം മറ്റെല്ലാ ദൈവങ്ങളെയും മാറ്റിനിർത്തി ഭാരതാംബയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുക'-ഭാരതീയർ അക്ഷരാർത്ഥത്തിൽ അനുസരിച്ചു എന്നതിന്റെ തെളിവാണല്ലോ കൃത്യം അൻപതുവർഷത്തിനുശേഷം ഭാരതം സ്വതന്ത്രയായത്. ഈ അൻപതുവർഷക്കാലം(1897-1947) ഭാരതം അതിനിർണ്ണായകമായ സ്വാതന്ത്ര്യസമര മുന്നേറ്റങ്ങൾക്കാണു സാക്ഷ്യം വഹിച്ചത്. ആ മുന്നേറ്റങ്ങൾക്കു നേതൃത്വം കൊടുത്തവരൊക്കെത്തന്നെ സ്വാമിജിയാൽ പ്രഭാവിതരായവരാണുതാനും.

ഗാന്ധിജി, ടാഗോർ, അരബിന്ദോ എന്നിവരിൽ സ്വാമിജി ചെലുത്തിയ സ്വാധീനം നാം കണ്ടു കഴിഞ്ഞതാണല്ലോ. ദേശസ്നേഹത്തിന്റെ പ്രചോദന സ്രോതസ്സായിത്തീർന്ന സ്വാമിജി മിതവാദികളിലും തീവ്രവാദികളിലും മാത്രമല്ല, വിപ്ലവകാരികളിലും ശക്തമായ സ്വാധീനം ചെലുത്തിയിരുന്നു. അന്നത്തെ ബംഗാൾ ഗവർണ്ണർ ആയിരുന്ന ലോർഡ് കാർമൈക്കലിന്റെ രഹസ്യ പോലീസ് റിപ്പോർട്ട് ഈ വിഷയത്തിൽ വെളിച്ചം വീശുന്നതാണ്. ആ റിപ്പോർട്ടിൽ ഇങ്ങനെ പരാമർശിക്കുന്നു. 'വിവേകാനന്ദന്റെ അനുശാസനങ്ങൾ രാഷ്ട്രീയമായി ദേശീയതയിലേയ്ക്കു നയിക്കുന്നവയാണ്. അദ്ദേഹത്തെ ഒട്ടുമിക്ക ഹിന്ദു ദേശീയവാദികളും സ്വാതന്ത്ര്യസമരത്തിന്റെ ഗുരുവായിട്ടുതന്നെയാണു കണക്കാക്കുന്നത്. വിവേകാനന്ദന്റെ സന്ദേശങ്ങൾ അരബിന്ദഘോഷിനെപ്പോലെയുള്ള ആദർശദേശീയവാദിയുടെ കൈയിൽ ശക്തമായ ഒരു ആയുധംതന്നെ


സി. രാജഗോപാലാചാരി മഹർഷി അരവിന്ദോ ഗാന്ധിജി ബാലഗംഗാധര തിലകൻ

യാണ്. വിവേകാനന്ദകൃതികളിലെ പല ഭാഗങ്ങളും തീർത്തും രാജ്യദ്രോഹപരമാണ്. അവ അത്യന്തം അപകടകരമായി പരിണമിക്കുവാനുള്ള സാധ്യതയും അവ തീവ്രവാദികൾ ഉപയോഗപ്പെടുത്തുമെന്നുള്ളതും നമുക്കു ബോദ്ധ്യമായ വസ്തുതകളാണ്.'

അങ്ങനെ വിവേകാനന്ദചിന്തകൾ ഭാരതീയരെ, പ്രത്യേകിച്ചു യുവാക്കളെ, ആവേശം കൊള്ളിച്ചിരുന്ന ആ കാലത്തുതന്നെയാണു നേതാജി സുഭാഷ് ചന്ദ്രബോസിന്റെ ജീവിതകാലവും(1897–1945). 'ലോകത്തിലെ ഏറ്റവും നന്മ നിറഞ്ഞവരും അതിധീരരുമായവർ തങ്ങളുടെ ജനതയുടെ നന്മയ്ക്കുവേണ്ടിയും സർവ്വരുടെയും ക്ഷേമത്തിനുവേണ്ടിയും തങ്ങളെത്തന്നെ ബലികഴിക്കുകവേണം.' ഇതാണു ലോകചരിത്രം പഠിപ്പിക്കുന്നതെന്നും അത്തരം ധീരാത്മാക്കളെയാണു ഭാരതത്തിന് ആവശ്യമെന്നുമുള്ള സ്വാമിജിയുടെ ആഹ്വാനം എല്ലാ അർത്ഥത്തിലും സ്വജീവിതത്തിലും പ്രവർത്തനങ്ങളിലുംകൂടി നടപ്പിലാക്കുവാൻ അക്ഷീണം പരിശ്രമിച്ച ഭാരതാംബയുടെ വീരസന്താനമായിരുന്നു 'നേതാജി' എന്നറിയപ്പെട്ടിരുന്ന സുഭാഷ് ചന്ദ്രബോസ്.

കട്ടക്കിൽ(ഒറീസ) ഒരു ബംഗാളി കുടുംബത്തിൽ ജനിച്ച സുഭാഷിനു സ്വാമി വിവേകാനന്ദൻ ദേഹത്യാഗം ചെയ്യുമ്പോൾ അഞ്ചു വയസ്സായിരുന്നു പ്രായം. കട്ടക്കിൽത്തന്നെ ആയിരുന്നു പ്രാഥമിക വിദ്യാഭ്യാസം. സമർത്ഥനും ബുദ്ധിമാനുമായ ആ കുട്ടി തന്റെ പ്രധാന അദ്ധ്യാപകനായ ബേനി മാധവദാസ് തന്റെ സ്വഭാവരൂപീകരണത്തിൽ ഒരു നല്ല പങ്കുവഹിച്ചിരുന്നതായി പിന്നീടു രേഖപ്പെടുത്തുന്നുണ്ട്. ഭൗതികജീവിതത്തോട് ഏറെക്കുറെ വിരക്തി പ്രദർശിപ്പിച്ചിരുന്ന സുഭാഷ് ആ പ്രായത്തിൽത്തന്നെ ജീവിതത്തിന്റെ ലക്ഷ്യം കണ്ടെത്താനുള്ള ശ്രമത്തിൽ ഏർപ്പെട്ടിരുന്നു. ഈ സമയത്താണു സ്വാമിജി തന്റെ ഉള്ളിലേയ്ക്കു പ്രവേശിച്ചതെന്ന് അദ്ദേഹം അനുസ്മരിക്കുന്നു. അദ്ദേഹത്തിന്റെതന്നെ വാക്കുകളിൽ, "അന്നെനിക്ക് ഏതാണ്ടു പതിനഞ്ചു വയസ്സായിരുന്നു. ഞങ്ങളുടെ ഒരു ബന്ധു മറ്റൊരു സ്ഥലത്തുനിന്നും എന്റെ വീടിന്റെ അടുത്തുള്ള ഗൃഹത്തിൽ താമസം തുടങ്ങിയിരുന്നു. ഒരു ദിവസം ഞാൻ അദ്ദേഹത്തിന്റെ വീട്ടിൽ പോകാനിടയായി. അവിടെ അദ്ദേഹത്തിന്റെ ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ സ്വാമി വിവേകാനന്ദന്റെ പ്രഭാഷണങ്ങൾ അടങ്ങിയ ഒരു കൃതി എന്റെ ശ്രദ്ധയിൽ പെട്ടു. ഞാൻ അത് എടുത്ത് അതിലെ പേജുകൾ ഒന്നു മറിച്ചു നോക്കി. അത്ഭുതമെന്നു പറയട്ടെ, ഞാൻ ഇതുവരെ വ്യാകുലതയോടെ അന്വേഷിച്ചിരുന്നതെന്തോ അതൊക്കെ അതിലുണ്ട് എന്നെനിക്കു ബോധ്യപ്പെട്ടു. ആ ഗ്രന്ഥങ്ങളെല്ലാം ഞാൻ ചോദിച്ചു വാങ്ങി വീട്ടിൽക്കൊണ്ടുവന്ന് അതീവ ആവേശത്തോടെ വായിച്ചുതീർത്തു. വിവേകാനന്ദദർശനങ്ങൾ അതോടെ എന്റെ അന്തരാത്മാവിൽ സ്ഥിരപ്രതിഷ്ഠ നേടി."

ഏത് ആദർശത്തിനായി താൻ ജീവിക്കണം എന്നു തനിക്കു സ്പഷ്ടമായി ബോധ്യപ്പെട്ടു എന്ന് അദ്ദേഹം തുടർന്നു പറയുന്നു. തന്റെ ജീവിതത്തി

ന്റെ ഉദാത്ത ലക്ഷ്യം 'ആത്മനോ മോക്ഷാർത്ഥം ജഗത് ഹിതായ ച'(അവനവന്റെ മോക്ഷത്തിനും ചുറ്റുമുള്ളവരുടെ ഉന്നമനത്തിനും) ആണെന്നു തിരിച്ചറിഞ്ഞ ആ യുവാവ്, ആ ലക്ഷ്യസാക്ഷാത്കാരത്തിനായി ജീവിക്കാനും വേണ്ടിവന്നാൽ മരിക്കാനും സന്നദ്ധനായി. സ്വാമിജിയുടെ കത്തുകളിലും പ്രഭാഷണങ്ങളിലും പ്രഭാവിതനായ സുഭാഷ്, സ്വാമി വിവേകാനന്ദന്റെ പ്രായോഗികവേദാന്തവും യോഗയും തികച്ചും യുക്തിഭദ്രവും ശാസ്ത്രീയവുമാണെന്നു തിരിച്ചറിഞ്ഞു. മനുഷ്യനിർമ്മാണത്തിലും രാഷ്ട്രപുനർജ്ജീവനത്തിനും ഊന്നൽ കൊടുക്കുന്ന ആ ദർശനം അത്യന്തം പ്രസക്തമാണെന്നും ബോധ്യപ്പെട്ടു. ഏതായാലും വിവേകാനന്ദപഠനം അദ്ദേഹത്തിന്റെ ജീവിതത്തിലെ സുപ്രധാന വഴിത്തിരിവായിത്തീർന്നു.

പിന്നീടു കൽക്കട്ടയിലെ പ്രസിഡൻസി കോളേജിൽ ചേർന്ന സുഭാഷ് നിരവധി വിദ്യാർത്ഥി കൂട്ടായ്മകളിലും സാമൂഹ്യ ഉന്നമന പരിപാടികളിലും സജീവമായി പങ്കെടുക്കുകയും തന്റെ നേതൃപാടവം പ്രകടമാക്കുകയും ചെയ്തു. 1914-ൽ സുഭാഷ് ഒരു തീർത്ഥാടനത്തിനായി പുറപ്പെട്ടു. 'തനിക്കു പറ്റിയ ഒരു ഗുരുവിനെ കണ്ടെത്തുക' എന്നതും ഒരു ലക്ഷ്യമായിരുന്നു. യാത്രാമദ്ധ്യേ അദ്ദേഹം ബനാറസിൽ എത്തുകയും അവിടെവെച്ചു ഭഗവാൻ ശ്രീരാമകൃഷ്ണന്റെ മാനസപുത്രനും ശ്രീരാമകൃഷ്ണമഠത്തിന്റെ പ്രഥമാദ്ധ്യക്ഷനുമായ ശ്രീമദ് ബ്രഹ്മാനന്ദസ്വാമികളെ കണ്ടുമുട്ടുകയും ചെയ്തു. സുഭാഷിന്റെ പിതാവിനെയും ആ കുടുംബത്തെയും അടുത്തറിയുമായിരുന്ന സ്വാമി ബ്രഹ്മാനന്ദജി ആ യുവാവിനോടു, 'നിനക്കു സ്വരാജ്യത്തിനുവേണ്ടി ഒട്ടനവധി കാര്യങ്ങൾ നിർവഹിക്കുവാനായുണ്ട്' എന്ന് ഉപദേശിച്ചു മടക്കി അയച്ചു. സുഭാഷാകട്ടെ, അത് ഒരു ഈശ്വരാജ്ഞയായിത്തന്നെ കരുതി തന്റെ ജീവിതം രാഷ്ട്രത്തിനായി സമർപ്പിച്ചു സ്വാതന്ത്ര്യസമരത്തിൽ പൂർണ്ണമായും മുഴുകുവാൻ വെമ്പൽ കൊണ്ടു.

എന്നാൽ ഉയർന്ന നിലയിൽ ഡിഗ്രി പാസ്സായ സുഭാഷിന് അച്ഛന്റെ ആഗ്രഹപ്രകാരം ഐ. സി. എസ്. പഠനത്തിനു 1919-ൽ ലണ്ടനിലേയ്ക്കു പോകേണ്ടതായി വന്നു. ബ്രിട്ടീഷ് ഗവണ്മെന്റിന്റെ കീഴിൽ തനിക്ക് ഒരിക്കലും സേവനം അനുഷ്ഠിക്കുവാൻ സാധ്യമല്ല എന്നു തിരിച്ചറിഞ്ഞ അദ്ദേഹം ഐ.സി.എസ്. ഉപേക്ഷിച്ച് 1921-ൽ മടങ്ങി എത്തി. തന്റെ സഹോദരന് അയച്ച കത്തിൽ ഇതിനെ പരാമർശിച്ച് അദ്ദേഹം ഇങ്ങനെ എഴുതി, "പരിത്യാഗത്തിന്റെയും കഷ്ടപ്പാടുകളുടെയും മണ്ണിൽ മാത്രമേ നമുക്കു നമ്മുടെ ദേശീയത എന്ന സൗധം കെട്ടിപ്പടുക്കുവാൻ സാധിക്കുകയുള്ളു." തുടർന്ന് ഇങ്ങനെകൂടി എഴുതുന്നു, "ഈ ത്യാഗത്തിന്റെ അനന്തരഫലങ്ങൾ എന്തെന്ന് എനിക്കു നന്നായി അറിയാം. അവ ദാരിദ്ര്യം, ദുരിതങ്ങൾ, കഠിന പ്രയത്നം, കൂടാതെ ഞാൻ പറയാതെതന്നെ അറിയാവുന്ന ഒട്ടനവധി യാതനകൾ എന്നിവയാണ്. എന്നാൽ ഈ ആത്മത്യാഗം ബോധപൂർവമായും നിശ്ചയദാർഢ്യത്തോടും ചെയ്യേണ്ടതായിട്ടുണ്ട്." പൂർവാധികം ശക്തിയോടെയും തികഞ്ഞ അർപ്പണബോധത്തോടെയും സ്വാതന്ത്ര്യ സമരപോരാട്ടത്തിൽ അദ്ദേഹം മുഴുകി. പിന്നീടുള്ള ഇരുപതു വർഷത്തിനിടയ്ക്കു പതിനൊന്നു തവണയെങ്കിലും അദ്ദേഹത്തിനു ജയിൽവാസം അനുഭവിക്കേണ്ടിവന്നിരുന്നു എന്നറിയുമ്പോൾ ആ പോരാട്ടത്തിന്റെ കരുത്തു നമുക്ക് ഊഹിക്കാവുന്നതാണല്ലോ.

ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ ചേർന്ന സുഭാഷ് ക്രമേണ ഉയർന്നു 1938-ലും 1939-ലും കോൺഗ്രസിന്റെ പ്രസിഡന്റ് പദവിവരെ എത്തിച്ചേർന്നു. സ്വാമിജിയുടെ കൃതികളും ഭഗവദ്ഗീതയും അക്കാലത്തെ തീവ്ര ദേശീയവാദികളെപ്പോലെ സുഭാഷിന്റെയും സന്തത സഹചാരികളായിരുന്നു. സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള സമരം അധർമ്മത്തിനെതിരായ കുരുക്ഷേത്ര യുദ്ധമായിട്ടാണ് അവർ കരുതിയത്.


സിസ്റ്റർ നിവേദിത


സുഭാഷ് ചന്ദ്രബോസ്

ശ്രീരാമകൃഷ്ണദേവനും സ്വാമിജിയും ഒരേ പ്രതിഭാസത്തിന്റെതന്നെ അവിഭാജ്യമായ രണ്ടു ഭാവങ്ങളായിട്ടാണു സിസ്റ്റർ നിവേദിതയെപ്പോലെ സുഭാഷും കണ്ടത്. അവരോടുള്ള തന്റെ കടപ്പാട് അദ്ദേഹം നിരവധി തവണ പരസ്യമായിത്തന്നെ പ്രകടമാക്കിയിട്ടുണ്ട്. 1930 ജനുവരിയിൽ സ്വാമി വിവേകാനന്ദന്റെ ജന്മവാർഷികത്തോടനുബന്ധിച്ചുള്ള സമ്മേളനത്തിൽ പങ്കെടുത്തുകൊണ്ട് അദ്ദേഹം(അന്ന് സുഭാഷ് കൽക്കട്ട മേയർ ആയിരുന്നു) ഇപ്രകാരം പറയുകയുണ്ടായി, 'സ്വാമി വിവേകാനന്ദന്റെ ബഹുമുഖപ്രതിഭയെപ്പറ്റി വിവരിക്കുക അസാദ്ധ്യമാണ്. സ്വാമിജിയുടെ കൃതികളും സന്ദേശങ്ങളും എത്രമാത്രം വിദ്യാർത്ഥികളെ സ്വാധീനിച്ചു എന്നു പറഞ്ഞറിയിക്കുക വളരെ പ്രയാസമാണ്. അവരുടെ പ്രതീക്ഷകളും ആഗ്രഹങ്ങളും പൂർണ്ണമായി അദ്ദേഹത്തിൽ പ്രകടമാണ്'. മറ്റൊരു വേളയിൽ അദ്ദേഹം പ്രസ്താവിക്കുന്നു, 'ആൾക്കാർ, ധനം, ഭൗതിക സാമഗ്രികൾ ഇവയൊക്കെക്കൊണ്ടു മാത്രം വിജയമോ സ്വാതന്ത്ര്യമോ ലഭിക്കുകയില്ല. നമുക്കു വേണ്ടതു ധീരമായ പ്രവൃത്തികൾ ചെയ്യാനും വീരോചിതമായ കർമ്മങ്ങളനുഷ്ഠിക്കുവാനും പ്രേരണ നൽകുന്ന പ്രചോദനശക്തിയാണ്. ഈ അത്യന്താപേക്ഷിതമായ ഉത്തേജനശക്തിയാണു സ്വാമി വിവേകാനന്ദന്റെ എഴുത്തുകളിലും പ്രഭാഷണങ്ങളിലും നമുക്കു കാണാൻ സാധിക്കുന്നത്.'

സ്വാമിജിയെ പിന്തുടർന്ന് 'നേതാജി'(ഈ പേര് അദ്ദേഹത്തിന് പിന്നീടു സ്വദേശീയരും വിദേശീയരുമായ അനുയായികളും ആരാധകരും നൽകിയതാണ്) നടത്തിയ ആഹ്വാനം, 'നിങ്ങൾ രക്തം നൽകുക; പകരം ഞാൻ നിങ്ങൾക്കു സ്വാതന്ത്ര്യം നൽകാം,' ഐ. എൻ. എ. ഭടന്മാരിൽ മാത്രമല്ല, രാജ്യത്താകമാനം ഒരു കോളിളക്കംതന്നെ ഉണ്ടാക്കി. ആയിരക്കണക്കിനു യുവാക്കൾ, നേതാജിയുടെ പിന്നിൽ അണിനിരന്നു. പൂർണ്ണസ്വാതന്ത്ര്യം അതിൽ കുറഞ്ഞ ഒന്നും നേതാജിയ്ക്കു സ്വീകാര്യമായിരുന്നില്ല. സ്വാമിജിയ്ക്കു സ്വാതന്ത്ര്യം 'രാജ്യത്തിന്റെ വളർച്ചയുടെ അടിസ്ഥാനശില' ആയിരുന്നുവെങ്കിൽ നേതാജിക്കു സ്വാതന്ത്ര്യം 'ആത്മാവിന്റെ സംഗീതം' ആയിരുന്നു.

സ്വാമി വിവേകാനന്ദനെ നേതാജി ഒരിക്കൽ (1943) വിശേഷിപ്പിച്ചത് ഇപ്രകാരമാണ്, 'കലവറയില്ലാത്ത പരിത്യാഗം, വിശ്രമരഹിതമായ പ്രവർത്തനങ്ങൾ, അതിരുകളില്ലാത്ത സ്നേഹം, അഗാധവും സർവതോന്മുഖവുമായ ജ്ഞാനം, സമൃദ്ധവും സമ്പുഷ്ടവുമായ വികാരപ്രകടനങ്ങൾ, വെട്ടിത്തുറന്ന വിമർശനങ്ങൾ, എങ്കിലും ഒരു ശിശുവിനെപ്പോലെ കളങ്കരഹിതൻ!' സ്വാമി വിവേകാനന്ദനെ തന്റെ 'ഹീറോ' ആയി കണ്ട നേതാജിയിലും കരുത്തും സത്യസന്ധതയും ബുദ്ധിശക്തിയും നിർഭയത്വവും ജ്വലിക്കുന്ന രാജ്യസ്നേഹവും അർപ്പണമനോഭാവവും ഒത്തിണങ്ങിയിരുന്നു.

സ്വാമിജിയുടെ ഒരു ചിത്രം കട്ടിലിന്റെ സമീപം അദ്ദേഹം എപ്പോഴും സൂക്ഷിച്ചിരുന്നതായി അദ്ദേഹത്തിന്റെ അനുയായികളിൽ ഒരാളായ ഡോക്ടർ കസ്ലിവാൾ രേഖപ്പെടുത്തുന്നുണ്ട്. ഇതിനെപ്പറ്റി ആരാഞ്ഞപ്പോൾ നേതാജിയുടെ മറുപടി ഇതായിരുന്നു, 'സ്വാമി വിവേകാനന്ദൻ ഭാരതം ജന്മമരുളിയ ഏറ്റവും മഹത്തായ ആദ്ധ്യാത്മിക നേതാക്കന്മാരിൽ ഒരാളാണെന്നു മാത്രമല്ല, അദ്ദേഹം നമ്മുടെ രാജ്യത്തിലെ ഏറ്റവും ശ്രേഷ്ഠനായ ദേശസ്നേഹി കൂടിയാണ്. ആദ്ധ്യാത്മിക ഭാരതത്തിന്റെ അമൂല്യമായ പൈതൃകത്തെ ലോകത്തിനു മുന്നിൽ വ്യക്തമായും യഥാതഥമായും അവതരിപ്പിച്ച ചുരുക്കം പേരിൽ പ്രമുഖനുമാണ്.' വിവേകാനന്ദസാഹിത്യം മുഴുവൻ താൻ ശ്രദ്ധാപൂർവം വായിച്ചതായും നേതാജി പ്രസ്താവിച്ചിട്ടുണ്ട്.

ഇതാ സ്വാമി വിവേകാനന്ദനെപ്പറ്റി നേതാജിയുടെ മറ്റൊരു വീക്ഷണം, എ. ആർ. ഭട്ടിനയച്ച കത്തിൽ('പ്രബുദ്ധഭാരതം', ജൂലൈ 1932) നേതാജി എഴുതുന്നു:, "സ്വാമിജിയുടേത് അസാധാരണ ഊർജ്ജസ്വലതയും പൗരുഷവും നിറഞ്ഞ വ്യക്തിത്വമായിരുന്നു. മാത്രവുമല്ല, ഏതറ്റവുംവരെ പോരാടാനുള്ള സന്നദ്ധതയും. അതുകൊണ്ടുതന്നെ ഒരു ശക്ത്യാരാധകനും ആയിരുന്നു. തന്റെ ജനങ്ങളുടെ സർവ്വതോമുഖമായ ഉന്നമനത്തിനായി അദ്വൈത വേദാന്തത്തിനു പ്രായോഗിക വ്യാഖ്യാനം നൽകിയ രാജ്യസ്നേഹി ആണ്. തന്റെ രാഷ്ട്രത്തിനും മനുഷ്യരാശിക്കുംവേണ്ടി ആത്മസമർപ്പണം നടത്തിയ മഹാത്മാവായിരുന്നു. അദ്ദേഹം

ഇന്നു ജീവിച്ചിരുന്നുവെങ്കിൽ എന്റെ സ്ഥാനം അദ്ദേഹത്തിന്റെ കാൽക്കൽ ആകുമായിരുന്നു." ശ്രീരാമകൃഷ്ണ-വിവേകാനന്ദ സാഹിത്യത്തെക്കാൾ മനുഷ്യനിർമ്മാണത്തിന് ഉതകുന്ന മറ്റു കൃതികൾ തനിക്കു ഭാവന ചെയ്യുവാൻപോലും സാധ്യമല്ല എന്നും അദ്ദേഹം അഭിപ്രായപ്പെടുന്നുണ്ട്.

അതിരിക്കട്ടെ, നമുക്കു നേതാജിയുടെ സംഭവബഹുലവും അതിസാഹസികവുമായ അവസാനവർഷങ്ങളിലേയ്ക്ക് ഒന്നു കണ്ണോടിക്കാം. 1938-ലും 1939-ലും തുടർച്ചയായി അദ്ദേഹം കോൺഗ്രസിന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടതായി സൂചിപ്പിച്ചുവല്ലോ. എന്നാൽ കോൺഗ്രസ്സുമായുള്ള രൂക്ഷമായ ആശയപരമായ വിയോജിപ്പിനാൽ അദ്ദേഹം ആ ബന്ധം ഉപേക്ഷിക്കുകയും 'ഫോർവേഡ് ബ്ലോക്ക്' എന്ന ഒരു പാർട്ടി രൂപീകരിക്കുകയും ചെയ്തു. 1940-ൽ അദ്ദേഹത്തെ വീണ്ടും അറസ്റ്റു ചെയ്യുകയും 1941-ൽ വീട്ടുതടങ്കലിൽ ആയിരുന്ന അദ്ദേഹം രഹസ്യമായി ഭാരതത്തിൽനിന്നു രക്ഷപ്പെട്ട് അഫ്ഗാനിസ്ഥാൻവഴി ജർമ്മനിയിൽ എത്തുകയും ചെയ്തു. രണ്ടാം ലോകമഹായുദ്ധക്കാലമായതിനാൽ അച്ചുതണ്ടു(Axis) ശക്തികളുടെ(ജർമ്മനി, ഇറ്റലി, ജപ്പാൻ) സഹായത്തോടെ 'ബ്രിട്ടീഷ് ഭരണകൂടത്തിനെതിരെ യുദ്ധം ചെയ്തു സ്വാതന്ത്ര്യം നേടുക' എന്നതായിരുന്നു ഉദ്ദേശ്യം. 'ശത്രുവിന്റെ ശത്രുവിനെ മിത്രമായി കാണാം' എന്ന ന്യായേന റഷ്യയുമായും അദ്ദേഹം ബന്ധം സ്ഥാപിച്ചിരുന്നു.

ജപ്പാന്റെ സഹായത്തോടെ 1943-ൽ ഇന്ത്യൻ യുദ്ധത്തടവുകാരെ ഉൾപ്പെടുത്തി 'ഇന്ത്യൻ നാഷണൽ ആർമി'(I.N.A) രൂപീകരിച്ചു(റാസ് ബിഹാരി ബോസ് ജപ്പാന്റെ അധീനതയിലായിരുന്ന സിംഗപ്പൂരിൽ 1942-ൽ തുടങ്ങിയ ഈ സംഘടനയെ പിന്നീടു നേതാജി ഏറ്റെടുത്തു ശക്തിപ്പെടുത്തുകയായിരുന്നു). അതേവർഷംതന്നെ സ്വതന്ത്രഭാരതത്തിന്റെ താത്കാലിക ഗവണ്മെന്റ്(ആസാദ് ഹിന്ദ്) സിംഗപ്പൂർ കേന്ദ്രമായി പ്രവർത്തനം തുടങ്ങുകയും ചെയ്തു. തുടർന്നു ബ്രിട്ടനുമായി യുദ്ധം പ്രഖ്യാപിക്കുകയും നേതാജിയുടെ നേതൃത്വത്തിലുള്ള ഐ. എൻ. എ. ഭാരതത്തിന്റെ മോചനത്തിനായി വടക്കുകിഴക്കേ അതിർത്തിവരെ എത്തുകയും ഉണ്ടായി. എന്നാൽ, അമേരിക്കയുടെ ജപ്പാനിലെ ബോംബാക്രമണവും തുടർന്നുള്ള ജപ്പാന്റെയും മറ്റും പിന്മാറ്റവും സഖ്യകക്ഷികളുടെ വിജയത്തിൽ കലാശിച്ചു. 1945 ഓഗസ്റ്റ് 18-നു നേതാജി സഞ്ചരിച്ചിരുന്ന വിമാനം തായ്‌വാനു മുകളിൽവച്ചു തകരുകയും പരാജയത്തിൽപോലും കുലുങ്ങാത്ത ആ ധീര ദേശാഭിമാനിയുടെ അന്ത്യം സംഭവിക്കുകയുമായിരുന്നു എന്നുമാണു കരുതപ്പെടുന്നത്. മരിക്കുമ്പോൾ അദ്ദേഹത്തിനു പ്രായം നാല്പത്തി എട്ട് ആയിരുന്നു.

ഒരു ധീരദേശാഭിമാനിയും സ്വാതന്ത്ര്യസമരത്തിലെ മുന്നണി പോരാളിയും മാത്രമായിരുന്നില്ല നേതാജി. സ്വാമിജിയെയും ഗാന്ധിജിയെയുംപോലെ സ്വതന്ത്രഭാരതത്തിന്റെ സ്ഥിരവും സുരക്ഷിതവുമായ നിലനിൽപ്പിനും എല്ലാ ജനങ്ങളുടെയും ഭൗതികവും ആദ്ധ്യാത്മികവുമായ ക്ഷേമത്തിന് അനുയോജ്യമായ പുനർനിർമ്മാണത്തിനു വ്യക്തവും സമ്പൂർണ്ണവുമായ കാഴ്ചപ്പാടും അദ്ദേഹത്തിനുണ്ടായിരുന്നു. നേതാജിയുടെ പ്രഭാഷണങ്ങളിലും കൃതികളിലും അതിന്റെ പ്രായോഗികവും ശാസ്ത്രീയവും ആയ പദ്ധതികൾ കാണാം. 1929-ൽ തന്നെ ലാഹോറിലെ ഒരു വിദ്യാർത്ഥി സമ്മേളനത്തിൽ സ്വാതന്ത്ര്യം എന്ന ആശയത്തെ അദ്ദേഹം ഇങ്ങനെ വിശദീകരിക്കുന്നു, "ഈ സ്വാതന്ത്ര്യം വെറും രാഷ്ട്രീയ അടിമത്തത്തിൽനിന്നുള്ള മോചനം മാത്രമല്ല, അതു സാമ്പത്തിക സമത്വവും സാമൂഹികതിന്മകളായ ജാതിഭേദം, വർഗീയത, മതവിദ്വേഷം എന്നിവയുടെയൊക്കെ നിർമ്മാർജ്ജനവും ആണ്. ഏവർക്കും സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ തുല്യത ഉറപ്പാക്കുന്ന ഒരു ഡെമോക്രസി ആയിരിക്കും സ്വതന്ത്രഭാരതം." ഡെമോക്രസി പലരും കരുതുന്നതുപോലെ ഒരു പാശ്ചാത്യ ഭരണസമ്പ്രദായം അല്ലെന്നും മനുഷ്യനു യോജിച്ച ആ സമ്പ്രദായം പ്രാചീന ഭാരതചരിത്രത്തിൽ എമ്പാടും സ്ഥാനം പിടിച്ചിട്ടുള്ളതാണെന്നും അദ്ദേഹം പറയുന്നു.


മാർക്സിന്റെ തത്ത്വചിന്തയ്ക്കു പ്രസക്തിയുണ്ടെന്നു കരുതുന്നുണ്ടെങ്കിലും അതു മനുഷ്യന്റെ ഭൗതികസുഖസൗകര്യങ്ങൾക്കു മാത്രം പ്രാധാന്യം

നൽകുന്നുവെന്നും അതു മാനസിക, ആദ്ധ്യാത്മിക ഉന്നമനത്തെ കണക്കിൽ എടുക്കുന്നില്ല എന്ന വലിയ ന്യൂനത അതിനുണ്ടെന്നും ചൂണ്ടിക്കാണിക്കുന്നു. മറ്റു രാജ്യങ്ങളിലെ നല്ല ആശയങ്ങൾ പോലും സ്വീകരിക്കുമ്പോൾ അതു നമ്മുടെ രാജ്യത്തിന്റെ സംസ്കാരവുമായി സമന്വയിപ്പിക്കണമെന്നും അദ്ദേഹം അഭിപ്രായപ്പെടുന്നു. വർഗീയതയ്ക്കും മതഭ്രാന്തിനുമെതിരെ സ്വാമിജിയെപ്പോലെ രൂക്ഷമായിത്തന്നെയാണു നേതാജിയും പ്രതികരിക്കുന്നത്, 'സ്വതന്ത്ര ഭാരതത്തിൽ മതങ്ങളോടു സമഭാവനയും നിഷ്പക്ഷതയും ആയിരിക്കും ഉണ്ടായിരിക്കുക' എന്നു 1944-ൽ ടോക്കിയോ യൂണിവേഴ്സിറ്റിയിൽ ചെയ്ത പ്രസംഗത്തിൽ പറയുന്നു. ജാതി-മത-വർഗ ഭേദമെന്യേ ഭാരതത്തിന്റെ ഐക്യത്തിനും ഉന്നമനത്തിനുംവേണ്ടി ഏവരും യോജിച്ചു പ്രവർത്തിക്കണം എന്ന ആഹ്വാനവും ഉടനീളം കാണാം. എല്ലാത്തരത്തിലുമുള്ള പ്രത്യേക പരിഗണനകൾക്കും എതിരായിരുന്നു അദ്ദേഹം. ഐ.എൻ.എ.യുടെ ആദർശങ്ങൾതന്നെ ഐക്യം, പരസ്പരവിശ്വാസം, ത്യാഗം എന്നിവയാണ്. 'ജയ് ഹിന്ദ്' ആദ്യമായി ഉപയോഗിച്ചതും നേതാജി തന്നെ. 1938-ൽ കോൺഗ്രസിന്റെ ഹരിപുര സെഷനിൽ നേതാജിയുടെ അദ്ധ്യക്ഷപ്രസംഗം സ്വതന്ത്രഭാരതത്തിന്റെ രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക പുനർനിർമാണത്തിന്റെ വ്യക്തമായ ഒരു രൂപരേഖതന്നെ ആയിരുന്നു. ഭാരതത്തിന്റെ അടിസ്ഥാന പ്രശ്നങ്ങളായ ദാരിദ്ര്യം, അജ്ഞത, രോഗങ്ങൾ എന്നിവയ്ക്ക് ആധുനിക ശാസ്ത്രീയ

## ആദ്യം സ്വയം മുക്തനാവുക

നമ്മിലുള്ള ബഹിർഗമനശീലമായ ശക്തിയുപയോഗിച്ചു ബന്ധമുക്തരാവണം. ജീവൻ യഥാർത്ഥത്തിൽ നിത്യമുക്തമാണ്. ഈ സഹജമായ സ്വാതന്ത്ര്യം ഉറപ്പിച്ചു സ്മരിക്കുമ്പോഴൊക്കെ അതു സ്വപരിമിതികളിൽനിന്നു മുക്തമാവുന്നു. ശരീര-മനസ്സുകളിൽ മാത്രമേ നമുക്കു ബന്ധമുള്ളു. അവ സ്വാധീനത്തിൽ വന്നാൽ നാം മുക്തരായി. ആത്മസംയമമാർന്ന ജീവിതം സ്വാതന്ത്ര്യവും ശക്തിയും നിറഞ്ഞ ഒരത്ഭുതജീവിതമാണ്. അവിടെയാണു ശരിയായ സുഖാനുഭവം. മറ്റു സുഖാനുഭവങ്ങളൊക്കെ വീണ്ടും വീണ്ടും പൊട്ടിത്തകരുന്ന ക്ഷുദ്രങ്ങളായ ചില്ലുകഷണങ്ങൾ മാത്രം. എന്നാൽ ഈ ആത്മസംയമാനന്ദം സ്ഥിരവും മാറ്റമില്ലാത്തതുമത്രെ.

അദ്ധ്യാത്മമാർഗ്ഗത്തിൽ ചരിച്ചും ചിത്തശുദ്ധി നേടിയും നാമെല്ലാം ഈ ജന്മത്തിൽത്തന്നെ ആത്മസാക്ഷാത്കാരവും മുക്തിയും നേടാൻ ശ്രമിക്കണം. ഏതെങ്കിലും താണ ലക്ഷ്യത്തിൽ നില്ക്കാൻ പറയുന്നതിനു പകരം വേദാന്തം നമ്മോട് ആത്മസാക്ഷാത്കാരം, സ്വാതന്ത്ര്യം എന്നീ പരമലക്ഷ്യങ്ങൾ കൈവരിക്കാൻ പറയുന്നു. ഈ ജന്മത്തിൽ പരമാത്മസാക്ഷാത്കാരം സാധിച്ചില്ലെങ്കിൽ പുനർജ്ജന്മങ്ങളിലൂടെ പോയി പരമമായ ജ്ഞാനവും സ്വാതന്ത്ര്യവും കൈവരുന്നതുവരെ പരിശ്രമിക്കാൻ നാം തയ്യാറാവുക. പിന്നെ മറ്റുള്ളവരെയും ജ്ഞാനമാർഗ്ഗത്തിൽ കഴിവതു സഹായിക്കാൻ നമുക്കു ശ്രമിക്കാം.



**ശ്രീമദ് സ്വാമി യതീശ്വരാനന്ദസ്വാമികൾ(അദ്ധ്യാത്മജീവിതം-പേജ്, 628)**

സാങ്കേതിക വിദ്യയുടെയും മറ്റും സഹായത്താൽ ഉചിതമായ പദ്ധതികൾ ആസൂത്രണം ചെയ്തു പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താനുള്ള ശ്രമങ്ങളും അതിലുണ്ടായിരുന്നു. ഏവർക്കും തുല്യനീതിയും അവസരസമത്വവും ഉറപ്പാക്കുന്ന ഒരു ഭരണഘടനയാകും ഭാവി ഭാരതത്തിന്റേത് എന്ന് അതിൽ വ്യക്തമാക്കുന്നു,

സ്വാമി വിവേകാനന്ദനെപ്പോലെ വിദ്യാഭ്യാസത്തിനു പരമപ്രാധാന്യം നൽകിയ നേതാജി ഭാരതത്തിന് അനുയോജ്യമായ, ആദ്ധ്യാത്മികതയ്ക്കും സ്വഭാവരൂപീകരണത്തിനും ഊന്നൽ നൽകുന്ന, ആധുനികശാസ്ത്രവും സാങ്കേതികതയും അതിനോടു സമന്വയിപ്പിക്കുന്ന, ഒരു വിദ്യാഭ്യാസസമ്പ്രദായമായിരുന്നു വിഭാവനം ചെയ്തത്. ഡെമോക്രസിയുടെ വിജയത്തിനു സാർവ്വത്രിക വിദ്യാഭ്യാസം അനിവാര്യമാണെന്നു തിരിച്ചറിഞ്ഞ അദ്ദേഹം അതു ദേശീയ ഐക്യത്തിനും മതസൗഹാർദ്ദത്തെയും പരിപോഷിപ്പിക്കുന്നതായിരിക്കണമെന്നും നിഷ്കർഷിച്ചു. ഒരു സമൂഹത്തിന്റെ യഥാർത്ഥ സമ്പത്ത് അവിടുത്തെ സ്വഭാവവൈശിഷ്ട്യമുള്ള യുവജനങ്ങളായതിനാൽ അവരിൽത്തന്നെയാണു നേതാജി പ്രധാനമായി ശ്രദ്ധ കേന്ദ്രീകരിച്ചതും. 1928-ൽ കൽക്കട്ടയിൽ നടന്ന അഖിലേന്ത്യാ യൂത്തു കോൺഗ്രസിന്റെ സെഷനിൽ അദ്ദേഹം പറയുകയുണ്ടായി, "യുവജന പ്രസ്ഥാനങ്ങൾ പരിവർത്തനാത്മകങ്ങളായാൽ മാത്രം പോരാ, അവ വിപ്ലവകരമാകുകകൂടി വേണം. നിലനിൽക്കുന്ന വ്യവസ്ഥിതിയോടുള്ള അതൃപ്തി, അസ്വസ്ഥത, പൊരുത്തപ്പെടാനാവാത്ത മനോഭാവം, ഇവയൊക്കെ ആയിരിക്കണം ഒരു യുവജന പ്രസ്ഥാനത്തിന്റെ തുടക്കം കുറിക്കേണ്ട കാര്യങ്ങൾ." ഭാരതം ഭൗതികവും ആദ്ധ്യാത്മികവുമായി വളർച്ചയും വികാസവും പ്രാപിച്ചാൽ മാത്രം പോരാ, അവൾ ലോകരാഷ്ട്രങ്ങൾക്കു മാതൃക ആയിരിക്കുകകൂടി വേണമെന്ന് അദ്ദേഹം ഉദ്ബോധിപ്പിച്ചു.

സ്ത്രീകളോട് ഒരു തരത്തിലുള്ള അവഗണനയും പാടില്ല എന്ന് അനുശാസിക്കുക മാത്രമല്ല, അവർക്കു പുരുഷന്മാരോടൊപ്പം എല്ലാ അവകാശങ്ങളും ചുമതലകളും നൽകണമെന്നും അദ്ദേഹം നിഷ്കർഷിച്ചു. വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകി അവരെ സ്വന്തംകാലിൽ നിൽക്കാൻ പ്രാപ്തരാക്കണം. സ്വാമി വിവേകാനന്ദനെപ്പോലെ സ്ത്രീകളെ ശക്തിരൂപിണികളായി കണ്ട നേതാജി, അവർക്ക് അവരുടെ കഴിവുകൾ പ്രകടിപ്പിക്കുവാൻ അവസരങ്ങൾ നൽകുകയാണു വേണ്ടത് എന്നു വാദിച്ചു. സ്വാതന്ത്ര്യസമരത്തിൽ അവരുടെ പങ്ക് ഉറപ്പാക്കണം എന്നു നിർദ്ദേശിച്ച അദ്ദേഹം ഐ. എൻ.എ യുടെ 'റാണി ഝാൻസി റെജിമെൻറ്' രൂപീകരിക്കുകയും തന്റെ 'ആസാദ് ഹിന്ദ്' ഗവണ്മെന്റിൽ ഒരു വനിതയെ രണ്ടാമത്തെ സ്ഥാനത്ത് അവരോധിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ സൈന്യത്തിൽ ജാതി-മത- ഭേദമില്ലാതെ എല്ലാവരും ഉൾക്കൊണ്ടിരുന്നുതാനും.



നേതാജിയുടെ മറ്റൊരു വൈശിഷ്ട്യം അദ്ദേഹത്തിന്റെ ഉദ്ദേശശുദ്ധിയും നിസ്വാർത്ഥതയും അഹന്തയില്ലായ്മയും ആയിരുന്നു. അതുകൊണ്ടാണല്ലോ ആയിരക്കണക്കിനു ജനങ്ങൾ അദ്ദേഹത്തിന്റെ പിന്നിൽ അവരുടെ ജീവൻപോലും ത്യജിക്കാൻ തയ്യാറായി അണിനിരന്നത്. അന്നത്തെ ജപ്പാൻ പ്രധാനമന്ത്രി, "ഐ. എൻ. എ. യുടെ ശ്രമഫലമായി ഭാരതം സ്വതന്ത്രമായാൽ താങ്കൾ ആയിരിക്കുമല്ലോ ഭരണത്തലവൻ?"എന്നു നേതാജിയോട് ആരാഞ്ഞപ്പോൾ, മറുപടിയായി പറഞ്ഞത് ഇങ്ങനെ ആണ്, "അതു ഭാരതത്തിലെ

ജനങ്ങളാണു തീരുമാനിക്കേണ്ടത്." മാത്രമല്ല, തന്നെക്കാൾ യോഗ്യത ഗാന്ധിജി, ആസാദ്, നെഹ്റു എന്നി വർക്കാണെന്നും താൻ അവരുടെ ഒരെളിയ സേവകൻ മാത്രമാണെന്നും ഭാരതത്തിനകത്ത് അവർ ചെയ്യുന്ന സേവനങ്ങൾ താൻ പുറത്തു ചെയ്യുക മാത്രമാണെന്നും അദ്ദേഹം തുടർന്നു പറഞ്ഞു. ഗാന്ധിജിയുമായി രൂക്ഷമായ അഭിപ്രായവ്യത്യാസം നിലനിൽക്കുമ്പോഴും അദ്ദേഹം ഗാന്ധിജിയെ ആദരിച്ചിരുന്നു എന്നു മാത്രമല്ല, 'ബാപ്പു' എന്നുതന്നെ സ്നേഹത്തോടെ തുടർന്നും വിളിച്ചിരുന്നു. ഒരു കത്തിൽ അദ്ദേഹം ഗാന്ധിജിയെ 'രാഷ്ട്രപിതാവ്' എന്നു സംബോധന ചെയ്തിട്ടുമുണ്ട്(ഇതു സ്വാതന്ത്ര്യപ്രാപ്തിക്കു മുൻപാണെന്ന് ഓർക്കുക). ഗാന്ധിജിയാകട്ടെ, സുഭാഷിനെ'തന്റെ മകനെപ്പോലെയാണു കരുതുന്നത്' എന്നു പറയുകയും 'ദേശസ്നേഹികളിൽ ദേശസ്നേഹി' എന്നു നേതാജിയെ വിശേഷിപ്പിക്കുകയും ചെയ്തിട്ടുണ്ട്(ഇന്നത്തെ കാലത്ത് ഇതു നമുക്ക് ആശ്ചര്യമായിട്ടു തോന്നിയേക്കാം!).



സ്വാമിജിയുടെ 'സമന്വയ'സിദ്ധാന്തം സ്വജീവിതത്തിൽ പ്രാവർത്തികമാക്കിയ നേതാജി തന്റെ കർത്തവ്യബഹുലമായ അവസാനവർഷങ്ങളിലും ധ്യാനവും ആദ്ധ്യാത്മികസാധനകളും മുടക്കിയിരുന്നില്ല. Hugh Toyle തന്റെ സ്പ്രിങ്ങിങ് ടൈഗർ' എന്ന ഗ്രന്ഥത്തിൽ ഒരു രംഗം വിവരിക്കുന്നതു പ്രസക്തമാണ്. നേതാജി സിംഗപ്പൂരിൽ ആയിരുന്ന ആ കാലത്തു പലപ്പോഴും അവിടുത്തെ ശ്രീരാമകൃഷ്ണാശ്രമത്തിൽ അദ്ദേഹം രാത്രി വൈകി എത്തിച്ചേരാറുണ്ടായിരുന്നത്രെ. വണ്ടി ഓടിച്ച് അവിടെ എത്തിയാൽ, വേഷംമാറി, ഒരു സിൽക്കു ധോത്തി ഉടുത്തു, തന്റെ ബാഗിൽനിന്നും ജപമാലയുമെടുത്തു, പ്രാർത്ഥനാമുറിയിൽ കയറി രണ്ടു മണിക്കൂറോളം ധ്യാനത്തിൽ മുഴുകും. അവിടുത്തെ മിഷനോടും സ്വാമി ഭാസ്വരാനന്ദയോടും വളരെ അടുത്ത ബന്ധം അദ്ദേഹം പുലർത്തിയിരുന്നു.

തന്റെ മരണത്തിനു തൊട്ടു മുൻപു കൂടെയുണ്ടായിരുന്ന തന്റെ എ.ഡി.സി.യും ഐ. എൻ. എയിലെ കേണലും ആയ ഹബീബുർ റഹ്മാനോടു നേതാജി ഇപ്രകാരം പറഞ്ഞതായി രേഖപ്പെടുത്തിയിട്ടുണ്ട്, "താമസിയാതെ ഞാൻ മരിക്കുമെന്നു തോന്നുന്നു. അവസാനംവരെ എന്റെ നാടിന്റെ മോചനത്തിനായി ഞാൻ പൊരുതി. എന്റെ നാടിനെ അറിയിക്കുക താമസിയാതെ അവൾ സ്വതന്ത്രയാകുമെന്ന്. സ്വതന്ത്രഭാരതം നീണാൾ വാഴട്ടെ." ഭാരതാംബയുടെ വീരസന്താനങ്ങളും ഭാരതീയരുടെ ശോഭനമായ ഭാവിക്കുംവേണ്ടി ആത്മസമർപ്പണം ചെയ്തവരുമായ സ്വാമിജി, ഗാന്ധിജി, അരബിന്ദോ, നേതാജി തുടങ്ങിയവരെയല്ലേ നമ്മുടെ യുവജനങ്ങൾ അവരുടെ 'സമുന്നത ജീവിതസൗധ ശിലാസ്ഥാപന'ത്തിനായി ക്ഷണിക്കേണ്ടത്? അതിന് അവരെ പ്രേരിപ്പിക്കേണ്ടതോ മുതിർന്നവരായ നമ്മളും●

## References:


1. 'The Indian Struggle' by Nethaji
2. 'An Indian Pilgrim' by Nethaji
3. The Impact of Nethaji and INA on Indian Independence by Dr. R. K. Kasliwal and Dr. R. R. Kasliwal
4. 'Vedanta Kesari', August 2007 and January 2017 issues
5. 'Unto Him a Witness' by S.A. Iyer
6. 'Prabuddha Bharata' July, 1932 issue
7. 'The Springing Tiger' by Hugh Toyle
8. 'A Biography of S. C. Bose', ed. by Sisir Kumar Bose


*ശ്രീരാമകൃഷ്ണഭക്തനായ ലേഖകൻ ഒറ്റപ്പാലം*
*എൻ. എസ്. എസ്. കോളേജിലെ ഇംഗ്ലീഷ് അദ്ധ്യാപകനായിരുന്നു - 9446531015*

കവിത



# രാമായണക്കിളി

പ്രൊഫ. അമ്പലപ്പുഴ ഗോപകുമാർ



രാമായണക്കിളീ
പറന്നെങ്ങും നീ പോയീടാതെ
ഈ മണ്ണിൽ മനസ്സിന്റെ
പൂമരക്കൊമ്പത്തെന്നും
പാടുവാൻ കനിഞ്ഞെങ്കി
ലെന്നൊരർത്ഥന, ഞങ്ങൾ
ക്കാമയമകറ്റുവാനുള്ള
പ്രാർത്ഥന മാത്രം!

രാമനെയറിയുവാ-
നാധർമ്മ സ്വരൂപന്റെ
പ്രേമസന്ദേശങ്ങളിൽ
ജീവിതം തളിർപ്പിക്കാൻ
ആദികാവ്യത്തിൻ സ്വര
ശ്രുതിയിൽ മലയാണ്മ
യ്ക്കാത്മ പൗരുഷം പകർ
ന്നീടുവാനെഴുത്തച്ഛൻ,
സ്വാദെഴും ഫലങ്ങളും
പഞ്ചസാരയും പാലും
മോദമോടൊരുക്കി വ-
ച്ചീടാർന്ന ഭക്തിയോടെ

നിന്നെയോമനിച്ചൂട്ടി
വളർത്തിപ്പാടിച്ചതീ-
മണ്ണിന്റെ പുണ്യം, മഹൽ
ജീവിത കഥാ ഗാനം!
ജീവാത്മ പരമാത്മ
ബന്ധവാചിയായ് ഞങ്ങൾ
ക്കീ വിശ്വഹൃദ്സ്പന്ദങ്ങളല്ലയോ
പകർന്നേകി
ഭൂമിയുമാകാശവും
കടലും കാറ്റും കാടും
ഭൂരിഭൂതികൾ പക്ഷി
വൃക്ഷങ്ങൾ മൃഗങ്ങളും
ധൂമിലാശയ രക്ഷോ
ഗണങ്ങൾ, സദ്വൃത്തരായ്
കാമനയടക്കിയ
താപസശ്രേഷ്ഠന്മാരും,
ഒക്കെയും നിറഞ്ഞുള്ളൊ
രീ ജീവൽ പ്രപഞ്ചത്തെ
എത്രയും മനോജ്ഞമായ്
പകർത്തും രാമായണം
സത്യത്തിലേയ്ക്കുള്ള
നേർവഴി തുറക്കുന്നൊ
രദ്ധ്യാത്മ രസായനം,
മൃത്യു ശാസന പ്രോക്തം..
നിൻ മധു മൊഴികളി
ലൂടെങ്ങും നിറഞ്ഞപ്പോൾ
എന്റെ നാടുണർന്നേറ്റ
തെങ്ങനെ വർണ്ണിക്കുവാൻ..
നിൻ കിളി വിടുത്തുകൾ
ക്കുള്ളിലോ ഭാഷയ്ക്കൊരു
ചന്തവും ഗാംഭീര്യവും
പ്രൗഢിയുമസ്തിത്വവും
സ്വന്തമായ്, യനർഘമാം
സംസ്കാര മന്ദാകിനി
നിന്റെ ചുണ്ടിലൂടല്ലോ
വാർന്നൊഴുകിയീ മണ്ണിൽ...
പൈങ്കിളിപ്പെണ്ണേ
പ്രിയ ശാരികേ, നിന്നെ ധർമ്മ
സംഗരങ്ങൾക്ക്
സാക്ഷിയാക്കിയ മഹാചാര്യൻ
ഭക്തിതന്നവതാരമായ്
ജനമനസ്സുകൾ
ശുദ്ധമാക്കുവാൻ വന്ന
തുഞ്ചത്തു ഗുരുപാദർ
സൽക്കരിച്ചാത്മജ്ഞാന
ബോധചത്വരങ്ങളിൽ
സച്ചിദാനന്ദം പൂക്കും
ഹൃദയാകാശങ്ങളിൽ
സ്വച്ഛന്ദം പറക്കുവാൻ
പാടുവാൻ നിന്നെ ക്ഷണി
ച്ചിത്തറവാടിന്നറ
പ്പടിയിൽ പ്രതിഷ്ഠിച്ചു!
നിത്യ നിർമ്മല സ്നേഹ
ദൂതിയായ് ഞങ്ങൾക്കാത്മ
ശക്തിയും കർമ്മ ക്രിയാസക്തിയു
മേകും നിന
ക്കർഘ്യപാദ്യങ്ങൾ നൽകി
ആദരിച്ചീടും ശുഭേ!
ആകൽപ്പകാലത്തോളം
എന്റെ മാമലനാട്...

*വിവേകാനന്ദാശയങ്ങളാൽ പ്രചോദിതനായ ലേഖകൻ അമ്പലപ്പുഴ എസ്. ഡി കോളേജിലെ മലയാളം വിഭാഗം മേധാവിയായിരുന്നു. പഠനങ്ങളും കവിതാ സമാഹാരങ്ങളുമുൾപ്പടെ നിരവധി പുസ്തകങ്ങളുടെ രചയിതാവും പ്രഭാഷകനുമാണ്. 9995877959*



# ഔഷധസസ്യ പരിചയം-21

ഡോ. അക്ഷയ് എം.വിജയ്

## രാമച്ചം

| | | |
|---|---|---|
| ശാസ്ത്രീയനാമം | - | vetiveria Zizanoides |
| വർഗ്ഗം | - | Graminae |
| ഇംഗ്ലീഷ് നാമം | - | Khaskhas grass |
| സംസ്കൃതനാമങ്ങൾ | - | Amrnala, Jalavasa, Sugandhamula, Usira |

ഔഷധഗുണത്തിലേറേ അതിന്റെ സുഗന്ധത്താലും കുളിർമയാലും പ്രസിദ്ധമായ സസ്യമാണു രാമച്ചം. കുന്നിൻപ്രദേശങ്ങളിലും ചതുപ്പിലും രാമച്ചം വളരുന്നു. ഒരു മീറ്റർവരെ ഉയരത്തിൽ വളരുന്ന രാമച്ചത്തിന്റെ വേരുകൾ നാരുകൾപോലുള്ളതും ചെമ്പിച്ച നിറമുള്ളതും സുഗന്ധത്തോടുകൂടിയതുമാണ്. രാമച്ചത്തിൽനിന്നുള്ള മൂല്യവർദ്ധിതവസ്തുക്കൾ ഇന്നു വിപണിയിൽ സജീവമാണ്, അതിനാൽത്തന്നെ രാമച്ചകൃഷി ഇന്നു വ്യാപകമാണ്.

**ഗുണങ്ങൾ**



രസം - തിക്തം, മധുരം
വീര്യം - ശീത വീര്യം
ഗുണം - രൂക്ഷ, ലഘു
വിപാകം - കടു
കർമ്മം - കഫ പിത്തഹരം, പാചനം
ഉപയോഗഭാഗം - വേര്


**ഒറ്റമൂലി പ്രയോഗങ്ങൾ**

1. രാമച്ചം ചതച്ചിട്ടു വെച്ചിരിക്കുന്ന മൺകുടത്തിലെ വെള്ളം കുടിച്ചാൽ ക്ഷീണം മാറും.
2. ശരീരത്തിൽ വിയർപ്പിന്റെ ദുർഗന്ധം മാറാൻ രാമച്ചവെള്ളത്തിൽ കുളിക്കുകയും ശരീരത്തിൽ ഉരച്ചു കഴുകുകയും ചെയ്യുക.
3. ക്ഷതംകൊണ്ടുള്ള നീരിൽ രാമച്ചം, മരമഞ്ഞൾ എന്നിവ അരച്ചു പുരട്ടുക.
4. രാമച്ചത്തൈലം പുരട്ടുന്നതു വ്രണം ഉണങ്ങുവാൻ സഹായിക്കും.
5. വേരു നന്നായി പൊടിച്ചു ചന്ദനത്തിൽ വെള്ളവും ചേർത്തു ചാലിച്ചു പുരട്ടിയാൽ തലവേദന ശമിക്കും.
6. രാമച്ചം, ചന്ദനം, മുത്തങ്ങ, ഇരുവേലി, ചുക്ക് ഇവ ചതച്ചിട്ടുള്ള വെള്ളം കുടിച്ചാൽ ജ്വരം ശമിക്കും. ഈ വെള്ളംകൊണ്ട് ആവി കൊണ്ടാൽ ചുമ, ശ്വാസകോശരോഗങ്ങൾ എന്നിവ ശമിയ്ക്കും.
7. വേനൽക്കാലത്തു ശരീരത്തിലനുഭവപ്പെടുന്ന ചുട്ടുനീറ്റൽ മാറാൻ രാമച്ചം അരച്ചു പുരട്ടാറുണ്ട്. ചൂടുകുരുക്കൾ ശമിക്കാനും ഇതുപകരിക്കും●

*വിവേകാനന്ദാശയങ്ങളിൽ പ്രചോദിതനായ ലേഖകൻ ആയുർവേദ ഡോക്ടറായി പ്രവർത്തിക്കുന്നു. - 8891399119*

# ധരംപാൽ
## സമ്പൂർണ്ണ സാഹിത്യവും
### 18-ാം നൂറ്റാണ്ടിലെ ഭാരതീയ ശാസ്ത്രസാങ്കേതികരംഗവും

പരിഭാഷ - എം. പി. സുരേഷ്, ആലുവ




[redacted]

ഭാരതത്തെ സ്വാംശീകരിച്ച സ്വാമി വിവേകാനന്ദൻ പ്രവചനാത്മകമായി സമ്പൂർണ്ണകൃതികളിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു, 'ഭാരതത്തിന്റെ യഥാർത്ഥ ചരിത്രം വെളിപ്പെട്ടു കിട്ടുകയാണെങ്കിൽ ഒരു കാര്യം നിസ്സംശയം തെളിയിക്കപ്പെടും-ആദ്ധ്യാത്മികതയിലെന്ന പോലെ കലകളിലും ശാസ്ത്രങ്ങളിലുമെല്ലാം തന്നെ സർവ്വലോകത്തിന്റെയും പ്രഥമവും മൗലികവുമായ ഗുരു ഭാരതമാണെന്ന സത്യം. അതുകൊണ്ടു ഞാൻ നിങ്ങളോടു പറയുന്നു, നമുക്കു കൈമോശം വന്നതോ ഒളിപ്പിക്കപ്പെട്ടതോ ആയ ആ അമൂല്യനിധി ശേഖരം വിസ്മൃതിയിൽനിന്നു വീണ്ടെടുക്കുവാനുള്ള പരിശ്രമങ്ങളിൽ നാമെല്ലാം ഏർപ്പെടേണ്ടിയിരിക്കുന്നു'. അതിന്റെ കാരണങ്ങൾ അദ്ദേഹം ചൂണ്ടിക്കാണിക്കുന്നതിങ്ങനെ-'നമ്മുടെ ചരിത്രം ഇംഗ്ലീഷുകാരാൽ എഴുതപ്പെട്ടതാണ്. ഇതു നമ്മുടെ മനസ്സിനെ ദുർബലപ്പെടുത്തുക മാത്രമാണു ചെയ്യുക. കാരണം അവർ ആഗ്രഹിക്കുന്നതു നമ്മുടെ അധഃപതനവും നാശവും മാത്രമാണ്.'

പാശ്ചാത്യചരിത്രകാരന്മാരുടെ ഗ്രന്ഥങ്ങൾ ആധികാരികമായി കരുതി പഠിക്കുകയും പഠിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതു

വഴി ഭാരതം അവികസിതവും പ്രാകൃതവും പിന്നോക്കവുമായിരുന്നു എന്നൊരു ധാരണ യിലേയ്ക്കു ലോകവും ഇവിടത്തെ ജനങ്ങളും എത്തിച്ചേരുന്നു. ഇതു നമ്മെ ആത്മവിശ്വാസം നഷ്ടപ്പെട്ട, അപകർഷതാബോധം ബാധിച്ച ജന തയാക്കി മാറ്റിയിരിക്കുന്നു. ഈ പശ്ചാത്തല ത്തിലാണു ഭാരതത്തിന്റെ ഭൂതകാലചരിത്രം മലയാളിയ്ക്കു നിഷ്പക്ഷമായും വസ്തു നിഷ്ഠമായും അറിയുവാനും വിലയിരുത്തുവാനുമായി ഗാന്ധിയനും പണ്ഡിതനും ഗവേഷകനുമായിരുന്ന ആചാര്യ ധരംപാലിന്റെ(1922–2006) സമ്പൂർണ്ണ കൃതികളുടെ മലയാള പരിഭാഷ ഒൻപതു വാല്യങ്ങളിലായി ശ്രീ ലക്ഷമീബായ് ധർമ്മപ്രകാശൻ, കൊച്ചി പ്രസിദ്ധീകരിക്കുന്നത്. ഇതിൽ ഏഴു പുസ്തകങ്ങൾ പുറത്തിറങ്ങി. ശേഷിക്കുന്നവ ഉടൻ വായനക്കാരിലേക്ക് എത്തുന്നു.



ഗ്രന്ഥരചനയ്ക്കുള്ള വിവരശേഖരണത്തിനായി ധരംപാൽ 1730–1830 ഇടയ്ക്കു ബ്രിട്ടനിലും മറ്റുമുള്ള പുരാരേഖകളിൽനിന്ന് ഇംഗ്ലീഷുകാരും മറ്റു യുറോപ്യന്മാരും എഴുതിയ ലേഖനങ്ങൾ, റിപ്പോർട്ടുകൾ, ബ്രിട്ടനിലെ ഇന്ത്യാ ഓഫീസ്, ബ്രിട്ടീഷ് മ്യൂസിയം, നാഷണൽ ലൈബ്രറി എന്നിവിടങ്ങളിൽനിന്ന് ആയിരക്കണക്കിന് ഔദ്യോഗിക- അനൗദ്യോഗിക രേഖകൾ തുടങ്ങിയവ കണ്ടെത്തി അവ ശ്രദ്ധാപൂർവം പരിശോധിച്ചു. പലതിന്റെയും പകർപ്പുകൾ എഴുതി തയ്യാറാക്കി പ്രസിദ്ധീകരിക്കുക എന്നതു വലിയ സാമ്പത്തിക ഭദ്രത ഇല്ലാത്ത ഒരാൾക്ക് എത്ര ക്ലേശകരമായിരിക്കുമെന്നു നമുക്ക് ഊഹിക്കാനാവും. ഇതിന്റെ ഫലമായി ഭാരതത്തിന്റെ അക്കാലത്തെ സാമൂഹ്യ-സാമ്പത്തിക, വിദ്യാഭ്യാസ, കാർഷികരംഗം ഉൾപ്പെടെ സമസ്ത മേഖലകളെയും സ്പർശിക്കുന്ന, നമ്മെ വിസ്മയിപ്പിക്കുന്നതും കണ്ണു തുറക്കാൻ പ്രേരിപ്പിക്കുന്നതുമായ ചിത്രം ലഭിക്കുന്നു. ഗ്രന്ഥരചനക്കായി ഈ അഭിനവ ഭഗീരഥൻ ഭാരതത്തിലെ സിവിൽ, മിലിറ്ററി, മെഡിക്കൽ തുടങ്ങിയ മേഖലകളിൽ സേവനം അനുഷ്ഠിച്ച പാശ്ചാത്യരുടെയും ഭാരതസന്ദർശനം നടത്തിയ വിദേശസഞ്ചാരികളുടെയും റോയൽ സൊസൈറ്റി തുടങ്ങിയ സംഘടനകളുടെ ഭാരതത്തിൽ വന്ന പ്രതിനിധികളുടെയും റിപ്പോർട്ടുകളും ലേഖനങ്ങളും മറ്റും ഉപയോഗിച്ചു.

സാധാരണഗ്രന്ഥങ്ങളിൽനിന്നു വ്യത്യസ്തമായി പാശ്ചാത്യരുടെ രേഖകളും സ്ഥിതിവിവരക്കണക്കുകളും ഉദ്ധരിച്ചുകൊണ്ടാണു സമസ്ത മേഖലകളിലുമുണ്ടായിരുന്ന ഭാരതത്തിന്റെ പുരോഗതി ധരംപാൽ ആധികാരികമായി അവതരിപ്പിക്കുന്നത്. രാജ്യസ്നേഹത്തിന്റെയും കഠിനാധ്വാനത്തിന്റെയും അർപ്പണബോധത്തിന്റെയും പ്രതീകമായ ധരംപാലിന്റെ മിഴിവാർന്ന ചിത്രം സമ്പൂർണ സാഹിത്യത്തിന്റെ മുഖവുരയിൽ ശ്രീ. ആർ. ഹരി ഇങ്ങനെ രേഖപ്പെടുത്തുന്നു, 'സ്വാതന്ത്ര്യലബ്ധിക്കു മുൻപും പിൻപുമായ രണ്ടു കാലഘട്ടങ്ങളിൽ വ്യാപിച്ചതായിരുന്നു അദ്ദേഹത്തിന്റെ തപോമയമായ ജീവിതം. ആദ്യകാലങ്ങളിൽ, അദ്ദേഹത്തിന്റെ ജീവിതം കർമ്മയോഗിയുടേയും പിൽക്കാലജീവിതം ജ്ഞാനയോഗിയുടേയുമായിരുന്നു.'

ബ്രിട്ടീഷ് ആധിപത്യത്തിനു മുൻപ്, മനുഷ്യനിൽ അന്തർലീനമായ പൂർണ്ണതയെ പ്രകാശിപ്പിക്കാൻ ഉതകുന്ന, സ്വഭാവരൂപീകരണത്തിന് ഊന്നൽ നൽകുന്ന, ഒരു വിദ്യാഭ്യാസപദ്ധതി ഇവിടെ നിലനിന്നിരുന്നു. ബ്രിട്ടീഷ് അധിനി

വേശത്തോടെ ഈ സമ്പ്രദായത്തിന്റെ അടിവേരുകൾപോലും നശിപ്പിക്കപ്പെട്ടു എന്നു ഗാന്ധിജി വിലപിച്ചു. ഈ വിദ്യാഭ്യാസരീതിയെയാണു തന്റെ ലണ്ടൻ പ്രസംഗത്തിൽ 'ദ ബ്യൂട്ടിഫുൾ ട്രീ'(മനോഹര വൃക്ഷം) എന്നു ഗാന്ധിജി വിശേഷിപ്പിച്ചത്. ഇതേ പേരാണു തന്റെ പ്രാചീന ഭാരതീയ വിദ്യാഭ്യാസ സമ്പ്രദായത്തെ കുറിക്കുന്ന ഗ്രന്ഥത്തിനു ധരംപാൽ സ്വീകരിച്ചത്. ബ്രിട്ടീഷുകാരുടെ ഔദ്യോഗികരേഖകളും സ്ഥിതിവിവരക്കണക്കുകളും ഉദ്ധരിച്ചുകൊണ്ട് ആ വിദ്യാഭ്യാസസമ്പ്രദായം സാർവത്രികവും പുരോഗമനപരവും ആയിരുന്നുവെന്ന് അദ്ദേഹം സമർഥിക്കുന്നു. ജാതി-മത-ലിംഗ-ഭേദമന്യേ എല്ലാവർക്കും ലഭിച്ചിരുന്ന ഈ വിദ്യാഭ്യാസം പാശ്ചാത്യനാടുകളിൽ അന്നുണ്ടായിരുന്നതിനേക്കാൾ മെച്ചമായിരുന്നുവെന്നു വിദേശികൾതന്നെ സാക്ഷ്യപ്പെടുത്തുന്ന ഈ ഗ്രന്ഥം കേരളത്തിലെ സാംസ്കാരികവേദികളിലും ഒരു കാലത്തു ചർച്ചാവിഷയമായിരുന്നു



18-ാം നൂറ്റാണ്ടിലെ ഇന്ത്യൻ ശാസ്ത്രസാങ്കേതികരംഗം എന്നതിന്റെ ആദ്യ പുസ്തകത്തിലൂടെ വ്യാവസായിക വിപ്ലവത്തെ തുടർന്നു പാശ്ചാത്യനാടുകളിൽ ഈ രംഗങ്ങളിൽ ഉണ്ടായ മുന്നേറ്റങ്ങൾക്കു വളരെ മുൻപുതന്നെ ഭാരതം ഇത്തരം മേഖലകളിൽ മികച്ച കണ്ടെത്തലുകളും നേട്ടങ്ങളും കൈവരിച്ചുവെന്നു പാശ്ചാത്യരുടെ രേഖകളുടെ പിൻബലത്തോടെ ഇതിൽ അവതരിപ്പിക്കുന്നു

ഏതൊരു മഹത്തായ സംരംഭത്തിനും സഹായികൾ ഉണ്ടാവുന്നതുപോലെ തികച്ചും ആകസ്മികമായാണു പ്രശസ്ത ചിന്തകനും പരിസ്ഥിതി പ്രവർത്തകനും എഴുത്തുകാരനുമായ ക്ളോഡ് അൽവാരെസ് ധരംപാലിന്റെ ദൗത്യവാഹകനാവുന്നത്. 1976-ൽ ഹോളണ്ടിലെ ഗ്രന്ഥശാലയിൽ തന്റെ ഗവേഷണത്തിനാവശ്യമായ വിവരശേഖരണത്തിലായിരുന്നു അൽവാരെസ്. ഭാരതത്തിലെയും ചൈനയിലെയും പ്രാചീനശാസ്ത്ര സാങ്കേതികതയെ പരാമർശിക്കുന്ന ഗ്രന്ഥങ്ങളായിരുന്നു അദ്ദേഹത്തിനു വേണ്ടത്. ഈ വിഷയത്തിലെ ചൈനീസ് ഗ്രന്ഥങ്ങൾ ലഭിച്ചെങ്കിലും ഭാരതത്തെക്കുറിച്ചു കാര്യമായി ഒന്നും ലഭിച്ചില്ല. കിട്ടിയതാകട്ടെ ഐതിഹ്യങ്ങളും തത്ത്വചിന്തകളും കൂടിക്കലർന്ന വെറും പ്രാഥമികതലത്തിൽ പെടുത്താവുന്നവയും. നിരാശനായ അദ്ദേഹത്തിനു 'സൗത്ത് ഈസ്റ്റ് ഏഷ്യ ഇൻസ്റ്റിറ്റ്യൂട്ടി'ൽനിന്നു ധരംപാലിന്റെ ഈ ഗ്രന്ഥം ലഭിക്കുകയും അതിൽനിന്നു ഭാരതത്തിന്റെ ശാസ്ത്രസാങ്കേതികരംഗത്തെ അത്ഭുതകരമായ പുരോഗതി മനസ്സിലാക്കുകയും ചെയ്തു. പിന്നീടു ധരംപാലിനെ നേരിൽക്കണ്ട അൽവാരെസ് അദ്ദേഹത്തിന്റെ സുഹൃത്തും അനുയായിയും ഗ്രന്ഥങ്ങളുടെ പ്രചാരകനുമായി. ഇതിനായി അദ്ദേഹം ഇന്ത്യയിലെ ഇല്ലസ്ട്രേറ്റഡ് വീക്കിലിയിൽ ശാസ്ത്രസാങ്കേതികരംഗത്തെക്കുറിച്ചുള്ള ധരംപാലിന്റെ പുസ്തകത്തെ ആധാരമാക്കി ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു.

ഗ്രന്ഥത്തിലെ പ്രധാന പരാമർശങ്ങളിൽ ആദ്യം ബനാറസിലെ വാനനിരീക്ഷണകേന്ദ്രത്തെക്കുറിച്ചാണ്(ഇന്നത് 'മാൻ മന്ദിർ' എന്നറിയപ്പെടുന്നു). ലോകത്തിലെതന്നെ അതിപ്രാചീനമായ ഒന്നായി ഇതു കണക്കാക്കപ്പെടുന്നു. 1772-ൽ ഇതു സന്ദർശിച്ച സർ റോബർട്ട് ബേക്കർ അത് 16-ാം നൂറ്റാണ്ടിൽ സ്ഥാപിച്ച

താണെന്ന് അഭിപ്രായപ്പെട്ടു. ഗ്രഹങ്ങൾ, ഉപഗ്രഹങ്ങൾ തുടങ്ങിയവയെ നിരീക്ഷിക്കുവാനും ചില ഗണിതസൂത്രങ്ങളുടെ സഹായത്തോടെ അവയുടെ സ്ഥാനം, ചലനം, ദിശ, വേഗത, അവയിലേക്കു ഭൂമിയിൽനിന്നുള്ള ദൂരം എന്നിവ കൃത്യമായി നിർണയിക്കാനും ഭാരതീയർക്ക് അറിയുമായിരുന്നു. ബീജഗണിതം, ദ്വിമാനസിദ്ധാന്തം, കപ്പൽ നിർമ്മാണം എന്നിവയിലും അവർ മികവു പുലർത്തി. ഒരു വിദേശ ഉദ്യോഗസ്ഥന്റെ കുറിപ്പിൽ കപ്പലുകളുടെ ജലത്തിലുള്ള ഭാഗങ്ങളിൽ ജലം കടക്കാതിരിക്കാൻ ഇവിടെ ഉപയോഗിച്ചിരുന്ന ഒരു തരം പശ പരാമർശിക്കപ്പെടുന്നു. എഡ്വേഡ് ജെന്നർ വസൂരിക്കുള്ള കുത്തിവെപ്പു കണ്ടുപിടിക്കുന്നതിനു വളരെ മുൻപേ ബംഗാളിലും മറ്റും കുത്തിവെപ്പുകൾ വ്യാപകമായിരുന്നു.

പത്തു ലക്ഷത്തിൽ ഒന്നോ മറ്റോ ആണ് ഇത്തരം കുത്തിവെപ്പുകൾ എടുത്തിട്ടും രോഗം വന്ന സന്ദർഭങ്ങൾ ഉണ്ടായത് എന്നു ജെ. ഇസഡ്. ഹോൾവെൽ രേഖപ്പെടുത്തുന്നു. നല്ല കുമ്മായംകൊണ്ടു സുർക്കി നിർമ്മിക്കുന്നതിൽ മദ്രാസ് അന്നേ ഖ്യാതി നേടിയിരുന്നു. വെള്ളത്തിനടിയിൽ ഉള്ള പണികൾക്കായി സവിശേഷമായ സുർക്കിയും അവർ ഉപയോഗിച്ചിരുന്നു. കുഴികളിൽ വെള്ളം നിറച്ച് ഐസ് നിർമ്മാണം, പല പല ചായങ്ങൾ, കടലാസ്സ് തുടങ്ങി ഒട്ടനവധി വസ്തുക്കളും ഇവിടെ നിർമ്മിക്കപ്പെട്ടിരുന്നു. ഇരുമ്പ്, ഉരുക്ക് മുതലായവയുടെ നിർമാണരീതികളും അവയ്ക്കുവേണ്ടി വരുന്ന പണിക്കാരുടെ എണ്ണവും കൂലിയും മറ്റു ചെലവുകളും വിദേശീയർതന്നെ വിശദമായി രേഖപ്പെടുത്തിയതും ഇതിൽ കാണാം. മെഡിക്കൽ ഉപകരണങ്ങൾവരെ ഉണ്ടാക്കാൻ പര്യാപ്തമായ, ഉന്നത നിലവാരം പുലർത്തുന്ന ഉരുക്ക് ഇവിടെനിന്നു ഇംഗ്ലണ്ടിലേയ്ക്കു കയറ്റി അയച്ചിരുന്നു, അത് ഷെഫീൽഡ് ഉരുക്കിനേക്കാൾ മേന്മ പുലർത്തി.

കാർഷികമേഖലയിലും ഏറെ മുന്നിലായിരുന്ന ഭാരതത്തിൽ കുഴിക്കലപ്പയുടെ ഉപയോഗം, കൃത്രിമജലസേചനം, ആവർത്തന കൃഷി മുതലായവ പ്രാബല്യത്തിലാക്കിയിരുന്നു. നെല്ലുല്പാദനത്തിന്റെ തോത് ഇന്നത്തെ ജപ്പാനിലേക്കാൾ ഇവിടെ ഉയർന്നിരുന്നു. 1750-ലെ ലോകത്തിന്റെ മൊത്തം വ്യാവസായിക ഉല്പാദനത്തിന്റെ ഏതാണ്ടു മുക്കാൽ ഭാഗവും ഭാരത

## സർവ്വാത്മ സമർപ്പണം

ഈ നശ്വരലോകത്തിൽ ഒന്നുംതന്നെ ശാശ്വതമായിട്ടില്ല. യാതൊരു ശക്തിയും എല്ലാക്കാലവും ഒരേ രൂപത്തിൽ പ്രവർത്തിക്കുന്നതല്ല. ശക്തിയുടെ പോക്ക് എങ്ങനെ എന്നറിയാമോ? യഥാർത്ഥത്തിൽ തിരമാലകൾ പോലെയാണു ശക്തി പ്രസരിക്കുന്നത്. ചില സമയങ്ങളിൽ അവ അതിശീഘ്രം മേല്പോട്ടുയരുന്നു. വേറെ ചില സമയങ്ങളിൽ മന്ദഗതിയിൽ കീഴ്പ്പോട്ടു വരികയും ചെയ്യുന്നു. ചിരകാലമായി ഇങ്ങനെതന്നെ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഈ മന്ദഗതി വരാനിരിക്കുന്ന ശീഘ്രഗതിയുടെ ഒരു സൂചനമാത്രമാണ്. പിന്നെ എങ്ങനെയാണ് ഈ ശക്തിയെ അവ്യാഹതമായി സൂക്ഷിക്കുവാൻ കഴിയുക എന്നു മനുഷ്യരെങ്ങനെയറിയും? സാക്ഷാൽ ജഗദംബയ്ക്കു മാത്രമേ അതറിയുകയുള്ളൂ. യാതൊരു മഹാശക്തി ഈ ജഗത്തിന്റെ ശക്തിക്കു കാരണമായിരിക്കുന്നുവോ ആ ശക്തി എങ്ങനെ സൂക്ഷിക്കണമെന്ന് അമ്മയ്ക്കു മാത്രമേ അറിയൂ. യാതൊരു ആദ്യാശക്തി, ജഗന്മംഗളത്തിനായി അവതരിക്കുന്നുവോ ആ ശക്തിക്കറിയാം എങ്ങനെ എത്രകാലം ആ ശക്തി ശീഘ്രഗതിയിൽ നിർത്തണമെന്ന്. ഞങ്ങളുടെ പക്ഷത്തിൽ സർവ്വവും ഭഗവാനിൽ സമർപ്പിക്കുകയല്ലാതെ വേറെ ഗതിയൊന്നുമില്ല.

**ശ്രീമദ് ശിവാനന്ദസ്വാമികൾ(ഈശ്വരദർശനം ജീവിതലക്ഷ്യം - പേജ്, 293)**

വും ചൈനയും ചേർന്നു നൽകി. 1830-ൽ അത് 60 ശതമാനമായതായും അക്കാലത്തെ പഠനങ്ങൾ വെളിപ്പെടുത്തുന്നു. നേരത്തെ സൂചിപ്പിച്ച പോലെ ഈ ഗ്രന്ഥത്തിലെ ലേഖനങ്ങളും കുറിപ്പുകളും അതാതു മേഖലയിലെ പ്രഗത്ഭരായ ബ്രിട്ടീഷുകാരുടേതു തന്നെയാണെന്നത് ഇതിന്റെ ആധികാരികത വർദ്ധിപ്പിക്കുന്നു.

ആദ്ധ്യാത്മികതയോടൊപ്പം ശാസ്ത്ര, സാങ്കേതിക, സാമ്പത്തികരംഗങ്ങളിലും ഭാരതം ഒരു കാലത്ത് ഒന്നാം സ്ഥാനത്തായിരുന്നു എന്ന് ഈ ഗ്രന്ഥം നമ്മെ ബോധ്യപ്പെടുത്തുന്നു. സങ്കീർണ്ണവും മലയാളഭാഷയ്ക്കു പലപ്പോഴും വഴങ്ങാത്തതുമായ ശാസ്ത്രസാങ്കേതിക പദങ്ങളും വിവരണങ്ങളും പട്ടികകളും സൂത്രങ്ങളും മറ്റും; ലളിതമായ മലയാളത്തിൽ, മൂല്യം ഒട്ടും ചോരാതെ, അതീവ കൃത്യതയോടെ പ്രതിപാദിക്കുന്ന ശ്രീ സുരേഷ് ആലുവയുടെ പരിഭാഷ ഒരേസമയം വിജ്ഞാനപ്രദവും രസകരവുമായ വായനാനുഭവം നൽകുന്നതിൽ വിജയിച്ചിരിക്കുന്നു.

ഈ കൃതി വായിക്കുമ്പോൾ ഇത്രയും മഹത്തായ പൈതൃകം നമുക്ക് എങ്ങനെ നഷ്ടപ്പെട്ടു എന്ന സംശയം സ്വാഭാവികമായും ഉണ്ടാകാം. അതിനുള്ള ഉത്തരങ്ങളും ധരംപാൽ സാഹിത്യത്തിലുണ്ട്. ബ്രിട്ടീഷുകാരുടെ ചൂഷണ ഉപാധികളും നമ്മുടെതന്നെ അനാസ്ഥയും അപകർഷതാബോധവുമാണു പ്രധാന കാരണങ്ങൾ എന്നു കണ്ടെത്താനാവും. സമ്പൂർണ്ണസാഹിത്യത്തിൽ മേൽ സൂചിപ്പിച്ച മനോഹര വൃക്ഷം(വിവ. ശ്രീ. പി. നാരായണൻ), ഇന്ത്യൻ ശാസ്ത്രസാങ്കേതിക രംഗം(വിവ. ശ്രീ. സുരേഷ് ആലുവ) എന്നിവ കൂടാതെ ഭാരതത്തെ തിരിച്ചറിയുന്നു(വിവ. ഡോ.സംഗീത), ഗാന്ധിയെ അറിയൽ(വിവ. ശ്രീമതി പ്രീത ഇ. കെ.), ഭാരതപാരമ്പര്യത്തിൽ നിയമ നിഷേധം(വിവ. ശ്രീ. പി. നാരായണൻ), ഭാരതത്തിന്റെ ആത്മജാഗരണം(വിവ. ശ്രീ. പി. നാരായണൻ), ഭാരതത്തിൽ ഗോവധത്തിന്റെ തുടക്കവും ബ്രിട്ടീഷുകാരും(വിവ. ശ്രീ. പി. നാരായണൻ) എന്നിങ്ങനെ ഏഴു പുസ്തകങ്ങൾ ആണുള്ളത്. രണ്ടു ഗ്രന്ഥങ്ങൾ ഉടൻ പ്രതീക്ഷിക്കപ്പെടുന്നു.

'സമൃദ്ധമായിരുന്ന ഇവിടത്തെ കാർഷിക-വ്യാവസായിക മേഖലകളെ ക്രൂരമായി ചൂഷണം ചെയ്ത് ഉത്പാദനം സ്തംഭിപ്പിച്ച് ഒരു പിന്നോക്ക ദരിദ്രരാഷ്ട്രമാക്കി മാറ്റാൻ ബ്രിട്ടീഷ് സാമ്രാജ്യത്തിനു സാധിച്ചു. അതോടൊപ്പം ചൂഷണത്തിലൂടെ കൈവന്ന സാമ്പത്തികവിഭവങ്ങൾ ഉപയോഗപ്പെടുത്തി ഇംഗ്ലണ്ടിൽ വ്യവസായം വളർത്തുകയും ക്രമേണ ഭാരതത്തെ അവരുടെ വിപണിയാക്കി മാറ്റുകയും ചെയ്തു. ഇവിടെ നിലനിന്നിരുന്ന വിപുലമായ വിദ്യാഭ്യാസ ശൃംഖല തകർത്തു തരിപ്പണമാക്കുകയും ബ്രിട്ടീഷ് വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുകയും അതുവഴി അഭ്യസ്തവിദ്യരെ അവരുടെ മാനസപുത്രന്മാരാക്കി മാറ്റുകയും ചെയ്തു' എന്നു ശ്രീ. പി. പരമേശ്വരൻ 'സ്വതന്ത്രഭാരതം ഗതിയും നിയതിയും' എന്ന തന്റെ ഗ്രന്ഥത്തിൽ ഇന്ത്യയുടെ അധഃപതനത്തിന്റെ കാരണങ്ങൾ വിശദീകരിക്കുന്നു.

ധരംപാൽ കൃതികളും ഇതേ ദിശയിലേക്കുതന്നെയാണു വിരൽ ചൂണ്ടുന്നത്. ഭാരതീയരിൽ ആത്മവിശ്വാസവും സ്വരാജ്യസ്നേഹവും വളർത്തി കർത്തവ്യനിരതരാകാൻ പ്രചോദിപ്പിക്കുന്ന ഇത്തരം ഗ്രന്ഥങ്ങൾ കൂടുതൽ ജനങ്ങളിലേയ്ക്ക് എത്തട്ടെ എന്ന് ആഗ്രഹിക്കുകയും അതിന് അവസരമൊരുക്കിയ ശ്രീ. ലക്ഷ്മീ ബായ് ധർമ്മപ്രകാശനെ അഭിനന്ദിക്കുകയും ചെയ്യട്ടെ●

**സഹായകഗ്രന്ഥങ്ങൾ**

1 സ്വാമി വിവേകാനന്ദന്റെ സമ്പൂർണ കൃതികൾ, വാല്യം-5, പേജ്, 534

2 'സ്വതന്ത്രഭാരതം ഗതിയും നിയതിയും' പി. പരമേശ്വരൻ - പേജ്, 19

മഹാത്മാഗാന്ധി
കുഞ്ഞിക്കുട്ടൻ നമ്പൂതിരി

# സ്നേഹവും കരുതലും




ഗാന്ധിജി ദക്ഷിണാഫ്രിക്കയിൽനിന്നും വന്ന ഉടനെ, ബോംബെയിൽ കോൺഗ്രസ്സിന്റെ ഒരു മീറ്റിങ്ങ് നടന്നു. കാക്കാ സാഹെബ് കാലേക്കർ ഗാന്ധിജിയെ സഹായിക്കാൻ അവിടെയുണ്ടായിരുന്നു. ഒരു ദിവസം കാക്കാ സാഹെബ്, ഗാന്ധിജി എന്തോ കാര്യമായി തന്റെ മേശയുടെ സമീപത്തൊക്കെ തിരയുന്നതു കണ്ടു. "എന്താ കാര്യം? താങ്കളെന്താ തിരയുന്നത്?" കാക്കാ സാഹെബ് ചോദിച്ചു. "എന്റെ പെൻസിൽ നഷ്ടപ്പെട്ടു." ഗാന്ധിജി പറഞ്ഞു. ഏറെനേരം അദ്ദേഹം അതു തിരഞ്ഞു. പക്ഷേ കിട്ടിയില്ല.

ഒരു ചെറിയ പെൻസിലിനുവേണ്ടി ഗാന്ധിജി എന്തിനാണ് ഇങ്ങനെ സമയം കളയുന്നത് എന്നു കാക്കാ സാഹേബ് വിചാരിച്ചു. അദ്ദേഹം തന്റെ പോക്കറ്റിലുണ്ടായിരുന്ന ഒരു പെൻസിൽ എടുത്ത് അദ്ദേഹത്തിനു നീട്ടി. "വേണ്ട, വേണ്ട, എനിക്ക് എന്റെ പെൻസിൽതന്നെ വേണം." ഒരു കൊച്ചുകുട്ടിയെപ്പോലെ ഗാന്ധിജി വാശി പിടിച്ചു. "തൽക്കാലം ഇതുപയോഗിക്കൂ. മറ്റേ പെൻസിൽ പിന്നീടു നമുക്കു കണ്ടുപിടിക്കാം."കാക്കാ പറഞ്ഞു. "താങ്കൾക്കറിയില്ല. ആ പെൻസിൽ എനിക്കു വളരെ വിലപ്പെട്ടതാണ്."

"മദ്രാസിൽവെച്ചു നടേശന്റെ ഇളയ മകൻ എനിക്കു സമ്മാനിച്ചതാണത്. അവൻ എനിക്കു വളരെ സ്നേഹത്തോടും ഇഷ്ടത്തോടുംകൂടിയാണ് അതു സമ്മാനിച്ചത്. അതു നഷ്ടപ്പെടുന്നത് എനിക്കു സഹിക്കാൻ പറ്റാത്ത കാര്യമാണ്." കാക്കാ സാഹെബ് പിന്നെ തർക്കിക്കാൻ നിന്നില്ല. അവർ രണ്ടു പേരുംകൂടി തിരഞ്ഞ്, അവസാനം അതു കണ്ടുപിടിച്ചു. അതിനു രണ്ടിഞ്ചു നീളമേ ഉണ്ടായിരുന്നുള്ളു. അതു കിട്ടിയപ്പോൾ ഗാന്ധിജി ഒരു കൊച്ചുകുട്ടിയെപ്പോലെ സന്തോഷം പ്രകടിപ്പിച്ചു. ഗാന്ധിജിക്ക് അതൊരു സാധാരണ പെൻസിലായിരുന്നില്ല. ഒരു കുട്ടിയുടെ സ്നേഹചിഹ്നമായിരുന്നു. അദ്ദേഹത്തിനു കുട്ടികളുടെ സ്നേഹം അമൂല്യമായിരുന്നു ●

## വൃത്തപ്രശ്നം - ഗാന്ധിജി

1. ഗാന്ധിജിയുടെ രാഷ്ട്രീയഗുരു ആരായിരുന്നു?
2. ഗാന്ധിജിയുടെ അമ്മയുടെ പേര്?
3.ഗാന്ധിജി വിവാഹം കഴിച്ചത് എത്രാമത്തെ വയസ്സിലാണ്?
4. ഗാന്ധിജിയുടെ അച്ഛന്റെ പേര്?
5. 1930 മാർച്ച് 20-നു തുടങ്ങിയ പ്രതിഷേധസമരത്തിന്റെ പേര്?
6. ഗാന്ധിജിയുടെ മൂത്തപുത്രന്റെ പേര്?
7. ഏത് ആഫ്രിക്കൻ പ്രദേശത്തെ സുപ്രീം കോർട്ടിലാണ് അഡ്വക്കേറ്റായി ആദ്യമായി ഗാന്ധിജി എൻറോൾ ചെയ്തത്?
8. ഗാന്ധിജിയുടെ ആദ്ധ്യാത്മിക വഴികാട്ടിയായി പറയുന്നത് ആരെയാണ്?
9. ഗാന്ധിജിയോടൊപ്പം സരോജിനി നായിഡു നയിച്ച സത്യാഗ്രഹം ഏതാണ്?
10. ഇന്ത്യയിൽ ഏതു സ്ഥലത്തു വെച്ചാണു ഗാന്ധിജി ആദ്യമായി അദ്ദേഹത്തിന്റെ സത്യാഗ്രഹ പരിപാടി ആരംഭിച്ചത്?




ബാലസാഹിത്യകാരനായ ലേഖകൻ സാധകനായി ജീവിതം നയിച്ചുവരുന്നു - 9446323355

# യോഗവാസിഷ്ഠരാമായണം



*ശ്രീമദ് സ്വപ്രഭാനന്ദസ്വാമികൾ*

*(ഉത്പത്തിപ്രകരണം 110–ാം സർഗ്ഗം)*

*(മനസ്സിന്റെ വൈഭവങ്ങൾ വർണ്ണിച്ചിട്ട് അതിലൂടെ മനസ്സിനെ അടക്കാനുള്ള ഉപായം വസിഷ്ഠമഹർഷി ശ്രീരാമന്നു പറഞ്ഞുകൊടുക്കുന്നു.)*

ശ്രീ വസിഷ്ഠൻ പറഞ്ഞു:

പരമകാരണമായ പരമാത്മാവിൽനിന്നും നാനാവിധമായ വിചിത്രരൂപങ്ങൾ എടുക്കാൻ കഴിവുള്ള ചിത്തമുണ്ടായി(പരമാത്മാവു വികാരം പരിണാമം ഇല്ലാത്ത വസ്തു ആയതുകൊണ്ടു പരമാത്മബിംബമുള്ള അജ്ഞാനത്തിൽനിന്നും ചിത്തമുണ്ടായിയെന്നു ധരിയ്ക്കണം). ചിത്തം അവാസ്തവമായ നാമരൂപങ്ങളെ സങ്കല്പിച്ചുണ്ടാക്കിയിട്ട് ആത്മാവിന്റെ വാസ്തവമായ പൂർണ്ണതയെ നിർവ്വികാരതയെ മറച്ചിട്ട് ആത്മാവിനു ജനനമരണാദി വികാരങ്ങൾ ഉള്ളതായും അതിനെ അപൂർണ്ണവസ്തുവായും തോന്നിപ്പിച്ചു ഭ്രമിപ്പിയ്ക്കുന്നു. ഈ ഭ്രമം അനാദികാലമായിട്ടു നടന്നുവരുന്നു. ചിത്തോത്പത്തിയാണു സർവ്വാനർത്ഥങ്ങൾക്കും കാരണം, ചിത്തം വാസനാരൂപത്തിലുള്ള നൂറുകണക്കിനു ചിത്തവൃത്തികൾകൊണ്ട് ആത്മാവിൽ ദുഃഖത്തെ സങ്കല്പിച്ചുണ്ടാക്കുന്നു. ഭയമുള്ള ബാലിക അന്ധകാരാവസരത്തിൽ മരക്കുറ്റിയിലും മറ്റും വേതാളത്തെ കാണുന്നതുപോലെയാണത്. എന്നാൽ ആത്മാവിന്റെ യഥാർത്ഥമായ സ്വരൂപബോധം നേടിയാൽ, സൂര്യോദയത്തിൽ അന്ധകാരം ദൂരീകരിയ്ക്കപ്പെടുന്നതുപോലെ സർവ്വാനർത്ഥങ്ങളും ആ നിമിഷത്തിൽ ദൂരീകരിയ്ക്കപ്പെടുന്നു(അനാദികാലമായിട്ട് ഒരു ഗുഹയിൽ വർത്തിച്ചിരുന്ന അന്ധകാരമായാലും ദീപപ്രഭാദർശനത്തിൽ ആ നിമിഷത്തിൽത്തന്നെ അന്ധകാരം എങ്ങോട്ടെന്നില്ലാതെ ഓടിമറയുന്നു. അതുപോലെ ആത്മബോധോദയത്തിൽ അജ്ഞാനവും അജ്ഞാനകാര്യങ്ങളും ഉടൻ നശിയ്ക്കുന്നു).

മനസ്സു ദൂരത്തെ അടുപ്പിയ്ക്കുന്നു, സാമീപ്യത്തെ അകറ്റുന്നു.കൊച്ചുകുട്ടി തന്റെ പ്രഭാവം പക്ഷിക്കുഞ്ഞുങ്ങളോടു കാണിയ്ക്കുന്നതുപോലെ മനസ്സു സർവ്വപ്രാണികളോടും തന്റെ പ്രഭാവം കാട്ടുന്നു. വാസനകളുള്ള മനസ്സിന് അഭയരൂപമായ വസ്തുവിൽ ഭയം തോന്നിയ്ക്കുന്നു. ഭ്രമം പിടിപെട്ട യാത്രക്കാരനു മരക്കുറ്റി കണ്ടാൽ പിശാചാണെന്നു തോന്നുന്നപോലെയാണത്. വാസനകളെക്കൊണ്ടു മലിനമായ ചിത്തം മിത്രത്തിൽ ശത്രുവിനെ കാണുന്നു. വട്ടപ്പാലം ചുറ്റിക്കളിച്ചവനു ഭൂമിമുഴുവൻ അതിവേഗം ചുറ്റുന്നതായി തോന്നിയ്ക്കുന്നപോലെയാണത്. മനസ്സു പര്യാകുലമായിത്തീർന്നവനു ചന്ദ്രനിൽനിന്നുപോലും വജ്രപാതഭയം വന്നുചേരുന്നു. മനസ്സു പര്യാകുലമായവൻ അമൃതം വിഷമാണെന്നു കരുതി ഭക്ഷിച്ചാൽ അവനു വിഷബാധയുടെ ദോഷങ്ങൾ വന്നുചേരുന്നു. വാസനകൾകൊണ്ടു കലുഷിതമായവന് അസത്തായ ഗന്ധർവ്വനഗരം സത്താണെന്നു തോന്നും. അവനു ജാഗ്രദനുഭവം സ്വപ്നാനുഭവമായിട്ടു തോന്നും. ഉത്കടമായ വാസനകളാണു സകല തെറ്റിദ്ധാരണകൾക്കും കാരണമായിത്തീരുന്നത്. അതുകൊണ്ടു പ്രയത്നപ്പെട്ടുതന്നെ സകല വാസനകളേയും മനസ്സിൽനിന്നും നിശ്ശേഷം സമൂലം പറിച്ചുകളയണം.

സംസാരമാകുന്ന വനമദ്ധ്യത്തിലെ വാസനകളാകുന്ന വലയിൽ കുരുങ്ങിയ മനുഷ്യമനസ്സാകുന്ന മാൻ അത്യന്തം വിവശത അനുഭവിയ്ക്കുന്നു. ആകാശത്തിൽനിന്നും മേഘങ്ങൾ അകന്നാൽ അഥവാ അകറ്റപ്പെട്ടാൽ സൂര്യപ്രകാശം വിളങ്ങുന്നതുപോലെ ജ്ഞാനവിചാരം നടത്തിയിട്ടു മനുഷ്യന്റെ വിഷയവാസനകളെ തീർത്തും നശിപ്പിച്ചാൽ അവന്റെ പ്രകാശം ലോകത്തിൽ വിളങ്ങും. ഹേ രാമ, നരൻ എന്നു പറയപ്പെടുന്നതു മനസ്സാകുന്നു, ശരീരമല്ല. ശരീരം ജഡമാകുന്നു, മനസ്സു ജഡമല്ല, എന്നാൽ അജഡവുമല്ല. ഹേ പാപരഹിതനായ രാമ, മനസ്സുകൊണ്ടു ചെയ്യപ്പെട്ടതിനെയാണു ചെയ്യപ്പെട്ടതായി കാണേണ്ടത്, ശരീരം കൊണ്ടു ചെയ്യപ്പെട്ടതിനെയല്ല(മനഃകൃതം കൃതം സർവ്വം ന ശരീരകൃതം കൃതം).



മനസ്സുതന്നെയാണു സമസ്ത ജഗത്തും. ഭൂമിയുടെ പ്രാന്തപ്രദേശവും മനസ്സാകുന്നു, ആകാശവും മനസ്സാകുന്നു, ഭൂമിയും വായുവും മനസ്സാകുന്നു. മഹത്തത്ത്വവും മനസ്സാകുന്നു. മനസ്സിനെ പ്രകാശാദിപദാർത്ഥങ്ങളായിട്ടു കല്പിച്ചില്ലെങ്കിൽ സൂര്യോദയമുണ്ടായാലും പ്രകാശാനുഭവമുണ്ടാകുന്നതല്ല. ആരുടെ മനസ്സാണോ മോഹമുള്ളതായത് അവനെയാണു മൂഢൻ എന്നു പറയുന്നത്. ശവത്തിനു മോഹം സംഭവിച്ചാലും ശവത്തിനെയാരും മൂഢൻ എന്നു വിളിയ്ക്കാറില്ല. മനസ്സുകണ്ടാലേ കണ്ണുകാണൂ. മനസ്സുകേട്ടാലേ കാതുകേൾക്കൂ. മനസ്സുതൊട്ടാലേ ത്വക്കു തൊടൂ. മനസ്സു മണത്താലേ മൂക്കു മണക്കൂ. മനസ്സു രുചിച്ചാലേ നാക്കു രുചിയ്ക്കൂ. നാടകത്തിൽ ഒരേ നടൻതന്നെ പല വേഷങ്ങളുമെടുത്തു നടിയ്ക്കുന്നതുപോലെയാണു ശരീരത്തിൽ മനസ്സു കണ്ണായും കാതായും മൂക്കായും നാക്കായും ത്വക്കായും പ്രവർത്തിയ്ക്കുന്നത്. മനസ്സു ചെറുതിനെ വലുതാക്കുകയും സത്പദാർത്ഥത്തെ അസത്പദാർത്ഥമാക്കുകയും സ്വാദുള്ളതിനെ സ്വാദില്ലാത്തതാക്കുകയും ശത്രുവിനെ മിത്രമാക്കുകയും ചെയ്യുന്നു. മനോവൃത്തികൾ ഇന്ദ്രിയങ്ങളിലൂടെ വിഷയദേശത്തു ചെന്നിട്ടു വിഷയാകാരമെടുക്കുന്നതിനെയാണു പ്രത്യക്ഷപ്രമാണമെന്നു പറയുന്നത്. ഇങ്ങനെയാണു ശാസ്ത്രങ്ങളിൽ പറഞ്ഞിരിയ്ക്കുന്നത്. സ്വപ്നാനുഭവങ്ങളും മനസ്സിലൂടെയാണു നടക്കുന്നത്. ജാഗ്രത്തിലും സ്വപ്നത്തിലും മനഃപ്രഭാവമനുസരിച്ചു കാലാനുഭവത്തിനു വ്യത്യാസമുണ്ട്. ഹരിശ്ചന്ദ്രന് ഒരു രാത്രി പന്ത്രണ്ടു വർഷമായിട്ടാണനുഭവപ്പെട്ടത്. ബ്രഹ്മലോകത്തു ചെന്ന ഇന്ദ്രദ്യുമ്നനു ചിത്തപ്രഭാവംകൊണ്ട് ഒരു മുഹൂർത്തം ഒരു യുഗമായിട്ടനുഭവപ്പെട്ടു.

മനോവൃത്തി മനോജ്ഞമാക്കിയാൽ രൗരനഗരത്തിലും സുഖമനുഭവപ്പെടും(ഈശ്വരനാമജപംകൊണ്ടും ഈശ്വരസ്മരണകൊണ്ടുമൊക്കെ മനോവൃത്തികളെ മനോജ്ഞമാക്കാവുന്നതാണ്). കൈകാലുകൾ ബന്ധിച്ചു ജയിലിൽ കിടത്തിയിരിയ്ക്കുന്നവനും രാത്രിയിൽ വിവരം കിട്ടി, അയാൾക്കു പിറ്റേന്നു ജയിൽ മോചനവും രാജ്യപ്രാപ്തിയുമുണ്ടാകുമെന്ന്. അപ്പോളവനു ജയിൽ വാസവും ബന്ധനവും മറ്റും ആനന്ദപ്രദമായിത്തീരുന്നുണ്ടല്ലോ. മനസ്സിനെ ജയിച്ചാൽ എല്ലാ ഇന്ദ്രിയങ്ങളും കീഴടക്കപ്പെട്ടതായിത്തീരുന്നു. മുത്തുമാലയിലെ നൂലു കത്തിപ്പോയാൽ മുത്തുകളെല്ലാം കൈവശമാകുമല്ലോ. ഹേ രാമ, മനസ്സിന്റെ വിപരീതകല്പനാസാമർത്ഥ്യം ആശ്ചര്യകരംതന്നെയാണ്. സർവ്വത്ര വർത്തിയ്ക്കുന്നതും സമത്വം, സ്വച്ഛത്വം, നിർവ്വികാരത്വം മുതലായ സ്വഭാവമുള്ളതും സാക്ഷിസ്വരൂപവും സർവ്വപദാർത്ഥങ്ങളിലും അനുഗതമായിരിയ്ക്കുന്നതും ചേതനവസ്തുക്കളിൽനിന്ന് അഭിന്നവും ചിന്മാത്രസ്വരൂപവും ആത്മസത്താരൂപവും ജ്ഞാനേന്ദ്രിയക്രിയകളും കർമ്മേന്ദ്രിയ ക്രിയകളും ഇല്ലാത്തതുമായ ബ്രഹ്മത്തെ

ചിത്തം വിപരീതധർമ്മങ്ങളുള്ളതാക്കിക്കാണിയ്ക്കുന്നു.

ബ്രഹ്മത്തിനു ദേഹതാദാത്മ്യമുള്ളതാക്കിക്കാണിച്ചിട്ടു ബ്രഹ്മത്തെ ജഡവസ്തുവാക്കിക്കാണിക്കുന്നു. എന്നിട്ട് അന്തഃകരണധർമ്മങ്ങളെയൊക്കെ ബ്രഹ്മകർമ്മങ്ങളാക്കിത്തീർക്കുന്നു. കാമം, സങ്കല്പം, ധൃതി, അധൃതി, ഹ്രീ മുതലായ അന്തഃകരണധർമ്മങ്ങളെ ബ്രഹ്മത്തിൽ ആരോപിയ്ക്കുന്നു. മാത്രമല്ല ബാഹ്യമായി പർവ്വതം നദി, സമുദ്രം, ആകാശം,നഗരം മുതലായവയെ സങ്കല്പിച്ചിട്ടു മനസ്സു നിഷ്പ്രയോജനമായി ഈ വിഷയങ്ങളിലെല്ലാം ചുറ്റിത്തിരിയുന്നു. അമ്പതു പദാർത്ഥങ്ങളിൽ, സങ്കല്പബലംകൊണ്ടു സുഖം കണ്ടെത്തുന്നു. മറിച്ചു സത്പദാർത്ഥങ്ങളിൽ വെറുപ്പും ഉണ്ടാക്കുന്നു. ആത്മതത്ത്വജ്ഞാനം നേടിയിട്ടില്ലാത്ത മനസ്സു വാസനാബലംകൊണ്ടു മിത്ഥ്യാപദാർത്ഥങ്ങളിൽ സുഖം കണ്ടെത്തുന്നു. സത്യവസ്തുക്കളിൽ ദുഃഖജനകത്വവും കാണുന്നു. തത്ത്വജ്ഞാനം നേടിയ മനസ്സ് മിത്ഥ്യാപദാർത്ഥങ്ങളെ തിരിച്ചറിഞ്ഞ് അവയെ പരിത്യജിക്കുകയും സത്യപദാർത്ഥത്തിൽ മാത്രം ശ്രദ്ധ ചെലുത്തുകയും ചെയ്യുന്നു.


ആത്മചൈതന്യത്താൽ പ്രകാശിതമായ മനസ്സ് അഥവാ ആത്മചൈതന്യസ്ഫുരണമുള്ള മനസ്സു സ്വഛന്ദമായിട്ടാണ് എല്ലാ വസ്തുക്കളോടും ബന്ധപ്പെടുന്നത്. സ്പന്ദനമുള്ളിടത്ത് അതു വായുവായിത്തീരുന്നു; പ്രകാശവസ്തുക്കളിൽ അതു പ്രകാശമായിത്തീരുന്നു; ദ്രവവസ്തുക്കളിൽ അതു ദ്രവത്വമുള്ളതായിത്തീരുന്നു. ഭൂമിയിൽ അതു കാഠിന്യമുള്ളതായിത്തീരുന്നു. ശൂന്യവസ്തുക്കളിൽ അതു ശൂന്യഭാവത്തെ സ്വീകരിക്കുന്നു. മനസ്സു കറുത്തതിനെ വെളുത്തതാക്കുന്നു. ഈ മനസ്സിനു ദേശകാലപരിമിതികൾ ബാധകമേയല്ല. മനസ്സു മറ്റൊരിടത്ത് ആസക്തമാണെങ്കിൽ ചവച്ചരയ്ക്കപ്പെട്ട സ്വാദിഷ്ടമായ വസ്തുവിൽപ്പോലും അതിനു സ്വാദു തോന്നിയ്ക്കുന്നില്ല. ഇതാശ്ചര്യകരമല്ലേ?


ചിത്തത്തിനാൽ കാണപ്പെട്ടതേ കാണപ്പെട്ടതാകൂ; ചിത്തത്തിനാൽ കാണപ്പെടാത്തതാകുകയില്ല. കൺമുന്നിൽ വർത്തിയ്ക്കുന്നതായാൽപ്പോലും മനസ്സാന്നിദ്ധ്യമുണ്ടെങ്കിലേ ഇന്ദ്രിയങ്ങൾ പ്രവർത്തിക്കുകയുള്ളൂ; അല്ലെങ്കിലില്ല. അതുകൊണ്ടിന്ദ്രിയങ്ങളെക്കാൾ ശ്രേഷ്ഠമാണു മനസ്സ്. സാധാരണജനങ്ങൾ മനസ്സിനെ ആത്മാവാണെന്നു കരുതുന്നു. എന്നാൽ തത്ത്വജ്ഞാനികൾ മനസ്സിനെ ജഡദേഹത്തിനോടു സമാനമായിട്ടേ കാണുന്നുള്ളൂ. അതുകൊണ്ടാണു സാധാരണജനങ്ങളിൽ മനോധർമ്മങ്ങളായ കാമം, സങ്കല്പം മുതലായവ പ്രവർദ്ധമാനങ്ങളായി കാണപ്പെടുന്നത്. തത്ത്വജ്ഞാനികളിൽ കാമാദിവികാരങ്ങൾ കാണപ്പെടുന്നില്ല. കാരണം മനോഭിന്നവും നിർവ്വികാരവുമായ ആത്മാവാകുന്നു താൻ എന്നവരറിയുന്നു. അതുകൊണ്ടവർ സാധാരണജനങ്ങളെക്കാൾ അത്യന്തം ആദരണീയരാകുന്നു.

സുഗന്ധമുള്ള മനോഹരപുഷ്പങ്ങൾകൊണ്ടുള്ള ശിരോഭൂഷണമണിഞ്ഞവളും മുഖത്തു ഹാവഭാവങ്ങൾ പ്രകടമാക്കുന്നവളുമായ അംഗനയുടെ ശരീരത്തെ നിർജീവവും ജഡവുമായ കുടത്തിനോടും ഭിത്തിയോടും സദൃശമായതായിട്ടാണു തത്ത്വജ്ഞാനികൾ കാണുന്നത്. അതുകൊണ്ടവരിൽ കാമാദിവികാരങ്ങൾ ഉണരുന്നില്ല. രാഗദ്വേഷാദികളെ അടക്കിയ മുനി മനസ്സിനെ ഏകാഗ്രമാക്കി ആത്മധ്യാനത്തിൽ മുഴുകിയിരിക്കെ ആ മുനിയുടെ മടിയിൽ വച്ചിരുന്ന കയ്യിനെ മാംസഭിക്ഷകനായ ഒരു മൃഗം വന്നു കടിച്ചു ചവച്ചാൽപോലും ആ മുനി അതറിയുന്നില്ല. ഒരു മുനി തന്റെ തീവ്രമായ അഭ്യാസപാടവംകൊണ്ടു നേടിയെടുത്ത ഭാവനാവിശേഷങ്ങൾ കാരണമായി യഥാവസരം അനായാസേനതന്നെ കടുത്ത ദുഃഖാനുഭവങ്ങളെ സുഖമായി കാണാനും സുഖാനുഭവങ്ങളെ ദുഃഖമായി കാണാനും പ്രാപ്തനാകുന്നു ●

*(തുടരും)*

*ശ്രീരാമകൃഷ്ണസംഘത്തിന്റെ ആഗോളതലസ്ഥാനമായ ബേലൂർമഠത്തിലുള്ള സന്ന്യാസപരിശീലനകേന്ദ്രത്തിലെ ആചാര്യനായിരുന്ന ലേഖകൻ ഗ്രന്ഥകാരനും പ്രഭാഷകനുമാണ്‌–* 9446115321


With Best Compliments From....
Swathy Residency
SUN GROUP
YOUR ENERGY HUB
INDIA
Sun (India) Homes & Developers Pvt Ltd.
Sun Charitable Trust, India.
Sun Ads & Film Productions LLP
U.A.E
Sun Energy L.L.C.
Sun Marine Fuels International L.L.C.
Sun International Shipping L.L.C.
USA
Sun Group International Inc.
New York
QATAR
Sun International Trading & Transports W.L.L.
Al Waab Petrol Station W.L.L.
PANAMA
Sun Offshore International Inc.
www.sungroupinternational.com


PANKAJAKASTHURI
for life. for ayurveda
നഷ്ടപ്പെട്ടുപോകുമോ
എന്നു കരുതിയ കലാജീവിതം
തിരികെ നൽകിയ
ഓർത്തോഹെർബിന് നന്ദി.
ഞാൻ പ്രകാശൻ പഴമ്പാലക്കോട്.
ചെണ്ട, ഇടയ്ക്ക വാദ്യകലാകാരൻ...
കഴിഞ്ഞ വർഷം എനിക്ക് സന്ധിവാതത്തിന്റെ അസ്കിത ഉണ്ടാവുകയും, പഴയതുപോലെ ദീർഘനേരം നിന്നുകൊണ്ട് ഇടയ്ക്ക കൊട്ടാൻ ബുദ്ധിമുട്ട് ആവുകയും ചെയ്തു. ഈ വേദന മാറുവാനായി പല മരുന്നുകളും ചികിത്സകളും നോക്കി എങ്കിലും പൂർണ്ണമായ ഒരാശ്വാസം ലഭിച്ചില്ല. ഒരു ശിഷ്യന്റെ നിർദ്ദേശ പ്രകാരം പങ്കജകസ്തൂരി ഓർത്തോഹെർബ് വാങ്ങി കഴിച്ചു തുടങ്ങിയ എനിക്ക് ഇപ്പോൾ ദീർഘനേരം നിന്നുകൊണ്ട് ഇടയ്ക്കയും ചെണ്ടയും കൊട്ടുവാനും അഭ്യസിപ്പിക്കുവാനും ഒരു പ്രയാസവുമില്ല. പഴയതുപോലെ കലാരംഗത്തു സജീവമാകാൻ എന്നെ സഹായിച്ചത് ഓർത്തോഹെർബാണ്. വളരെ സന്തോഷമുണ്ട്.
• രാസവസ്തുക്കളും സ്റ്റിറോയ്ഡ്സും ചേരാത്തതിനാൽ പാർശ്വഫലങ്ങൾ ഉണ്ടാകുന്നില്ല • വേദന സംഹാരികളെപ്പോലെ വയറിന് പ്രശ്നം ഉണ്ടാക്കുന്നില്ല • മറ്റ് രോഗങ്ങൾക്ക് ഔഷധം കഴിക്കുന്നവർ 30 മിനിട്ട് ഇടവേള നൽകി ഓർത്തോഹെർബ് കഴിക്കേണ്ടതാണ് • നടുവേദന, മുട്ടുവേദന, കഴുത്ത്വേദന തുടങ്ങി എല്ലാത്തരം സന്ധിവേദനകൾക്കും ഫലപ്രദം.
കഴിക്കേണ്ട വിധം: തുടക്കത്തിൽ 2 ഗുളിക വീതം 3 നേരം ആഹാരത്തിന് ശേഷം. വേദന കുറയുന്നത് അനുസരിച്ച് 2 ഗുളിക വീതം 2 നേരം. ഓർത്തോഹെർബ് ഒരു കഷായഗുളിക ആയതിനാൽ തുടർച്ചയായ ഉപയോഗം കൊണ്ട് യാതൊരു പാർശ്വഫലങ്ങളും ഉണ്ടാകുന്നില്ല.
HAMMER
BACK PAIN
SHOULDER PAIN
WRIST PAIN
ANKLE PAIN
HERBAL
NO Chemicals Preservatives
Orthoherb
JOINT PAIN RELIEF
PANKAJAKASTHURI
Orthoherb
TABLETS
Pankajakasthuri Herbals India (P) Ltd.,
Poovachal, Trivandrum - 695 575, Kerala.
Ph: 0472 289 5301/6301.
Email: info@pkhil.com, www.pankajakasthuri.in
ആയുർവേദ/അലോപ്പതി മെഡിക്കൽ സ്റ്റോറുകളിൽ ലഭ്യം.
സംശയങ്ങൾക്ക് വിളിക്കുക: 081119 20777
സ്ഥിരമായി ഉപയോഗിക്കൂ... പറയൂ, സന്ധിവേദനയോട് Good Bye!



# അറിയിപ്പ്



***കോവിഡ് 19** രോഗബാധയെത്തുടർന്ന് സർക്കാർ നിയന്ത്രണങ്ങൾ തുടരുന്നതിനാൽ ആശ്രമങ്ങളിൽ നടന്നുവരുന്ന പ്രതിമാസ പരിപാടികളും അന്തര്യോഗങ്ങളും ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ നിർത്തിവെച്ചിരിക്കുന്നു. എന്നാൽ സോഷ്യൽമീഡിയ വഴിയും ഓൺലൈൻ വഴിയുമുള്ള പരിപാടികൾ തുടരുന്നതാണ്.*

# പ്രബുദ്ധകേരളം

## വായനക്കാരുടെ കത്തുകൾ




ഒക്ടോബറിലെ വാർഷികപ്പതിപ്പ് ഇറങ്ങിയതിൽവെച്ച് ഏറ്റവും ആകർഷകവും മനോഹരവുമായിട്ടാണു തോന്നിയത്. ഒരു റഫറൻസ് ഗ്രന്ഥംപോലെ സൂക്ഷിക്കാവുന്ന ഈ ലക്കം ഇപ്രകാരം ഒരുക്കിയെടുക്കാൻ കഠിനാധ്വാനം ചെയ്ത പ്രബുദ്ധകേരളത്തിന്റെ പിന്നണി പ്രവർത്തകരെ എല്ലാവിധത്തിലുമുള്ള അഭിനന്ദനങ്ങളും അറിയിക്കുന്നു. കനപ്പെട്ട, ഗവേഷക സ്വഭാവമുള്ള അതിലെ ചില ലേഖനങ്ങൾ കോളേജ് വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കുമൊക്കെ കൈയ്യിലെപ്പോഴും കരുതാവുന്ന ഒന്നാണ് എന്ന് ഒരു അദ്ധ്യാപകനെന്ന നിലയിലുള്ള അനുഭവസമ്പത്തുകൊണ്ടു പറഞ്ഞുകൊള്ളട്ടെ.

**പ്രൊഫ. ജി. ഉണ്ണികൃഷ്ണൻ, കോട്ടയം**

ഇത്തവണത്തെ പ്രബുദ്ധകേരളം വാർഷികപ്പതിപ്പ് കണ്ടിട്ടു മനസ്സു നിറഞ്ഞുപോയി. കേരളത്തിലുടനീളമുള്ള പ്രഗത്ഭരായ എഴുത്തുകാരെ ഉൾപ്പെടുത്തി ഭാരതീയതയെ പഠിക്കാൻ പറ്റിയതായ ഇത്തരത്തിലുള്ള ഒരു 'ജ്ഞാനസാധന' ഒരുക്കിയതിനു വളരെ നന്ദിയുണ്ട്. ഇത്തവണ പതിവില്ലാത്ത രീതിയിൽ പേജുകൾ കൂടിയിരിക്കുന്നു. 108 വർഷം തികഞ്ഞ പ്രബുദ്ധകേരളത്തിന്റെ ആഢ്യതയും ഗരിമയും ഒക്കെ ആ ലക്കത്തിൽനിന്നും വായിച്ചെടുക്കാം. ഇവയെ ചേർത്തുവെച്ചു പുസ്തകംപോലെ പ്രസിദ്ധീകരിച്ചാൽ അതു ഭാരതീയതയെ സംബന്ധിച്ച് മലയാളികൾക്കു കൊടുക്കാൻ പര്യാപ്തമായ ഏറ്റവും വലിയ ഒരു സംഭാവനയായിത്തീരും എന്ന കാര്യത്തിൽ തർക്കംവേണ്ട.

**സൗമിനി ഗിരീഷ്, കുമരകം**

**പദപ്രശ്നം – ആഗസ്റ്റ് മാസത്തെ വിജയി**

വിജയൻ. കെ, ചാരുവിള വീട്, വിളക്കാട്, മടവൂർ, തിരുവനന്തപുരം – 695602

## പ്രബുദ്ധകേരളം പ്രചാരണം

*പ്രബുദ്ധകേരളം മാസികയുടെ പ്രചാരണാർത്ഥം ഓരോ വായനക്കാരും തങ്ങളുടെ ബന്ധുക്കളേയും സുഹൃത്തുക്കളേയും അയൽക്കാരേയും മാസികയുടെ വരിക്കാരാക്കണമെന്ന് താല്പര്യപ്പെടുന്നു. ആർക്കെങ്കിലും സമ്മാനങ്ങൾ നല്കുകയാണെങ്കിൽ അത് പത്തുവർഷത്തെ പ്രബുദ്ധകേരളം മാസികയാവട്ടെ. ഇങ്ങനെ ചെയ്യുമ്പോൾ ശ്രീരാമകൃഷ്ണ-വിവേകാനന്ദ-വേദാന്തസന്ദേശങ്ങൾ ഓരോ വീട്ടിലും എത്തിക്കാനുള്ള മഹത്കാര്യത്തിൽ നിങ്ങൾക്കും ഭാഗഭാക്കാവാൻ കഴിയും. (വരിക്കാരാകൻ ബന്ധപ്പെടേണ്ട രീതിയും വിലാസവും ഉള്ളടക്കംപേജിൽ കൊടുത്തിരിക്കുന്നു)*

"സേവനത്തിൽ
വിനയവും
വിശ്വസ്തതയും"



മേയർ
ലെതർ വർക്സ്
റൗണ്ട് സൗത്ത്, തൃശൂർ - 1

K.P. NAMBOODIRI'S
AYURVEDICS
കെ.പി. നമ്പൂതിരീസ്
ദന്തധാവനചൂർണ്ണം
ദന്തപരിചരണം
നിങ്ങളുടെ വിരൽതുമ്പിൽ

VOCAL FOR LOCAL
Ayurveda for Health

Kottakkal
ayurveda

ശുദ്ധി ഹാന്റ് സാനിറ്റൈസർ

കൈകളുടെ ശുചിത്വം ഉറപ്പുവരുത്തൂ...
സാംക്രമിക രോഗങ്ങളെ പ്രതിരോധിക്കൂ...

രോഗപ്രതിരോധശേഷിക്ക്
ച്യവനപ്രാശം




4 ഹോസ്പിറ്റലുകൾ • 26 ശാഖകൾ • 1800ലധികം അംഗീകൃത ഡീലർമാർ

BRANCHES: Adoor- 0473 4220440, Ahmedabad- 079 27489450, Aluva - 0484 2623549, Bangalore - 080 26572956, Chennai - 044 28251246, 47, Coimbatore - 0422 2491594, Ernakulam - 0484 2375674, Indore - 0731 2513335, Kannur - 0497 2761164, Kolkata - 033 24630661, Kottakkal - 0483 2743380, Kottayam - 0481 2304817/2562396, Kozhikode - 0495 2302666, Madurai - 0452 2623123, Mangalore - 0824 2443140, Mumbai - 022 24016879, 24015195, Mysore - 0821 2331062, New Delhi - 011 24621790, Palakkad (Vadakanthara) - 0491 2502404, Palakkad (Town) - 0491 2527084, Secunderabad - 040 27722226, Thiruvananthapuram - 0471 2463439, Thiruvananthapuram (Kazhakkoottam) - 0471 2413439, Thrissur - 0487 2380950, Tirur - 0494 2422231, Vijayawada - 0866 2578864/65 AYURVEDIC HOSPITAL & RESEARCH CENTRES: Kottakkal - 0483 2808000, Delhi - 011 22106500, Kochi - 0484 2554000

ആയുർവേദത്തിന്റെ ആധികാരികമാർഗം

വൈദ്യരത്നം പി.എസ്. വാരിയരുടെ
ആര്യവൈദ്യശാല
ESTD 1902 കോട്ടയ്ക്കൽ-676 503, കേരളം



Tel.: 0483 2808000, 2742216 | E-mail: mail@aryavaidyasala.com
www.aryavaidyasala.com

ചിത്രകഥ


# മഹാഭാരതം

**രചന** : സ്വാമി രാഘവേശാനന്ദ
**ചിത്രീകരണം** : പത്മവാസൻ

**വിവർത്തനം** :
കെ. എൻ. കുഞ്ഞുക്കുട്ടൻ നമ്പൂതിരി

## വനപർവ്വം

ഇന്ദ്രൻ പോയതിനുശേഷം പാണ്ഡവന്മാർ അർജ്ജുനനു ചുറ്റും കൂടിയിരുന്ന് ഇതുവരെയുള്ള അനുഭവങ്ങൾ അവരുമായി പങ്കുവെയ്ക്കാൻ പറഞ്ഞു. അർജ്ജുനൻ ഇങ്ങനെ പറഞ്ഞുതുടങ്ങി, "എനിക്ക് ഇന്ദ്രന്റെ ലോകത്തിൽ സന്തോഷകരമായ ദിവസങ്ങളായിരുന്നു. ഒരു ദിവസം എന്റെ പിതാവായ ഇന്ദ്രൻ എന്നോടു പറഞ്ഞു, 'നീ എനിക്ക് ഒരു ആഗ്രഹം സാധിച്ചുതരണം. ഞങ്ങളെ ശല്യപ്പെടുത്തുന്ന കുറെ അസുരന്മാരുണ്ട്. അവർ സമുദ്രത്തിന്റെ അടിത്തട്ടിലാണു വസിക്കുന്നത്. അവർ മൂന്നു കോടിയോളം വരും. നീ അവിടെപ്പോയി അവരുമായി യുദ്ധംചെയ്ത് അവരെയെല്ലാം നശിപ്പിക്കണം.' അതു പറഞ്ഞശേഷം ഇന്ദ്രൻ എന്റെ ശിരസ്സിൽ രത്നഖചിതമായ ഒരു കിരീടം വെച്ചു. ഇന്ദ്രൻ പറഞ്ഞു, 'ഇനിമുതൽ നീ 'കിരീടി' എന്ന പേരിൽ അറിയപ്പെടും.' മഹർഷിമാർ എന്നിൽ അനുഗ്രഹാശിസ്സുകൾ ചൊരിഞ്ഞു. ഇന്ദ്രൻ തന്റെ രഥം, അതിന്റെ സാരഥിയായ മാതലിയോടുകൂടി എനിക്കു വിട്ടുതന്നു. നിവാതകവചരെന്നു പേരായ ആ രാക്ഷസന്മാരുമായി യുദ്ധംചെയ്യാൻ അവരുടെ ആവാസസ്ഥാനത്തേക്കു ഞാൻ പുറപ്പെട്ടു. ഞാൻ അവരുടെ നഗരത്തിലെത്തി. പൗരജനങ്ങൾ വിചാരിച്ചതു രാക്ഷസന്മാരുമായി യുദ്ധം ചെയ്യാൻ ഇന്ദ്രൻ വീണ്ടും വന്നു എന്നാണ്. എന്റെ ശംഖിന്റെ കാഹളശബ്ദംകേട്ടു നിവാതകവചന്മാർ യുദ്ധത്തിനായി പുറത്തേയ്ക്കു വന്നു. മാന്ത്രിക വിദ്യാപ്രയോഗത്താൽ യുദ്ധംചെയ്യാൻ നിപുണരായിരുന്നു അവർ. എനിക്ക് എതിർത്തു നിൽക്കാൻ കഴിയുന്നതിനുമപ്പുറമായിരുന്നു അവരുടെ മായാജാലം. അവസാനം 'മോഹിനി' എന്ന ഒരു അസ്ത്രപ്രയോഗത്താൽ ഞാൻ അവരെ കീഴടക്കി. അപ്പോൾ അവർ തങ്ങളുടെ മായാജാലം ഉപേക്ഷിച്ചു തുറന്ന യുദ്ധത്തിനായി വന്നു. ഞാൻ ദിവ്യാസ്ത്രങ്ങൾ ഉപയോഗിക്കുകയും അവരെ ഭീകരമായി ആക്രമിക്കുകയും ചെയ്തു. നിവാതകവചന്മാർ, തകർന്നു വീണുകിടക്കുന്ന മലകൾപോലെ കാണപ്പെട്ടു. ഞാൻ അത്രയും നന്നായി യുദ്ധം ചെയ്തതുകണ്ടു മാതലി അത്ഭുതപ്പെട്ടുപോവുകയും എന്നെ വാനോളം പുകഴ്ത്തുകയും ചെയ്തു. ഇങ്ങനെ ഒരു യുദ്ധം ഇതിനുമുമ്പു കണ്ടിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു.



നിവാതകവചന്മാരെ കൊന്നശേഷം ഞാൻ അവരുടെ നഗരത്തിൽ പ്രവേശിച്ചു. ആ നഗരം വളരെ മനോഹരമായിരുന്നു. ആ നഗരത്തിന്റെ ഐശ്വര്യവും വൈഭവവും പ്രൗഢിയും ആർക്കും വർണ്ണിക്കാൻ കഴിയില്ല. സൗന്ദര്യത്തിൽ അത് അമരാവതിയെ വെല്ലുന്നു. ഇന്ദ്രന്റെ കൈവശമുള്ള അത്ഭുതകരമായ ആ നഗരം കണ്ടശേഷം, ഞങ്ങൾ ഇന്ദ്രന്റെ വാസസ്ഥലം സ്ഥിതിചെയ്യുന്ന അമരാവതിയിലേയ്ക്കു മടങ്ങി. മടങ്ങി വരുന്ന വഴി ഞങ്ങൾ ഒരു ഒഴുകിനടക്കുന്ന നഗരം കണ്ടു. പുലോമാ എന്ന ഒരു സ്ത്രീയുടെ കൈവശമുള്ള ഹിരണ്യപുരി എന്ന ഒരു നഗരമായിരുന്നു അത്. ആ സത്രീയ്ക്കു കാലകേയന്മാർ എന്ന പേരുള്ള കുറെ പുത്രന്മാരുണ്ടായിരുന്നു. അവൾക്കു ബ്രഹ്മാവിൽനിന്നും ഒരു വരം ലഭിച്ചിട്ടുണ്ടായിരുന്നു. അവളെയോ അസുരന്മാരേയോ(കാലകേയന്മാരേയോ) ദേവന്മാർക്കു കൊല്ലാൻ കഴിയില്ല. അവരോടു യുദ്ധം ചെയ്ത് അവരെ തോൽപിക്കാൻ മാതലി എന്നോടാവശ്യപ്പെട്ടു. ഞാൻ അവരോട് ഒരു വെല്ലുവിളി നടത്തി. എന്നാൽ അവരുമായി യുദ്ധം ചെയ്യുന്നതു വളരെ പ്രയാസമാണെന്നു കണ്ടു. അവസാനം കാലകേയന്മാരെ മുഴുവൻ നശിപ്പിക്കാൻ, ശിവൻ എനിക്കു നൽകിയ പാശുപതാസ്ത്രം ഉപയോഗിക്കേണ്ടി വന്നു.

അമരാവതിയിൽനിന്നും മടങ്ങിയശേഷം ഞാൻ ഇന്ദ്രനോടൊപ്പം സന്തോഷകരമായി നാളുകൾ കഴിച്ചു. എന്നാൽ നിങ്ങളെ കാണാൻ ഞാൻ കൊതിക്കുകയായിരുന്നു. ഇന്ദ്രൻ എന്നെ ഈ രഥത്തിൽ തിരിച്ചയച്ചു. ഇപ്പോൾ ഞാൻ സന്തോഷവാനാണ്. സ്വർഗ്ഗസുഖങ്ങളെല്ലാം ചേർത്തു വെച്ചാൽപ്പോലും നിങ്ങളുടെ സഹവാസത്തിൽ ഞാൻ അനുഭവിക്കുന്ന സുഖത്തിനു തുല്യമാവില്ല.” യുധിഷ്ഠിരൻ പറഞ്ഞു, “ഞങ്ങൾ ഭാഗ്യവാന്മാരാണ്. ഇന്ദ്രൻ നിനക്കു നൽകിയ ആ ആയുധങ്ങളെല്ലാം ഞങ്ങൾക്കു കാണിച്ചു തരിക.”

അർജ്ജുനൻ അവർക്ക് ആ ദിവ്യായുധങ്ങൾ കാണിച്ചുകൊടുത്തു. അവയെക്കുറിച്ചു വിവരണം നൽകാൻ തുടങ്ങിയപ്പോൾത്തന്നെ ഭൂമി ഭയംമൂലം കുലുങ്ങുകയും നദികൾ അസ്വസ്ഥമാവുകയും പാറക്കെട്ടുകൾ പൊട്ടി വിള്ളലുകളുണ്ടാവുകയും വായു നിശ്ചലമാവുകയും ചെയ്തു. സൂര്യൻ ഇരുണ്ട ഗോളമായി, അഗ്നി ജ്വലിക്കാതായി. സകല ജീവജാലങ്ങളും സഹായത്തിനായി അഭ്യർത്ഥിക്കുവാനും തുടങ്ങി. അപ്പോൾ ശ്രീനാരദമഹർഷി അവിടെ പ്രത്യക്ഷപ്പെട്ടിട്ട് ഇപ്രകാരം പറഞ്ഞു, “ഈ ദിവ്യായുധങ്ങൾ പ്രദർശിപ്പിക്കാനുള്ളതല്ല. അവ യുദ്ധത്തിലോ അല്ലെങ്കിൽ മറ്റേതെങ്കിലും അടിയന്തിര സാഹചര്യങ്ങളിലോ മാത്രമേ ഉപയോഗിക്കാവൂ. യാദൃച്ഛികമായി അവ ഉപയോഗിച്ചാൽ മൂന്നു ലോകങ്ങളുടെയും നാശമായിരിക്കും ക്ഷണിച്ചു വരുത്തുന്നത്,” ഇത്രയും പറഞ്ഞശേഷം നാരദൻ അവിടെനിന്നു പോയി.

**ഒരു മലമ്പാമ്പ് ഭീമനെ ആക്രമിക്കുന്നു.**

അങ്ങനെ പത്തു സംവൽസരക്കാലമുള്ള വനവാസം അവസാനിച്ചു. ലോമേശന്റെയും അരിഷ്ടസേനന്റെയും ഉപദേശപ്രകാരം പാണ്ഡവന്മാർ സമതലപ്രദേശത്തേയ്ക്കു യാത്ര പുറപ്പെട്ടു. ഒരു ദിവസം ഭീമൻ വനത്തിൽ വെറുതെ അലഞ്ഞു നടക്കുകയായിരുന്നു. പെട്ടെന്നു മലയിലുള്ള ഒരു ഗുഹയിൽ ഒരു വലിയ മലമ്പാമ്പിനെ കണ്ടു. അപകടമാണെന്നു മനസ്സിലാക്കുന്നതിനു മുമ്പുതന്നെ പാമ്പു ഭീമനെ കെട്ടിവരിഞ്ഞിരുന്നു. പാമ്പു തന്നെ കെട്ടിവരിഞ്ഞ സമയത്തുതന്നെ ഭീമനു സ്വന്തം ശക്തി ചോർന്നുപോകുന്നതുപോലെ തോന്നി. ആ മലമ്പാമ്പിന്റെ ശക്തിയെക്കുറിച്ചോർത്തു ഭീമൻ അതിശയിച്ചുപോയി. ഭീമൻ ചോദിച്ചു, “നീ ആരാണ്? നിനക്കെന്താണു വേണ്ടത്? ഞാൻ ഭീമനാണ്. ആയിരം ആനകളുടെ കരുത്തുണ്ടെനിക്ക്. എന്നെ നിന്റെ ബലത്തിനടിമയാക്കിയത് എങ്ങനെയാണ്?” കരുത്തിന്റെ നേട്ടങ്ങളുടെ ഉടമയായ ഭീമൻ ഇത്രയും പറഞ്ഞപ്പോൾ പാമ്പു കൂടുതൽ ശക്തിയോടെ കെട്ടിവരിയാൻ തുടങ്ങി.

ഭീമനെ പിടിയിൽ അമർത്തിക്കൊണ്ടു പാമ്പു പറഞ്ഞു, “ഞാൻ ഏറെക്കാലമായി വിശന്നിരിക്കുകയായിരുന്നു. ഇന്നു താങ്കൾ ഇവിടെ വന്നത് എന്റെ ഭാഗ്യമാണ്. എന്നെ സ്വയം പരിചയപ്പെടുത്തുന്നതിനായി എന്റെ നീണ്ട കഥ പറയാം. താങ്കളുടെ പൂർവ്വീകരിൽപ്പെട്ട നഹുഷൻ എന്ന മഹാരാജാവായിരുന്നു ഞാൻ. ഞാൻ അധികാരംകൊണ്ടു മത്തുപിടിച്ചവനായി കഴിയുകയായിരുന്നു. ഒരു ദിവസം ഞാനെന്റെ അഹങ്കാരം മൂലം അഗസ്ത്യമുനിയെ അപമാനിക്കാൻ ഇടയായി. മുനി എന്നെ ‘ഒരു പെരുംപാമ്പായി പോകട്ടെ’ എന്നു ശപിച്ചു. എന്നെ അത്യുന്നതമായ സ്വർഗ്ഗത്തിൽനിന്നും താഴേക്കു വലിച്ചെറിഞ്ഞതു പോലെയായിരുന്നു ആ ശാപം. ഞാൻ താഴേയ്ക്കു പതിച്ചുകൊണ്ടിരിക്കുമ്പോൾ ശാപമോക്ഷത്തിനായി മുനിയോടപേക്ഷിച്ചു. കരുണാപുരസ്സരം അദ്ദേഹം പറഞ്ഞു, ‘നീ ഭൂമിയിൽ ഏറെക്കാലം കഴിയേണ്ടി വരും. നിന്റെ എല്ലാ ആത്മീയ സംശയങ്ങളും ദൂരീകരിക്കുവാൻ ഒരു ദിവസം ഒരാൾ വരും. അന്നു നിനക്കു മോചനമുണ്ടാകും.’”

ഭീമൻ പറഞ്ഞു, “എനിക്കു താങ്കളോട് ഒരു ദേഷ്യവുമില്ല. എന്നാൽ വിധിയെ തടുക്കാൻ ആർക്കും സാദ്ധ്യമല്ല. ഇന്ന് എനിക്ക് എന്റെ ശക്തികളെല്ലാം ചോർന്നുപോയി. ഞാൻ ഈ നിലയിലായി. എന്റെ മരണ

ത്തെപ്പറ്റി കേട്ട് എന്റെ സഹോദരന്മാർ വല്ലാതെ ദുഃഖിക്കും. അവരുടെ രാജ്യം വീണ്ടെടുക്കാൻ അവർക്കു ഞാൻ വേണം. എനിയ്ക്കു മരണഭയമില്ല, പക്ഷേ അവരെയെല്ലാം വിട്ടു മരിക്കുവാൻ എനിയ്ക്കു സങ്കടമുണ്ട്. ദ്രൗപദിയോടു ഞാൻ ചെയ്ത പ്രതിജ്ഞ പാലിക്കാതെ ഞാൻ മരിക്കാൻ പാടില്ല. ഞാൻ നിസ്സഹായനാണ്. മരണത്തെ വെല്ലുവാൻ ഞാനാളല്ല." നഹുഷന്റെ പിടിയിലായതുകൊണ്ടു ഭീമന് അനങ്ങാൻപോലും കഴിഞ്ഞില്ല.

യുധിഷ്ഠിരൻ കുറെ ദുർനിമിത്തങ്ങൾ കണ്ടു. ഭീമൻ നായാട്ടിനു പോയതാണെന്നറിഞ്ഞ് അദ്ദേഹം അസ്വസ്ഥനായി. ഭീമന്റെ കാൽപാടുകൾ പിൻതുടർന്നു യുധിഷ്ഠിരൻ ഭീമനെ അന്വേഷിച്ചുനടന്നു. ഒരു പാമ്പു ഭീമനെ ചുറ്റിയിരിക്കുന്നതു കണ്ടു യുധിഷ്ഠിരൻ ഭയാക്രാന്തനായി. അദ്ദേഹം ചോദിച്ചു, "സഹോദരാ, നീ എങ്ങനെയാണ് ഈ പാമ്പിന്റെ പിടിയിലമർന്നത്? ഇത്രയും വലിയ ശരീരമുള്ള ഈ പാമ്പ് ആരാണ്?" ഭീമൻ എല്ലാ കാര്യങ്ങളും പറഞ്ഞു. അപ്പോൾ യുധിഷ്ഠിരൻ പാമ്പിനോടു പറഞ്ഞു, "അല്ലയോ സർപ്പമേ, എന്റെ സഹോദരനെ മോചിപ്പിക്കുക. ഞങ്ങൾ അങ്ങേയ്ക്കു വിശപ്പടക്കാൻ കുറച്ചു ഭക്ഷണം തരാം." പാമ്പു പറഞ്ഞു, "താങ്കളുടെ സഹോദരനാണ് എന്റെ ഭക്ഷണം. ഈ സ്ഥലത്തുനിന്നും വേഗം പോവുക. താങ്കൾ സ്ഥലം വിട്ടില്ലെങ്കിൽ, ഞാൻ താങ്കളേയും നാളെ ഭക്ഷിക്കും. എന്നാൽ താങ്കൾ എന്റെ ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയാണെങ്കിൽ, ഞാൻ സഹോദരനെ വിടാം."

യുധിഷ്ഠിരൻ പറഞ്ഞു, "അങ്ങയുടെ ചോദ്യങ്ങൾ തുടങ്ങുക. ഞാൻ ഉത്തരം പറയാൻ ശ്രമിക്കാം."



നഹുഷൻ വളരെ രസകരമായ കുറെ ചോദ്യങ്ങൾ ചോദിച്ചു. ആദ്യത്തെ ചോദ്യം ഇതായിരുന്നു, "ബ്രാഹ്മണൻ എന്ന വാക്കിന്റെ നിർവ്വചനം എന്താണ്?" യുധിഷ്ഠിരൻ പറഞ്ഞു, "യാതൊരുവനിലാണോ സത്യനിഷ്ഠ, ദയാശീലം, ക്ഷമ, സൽസ്വഭാവം, പരോപകാര തൽപരത, ജിതേന്ദ്രിയത്വം, കരുണ എന്നിവ ഉള്ളത് അയാളാണു ബ്രാഹ്മണൻ."

"എന്താണ് ഈ ലോകത്തിൽ എല്ലാവരും അറിയാനാഗ്രഹിക്കുന്നത്?"

'സുഖദുഃഖങ്ങൾക്ക് അതീതമായ ബ്രഹ്മത്തെ മാത്രമാണ് അറിയേണ്ടത്. ബ്രഹ്മത്തെ അറിയുന്നതോടുകൂടി ദുരിതങ്ങൾ തീരുന്നു.'

നഹുഷൻ, സമൂഹത്തിന്റെ ജീവിതക്രമം, വർണ്ണാശ്രമധർമ്മം, യഥാർത്ഥത്തിലുള്ള പെരുമാറ്റ രീതി, പെരുമാറ്റച്ചട്ടം മുതലായവയെക്കുറിച്ചും സമാനമായ ചോദ്യങ്ങൾ ചോദിച്ചു. യുധിഷ്ഠിരൻ അവയ്ക്കെല്ലാം തൃപ്തികരമായ മറുപടി നൽകി. യുധിഷ്ഠിരന്റെ ഉത്തരങ്ങളിൽ അതീവ സന്തുഷ്ടനായ നഹുഷൻ പറഞ്ഞു, "എന്റെ ആത്മീയമായ സംശയങ്ങൾ ദൂരീകരിച്ചതുമൂലം എനിയ്ക്കു ശാപമോക്ഷം കിട്ടിയിരിക്കുന്നു. പഴയകാലത്തു ഞാൻ ഗർവ്വോടെ പല്ലക്കിൽ സഞ്ചരിക്കാറുണ്ടായിരുന്നു. ഋഷിമാരാണ് എന്റെ പല്ലക്കു ചുമക്കുന്നത്. ഒരു ദിവസം അഗസ്ത്യർ എന്റെ പല്ലക്കു ചുമക്കുന്ന സമയത്ത് എന്റെ പാദങ്ങൾ അദ്ദേഹത്തിന്റെ ശരീരത്തിൽ സ്പർശിച്ചു. അദ്ദേഹം അതുമൂലം ദേഷ്യത്തോടെ ഇങ്ങനെ പറഞ്ഞുകൊണ്ടു ശപിച്ചു, 'ഒരു സർപ്പമായി ഭൂമിയിൽ ജീവിക്കാനിടവരട്ടെ.' ഉടനെതന്നെ ഞാൻ പല്ലക്കിൽനിന്നും താഴെ വീണു. വീഴ്ചക്കിടക്കു ഞാൻ ഒരു വലിയ പാമ്പായി മാറുകയും ചെയ്തു. ഞാൻ മുനിയോടു ശാപമോക്ഷത്തിനപേക്ഷിച്ചു. യുധിഷ്ഠിരൻ എന്നെ കാലാന്തരത്തിൽ ഈ ശാപത്തിൽനിന്നും മോചിപ്പിക്കുമെന്ന് അദ്ദേഹം കരുണാപൂർവ്വം പറഞ്ഞു."

**കൃഷ്ണൻ വീണ്ടും സന്ദർശിക്കുന്നു.**

പ്രശ്രവാരണത്തിന്റെ താഴ്‌വരയിലുള്ള വൃഷപർവ്വാവിന്റെ ആശ്രമത്തിൽ ഒരു മാസം ചിലവഴിച്ചശേഷം പാണ്ഡവർ ദ്വൈതവനത്തിലേയ്ക്കു മടങ്ങി. അവിടെനിന്നും അവർ കാമ്യകവനത്തിലേക്കു പോയി. ഋഷിമാരോടുകൂടി അവർ അവിടെ താമസിക്കുമ്പോൾ, ശ്രീകൃഷ്ണൻ സത്യഭാമയോടുകൂടി അവരെ കാണാനായി വന്നു. ശ്രീകൃഷ്ണനെ കണ്ടപ്പോൾ പാണ്ഡവന്മാരുടെ സന്തോഷത്തിനതിരില്ലായിരുന്നു. സുഭദ്രയും അഭിമന്യുവും സുഖമായിരിക്കുന്നുവെന്നു ശ്രീകൃഷ്ണൻ ദ്രൗപദിയോടു പറഞ്ഞു. അഭിമന്യു അസ്ത്രവിദ്യയിൽ പ്രാവീണ്യംനേടിയതുകൊണ്ട് അർജ്ജുനനേക്കാൾ ശക്തനായിട്ടാണു കാണപ്പെടുന്നത് എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പിന്നീടദ്ദേഹം യുധിഷ്ഠിരന്റെ നേരെ തിരിഞ്ഞിട്ടു പറഞ്ഞു, "അല്ലയോ രാജാവേ, ദാശാർഹനും കുകുരരും അന്ധകന്മാരും ധൃതരാഷ്ട്രപുത്രരെ വധിക്കാനായി അങ്ങയുടെ കൽപനകാത്ത് ഇരിക്കുകയാണ്. ഇനിയുള്ള രണ്ടു വർഷം അങ്ങേക്ക് ഇഷ്ടമുള്ളിടത്തു കഴിയാം. അവസാനം ദുര്യോധനനേയും മറ്റുള്ളവരേയും പേടിക്കാതെ ഹസ്തിനാപുരം സന്ദർശിക്കുകയും ചെയ്യാം."

(തുടരും)



Printed & Published by Swami Sadbhavananda on behalf of Sri Ramakrishna Math, Puranattukara, Thrissur - 680 551 and Printed at Prabudhakeralam Press, Puranattukara, Thrissur - 680 551 and Published at Sri Ramakrishna Math, Puranattukara, Thrissur - 680 551, Kerala, Managing Editor : Swami Sadbhavananda, Editor : Swami Nandatmajananda



## ശ്രീ. എൻ. വി. നമ്പ്യാതിരിക്കു ഹൃദയാഞ്ജലി

പ്രശസ്ത സംസ്കൃതപണ്ഡിതൻ, ഭാഗവതസപ്താഹ യജ്ഞാചാര്യൻ, ദേവീഭാഗവത നവാഹ യജ്ഞാചാര്യൻ എന്നീ നിലകളിൽ പ്രശസ്തനായിരുന്നു ശ്രീ. എൻ.വി. നമ്പ്യാതിരി. ഭഗവാൻ ശ്രീരാമകൃഷ്ണന്റെ മാനസപുത്രനും ശ്രീരാമകൃഷ്ണപ്രസ്ഥാനത്തിന്റെ പ്രഥമാദ്ധ്യക്ഷനുമായ ശ്രീമദ് ബ്രഹ്മാനന്ദസ്വാമികളുടെ ശിഷ്യനായ ശ്രീമദ് യതീശ്വരാനന്ദസ്വാമികളുടെ ശിഷ്യനായിരുന്നു അദ്ദേഹം. ശ്രീരാമകൃഷ്ണമഠം പ്രസിദ്ധീകരിച്ച ദേവീഭാഗവതത്തിന്റെ വ്യാഖ്യാതാവുകൂടിയായ ശ്രീ. നമ്പ്യാതിരിയ്ക്കു പ്രബുദ്ധകേരളം മാസികയുടെ സ്മരണാഞ്ജലി.

**കാലടി ശ്രീരാമകൃഷ്ണ അദ്വൈതാശ്രമത്തിൽ നടന്ന നവരാത്രി ആഘോഷങ്ങൾ(2021, ഒക്ടോബർ 13–15)**









## പ്രൊഫ. എസ്. രാധാകൃഷ്ണന് അഭിനന്ദനങ്ങൾ.

**മൃഡാനന്ദ പുരസ്ക്കാരത്തിന്(ഒക്ടോബർ 8, 2021) അർഹനായ ശ്രീരാമകൃഷ്ണഭക്തൻ പ്രൊഫ. എസ്. രാധാകൃഷ്ണനു പ്രബുദ്ധകേരളം മാസികയുടെ അഭിനന്ദനങ്ങൾ. വിവേകാനന്ദ സാഹിത്യത്തിൽ നിഷ്ണാതനായ അദ്ദേഹം പ്രബുദ്ധകേരളം മാസികയിലെ സ്ഥിരസാന്നിദ്ധ്യവും കൂടിയാണ്.**



**തിരുവനന്തപുരം ശ്രീരാമകൃഷ്ണമഠം പ്രസിദ്ധീകരിച്ച ശ്രീമദ് തപസ്യാനന്ദസ്വാമികളുടെ ഇംഗ്ലീഷ് പുസ്തകം 'The pilgrimage of faith'ന്റെ പ്രകാശനം കേരളാ ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ നിർവ്വഹിക്കുന്നു(2021, ആഗസ്റ്റ് 16).**







Registered.No.KL / TCR / 228 / 2021-2023 PRABUDDHAKERALAM NOVEMBER 2021 R.N.3129/57 ISSN 2582-8991
License No.KL / CR /TCR/ WPP -12/2021-23 MONTHLY Licensed to Post Without Pre-payment
DATE OF PUBLICATION 27-10-2021 POSTED AT THRISSUR RMS Price per copy: ₹ 15/-




Cochin Shipyard Limited, a Miniratna PSU, the largest Public Sector Shipyard in India has multitude of offerings for a broad range of vessels across life cycles.

- Diversified offerings to Defence Sector in India and Commercial Sector across the globe in Ship building & Ship repair
- Building India's first Indigenous Aircraft Carrier for the Indian Navy
- Constructing Autonomous Fully Electric Transport Ferry for Norway (expected to be the first in the world)
- Building hybrid electric vessels for Kochi Water Metro Project (first of its kind in the world)
- Builders of the largest Double Hull Oil Tankers ever built in India
- Only yard in India to undertake dry-dock refit of aircraft carriers
- New Ship Repair Units set up pan India – CMSRU @ Mumbai, CKSRU @ Kolkata, CANSRU @ Port Blair, A&N
- Transforming and Globalising ship repair industry through setting up of International Ship Repair Facility (ISRF) with shiplift and transfer system
- Setting up large New Dry Dock to build specialised and technologically advanced large vessels such as LNG Vessels, Aircraft Carriers and repair of Jack-Up rigs, Semi-Submersibles etc
- Setting up new shipyard(HCSL) on the National Waterway No. 1 at Kolkata, dedicated to the construction of all types of high end Inland water vessels
- Setting up a new facility (TEBMA Shipyard Ltd.) on the West Coast near Malpe, Karnataka, dedicated to small and medium high end vessels and productised fishing vessel construction line
- Offers Marine Engineering Training – rated 'Excellent' by CARE

COCHIN SHIPYARD LIMITED
www.cochinshipyard.com